# പഞ്ചായത്ത്‌രാജ്

പുസ്തകം 56 ◆ ലക്കം 6 | പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം | സെപ്റ്റംബർ 2016



## പി. എസ്. എൽ. വി

## ബഹിരാകാശത്തെ ഭാരതരത്നം

## 'നമ്മുടെ പഞ്ചായത്ത് ശുചിത്വത്തിന്റെ പാതയിൽ

## പഞ്ചായത്തിന്റെ ശുചിത്വം നമ്മുടെ കൈകളിൽ'



- പകർച്ചവ്യാധികളെ അകറ്റി നിർത്തുക
- പരിസര ശുചിത്വ പ്രവർത്തനങ്ങൾക്ക് മുൻകൈ എടുക്കുക

**നമ്മുടെ ലക്ഷ്യം**
**മാലിന്യമുക്ത കേരളം**



പബ്ലിസിറ്റി വിഭാഗം, പഞ്ചായത്ത് വകുപ്പ്

# പഞ്ചായത്ത് രാജ്

സെപ്റ്റംബർ 2016

# ഉള്ളടക്കം


5 എഡിറ്ററുടെ പേജ്

6 ശുചിത്വപൂർണ്ണമായ നവ കേരള സൃഷ്ടിക്ക് മികച്ച തുടക്കം: നൂറ് ദിന നേട്ടങ്ങൾ





9 കതിരൂർ ഗ്രാമ പഞ്ചായത്ത് സുസ്ഥിര ശുചിത്വത്തിലും സേവനത്തിലും മാതൃക





11 കരനെൽകൃഷിയുടെ സാധ്യതകളും അനുയോജ്യമായ വിത്തിനങ്ങളും
അഭിലാഷ് കരിമുളയ്ക്കൽ





14 കരനെൽ കൃഷിയുമായി പള്ളിക്കൽ ഗ്രാമപഞ്ചായത്ത്

15 പരിസ്ഥിതി പരിവർത്തന കൃഷി ജൈവ കൃഷിയിലെ സുന്ദരമായ സാങ്കേതിക വിദ്യ
ഹരിപ്രിയ ദേവി

16 കടത്തനാട്ടിലെ മതമൈത്രിയുടെ സുവർണ്ണമുദ്രകൾ
ടി.വി. അബ്ദുറഹിമാൻകുട്ടി

18 സിവിൽ രജിസ്ട്രേഷൻ ഉദ്യോഗസ്ഥരുടെ ചുമതലകളും ഉത്തരവാദിത്വങ്ങളും
എസ്. സുദേനൻ

20 റിയോ@2016
ജി.കെ






22 ഓണത്തിന് ജാതിയില്ല മതവുമില്ല
വട്ടപ്പറമ്പിൽ പീതാംബരൻ

23 മനംനൊന്തു പോകുന്ന മലരുകൾ
വി.കെ. ശ്രീധരൻ





25 പഴയന്നൂർ ബ്ലോക്ക് പഞ്ചായത്ത് 'നീതി' ബ്ലോക്ക് ജെന്റർ റിസോഴ്സ് സെന്റർ ഉദ്ഘാടനം ചെയ്തു

27 രണ്ടാം ജനകീയാസൂത്രണ ക്യാമ്പയിൻ പതിമൂന്നാം പദ്ധതി ജനകീയ പദ്ധതി

35 പി.എസ്.എൽ.വി ബഹിരാകാശത്തെ ഭാരതരത്നം
ബി.ജയകുമാർ

38 മധുരസ്മരണകളുമായി പൊന്നോണ നാളുകൾ
റോയ് ചാക്കോ, ഇളമണ്ണൂർ

40 മാണിക്കൽ ഗ്രാമപഞ്ചായത്ത് സമ്പൂർണ്ണ ഒ.ഡി.എഫ് പ്രഖ്യാപനം

41 ഇ-ഗവേണൻസ്-അവലോകന യോഗം

# രണ്ടാം ജനകീയാസൂത്രണ ക്യാമ്പയിൻ
# സംസ്ഥാനതല ശില്പശാല



രണ്ടാം ജനകീയാസൂത്രണ ക്യാമ്പയിനിന്റെ സംസ്ഥാനതല ശില്പശാല 26/8/2016ന് തിരുവനന്തപുരം ഐ.എം.ജിയിൽ വെച്ച് നടന്നു.

ക്യാമ്പയിനിൽ ഊന്നൽ നൽകിയ വിഷയങ്ങൾ പ്രകൃതി വിഭവപരിപാലനം, ജൈവകൃഷി, മാലിന്യ സംസ്കരണം, പാർശ്വവൽകൃത വിഭാഗങ്ങളുടെ വികസനം, ഭരണ സേവനങ്ങൾ മെച്ചപ്പെടുത്തൽ, പ്രാദേശിക വിഭവസമാഹരണം എന്നിവയാണ്. ക്യാമ്പയിൻ വിഷയങ്ങളെ സംബന്ധിച്ചുള്ള ആമുഖ അവതരണം ചീഫ് സെക്രട്ടറി എസ്.എം വിജയാനന്ദ് നടത്തി. എട്ട് വിഷയ ഗ്രൂപ്പുകളായി തിരിഞ്ഞ് ചർച്ച നടത്തി. ക്യാമ്പയിൻ രീതി ശാസ്ത്രം, പങ്കാളിത്തം, പരിശീലനം, ജില്ലാ പദ്ധതി, വാർഷിക പഞ്ചവൽസര പദ്ധതി എന്നീ വിഷയങ്ങളും ഗ്രൂപ്പുകളിൽ ചർച്ച ചെയ്യപ്പെട്ടു. വിഷയമേഖലകളിലെ വിദഗ്ധർ, ഉദ്യോഗസ്ഥർ, സന്നദ്ധ പ്രവർത്തകർ, അക്കാദമിക വിദഗ്ധർ തുടങ്ങിയവർ ശില്പശാലയിൽ പങ്കെടുത്തു

തദ്ദേശസ്വയംഭരണവകുപ്പ് സെക്രട്ടറി ടി.കെ ജോസ് ഐ.എ.എസ്, സ്പെഷ്യൽ സെക്രട്ടറി വി.കെ ബേബി ഐ.എ.എസ്,പഞ്ചായത്ത് ഡയറക്ടർ വി.രതീശൻ ഐ.എ.എസ്, പ്ലാനിംഗ് ബോർഡംഗം ഹരിലാൽ ,ലോക്കൽ ഗവൺമെന്റ് കമ്മീഷൻ ചെയർമാൻ സിപി വിനോദ് എന്നിവരും ശില്പശാലയിൽ പങ്കെടുത്തു. കില ഡയറക്ടർ ഡോ.പി.പി ബാലൻ സ്വാഗതമാശംസിച്ചു

---

# പഞ്ചായത്ത് ഡയറക്ടർ
## ചുമതലയേറ്റു



പഞ്ചായത്ത് ഡയറക്ടറായി നിയമിക്കപ്പെട്ട ശ്രീ.വി. രതീശൻ ഐ.എ.എസ് 18/8/16 വ്യാഴാഴ്ച്ച പഞ്ചായത്ത് ഡയറക്ടറേറ്റിൽ എത്തി ചുമതലയേറ്റു. ഡയറക്ടറുടെ ചുമതല വഹിച്ചിരുന്ന അഡീഷണൽ ഡയറക്ടർ ഈപ്പൻ ഫ്രാൻസിസിൽ നിന്നാണ് അദ്ദേഹം ചുമതലയേറ്റത്. തൃശൂർ ജില്ലാ കളക്ടറായി സേവനമനുഷ്ഠിക്കവെയാണ് പഞ്ചായത്ത് ഡയറക്ടറായി നിയമനം ലഭിച്ചത്. വയനാട്, ഇടുക്കി, ആലപ്പുഴ എന്നീ ജില്ലകളിലും കളക്ടറായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. കൂടാതെ റവന്യു വകുപ്പിൽ ജോയിന്റ് കമ്മീഷണർ, എക്സൈസ് വകുപ്പിൽ ജോയിന്റ് കമ്മീഷണർ, സ്റ്റേറ്റ് കോ ഓപ്പറേറ്റിവ് ബാങ്ക് മാനേജിംഗ് ഡയറക്ടർ എന്നീ നിലകളിലും പ്രവർത്തിച്ചിട്ടുണ്ട്.

# പഞ്ചായത്ത് രാജ്

പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം

സെപ്റ്റംബർ 2016 | പുസ്തകം 56 | ലക്കം 6 | വാർഷിക വരിസംഖ്യ: ₹120

www.lsgkerala.gov.in



**ഉപദേശക സമിതി**

ചെയർമാൻ
**കെ.ടി. ജലീൽ**
തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി

അംഗങ്ങൾ
**ടി.കെ. ജോസ്,** ഐ.എ.എസ്.
പ്രിൻസിപ്പൽ സെക്രട്ടറി
തദ്ദേശസ്വയംഭരണവകുപ്പ്

**ഡോ. കെ. അമ്പാടി** ഐ.ഐ.എസ്.
ഡയറക്ടർ
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

**കെ. തുളസിഭായ് പത്മനാഭൻ**
പ്രസിഡന്റ്
കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ

**കെ.ആർ. അജയൻ**
സെക്രട്ടറി, പ്രസ് ക്ലബ്, തിരുവനന്തപുരം

**സതീഷ് കുമാർ ജി.കെ.**
പബ്ലിസിറ്റി ഓഫീസർ
പഞ്ചായത്ത് വകുപ്പ്

കൺവീനർ
**വി. രതീശൻ ഐ.എ.എസ്.**
പഞ്ചായത്ത് ഡയറക്ടർ

എഡിറ്റർ
**വി. രതീശൻ ഐ.എ.എസ്.**
email: directorofpanchayat@gmail.com
Ph: 0471-2323286

അസിസ്റ്റന്റ് എഡിറ്റർ
**സതീഷ് കുമാർ ജി.കെ.**
email: prmdp2015@gmail.com
Ph: 0471-2321280
Mob: 9496047036

കവർ ഡിസൈൻ & ലേ ഔട്ട്
mayasanthoshm@gmail.com

ലേഖകരുടെ അഭിപ്രായം
സർക്കാരിന്റേതായിരിക്കണമെന്നില്ല.
അവയുടെ പൂർണ്ണമായ ഉത്തരവാദിത്വം
ലേഖകർക്ക് മാത്രമായിരിക്കും.
പരസ്യങ്ങളുടെ ഉള്ളടക്കത്തിലും
പഞ്ചായത്ത്‌രാജിന് ഉത്തരവാദിത്വമില്ല.

**മേൽവിലാസം**
എഡിറ്റർ
പഞ്ചായത്ത് രാജ് മാസിക
പഞ്ചായത്ത് ഡയറക്ടറേറ്റ്, മ്യൂസിയം പി.ഒ.
തിരുവനന്തപുരം - 695033.


# എഡിറ്റോറിയൽ

## ഇ – ഗവേണൻസ് – ഗ്രാമപഞ്ചായത്തുകൾ ഓൺലൈൻ സംവിധാനത്തിലേക്ക്

ആധുനിക വിവരസാങ്കേതിക വിദ്യയുടെ നൂതന സാധ്യതകൾ ഉൾപ്പെടുത്തി പ്രാദേശിക ഭരണസംവിധാനങ്ങളെ ആധുനികവൽകരിച്ച് സേവന വികസന പ്രവർത്തനങ്ങൾ കുറ്റമറ്റതാക്കാൻ പര്യാപ്തമായ പ്രവർത്തനങ്ങൾക്ക് പഞ്ചായത്ത് വകുപ്പിൽ തുടക്കമിടുന്നു. അതോടൊപ്പം പഞ്ചായത്ത് വകുപ്പ് മന്ത്രിയുടെ ഓഫീസും പഞ്ചായത്ത് ഡയറക്ടറേറ്റും ജില്ലാ ഓഫീസുകളും തമ്മിൽ ബന്ധിപ്പിക്കുന്ന രീതിയിൽ വീഡിയോ കോൺഫെറൻസ് സംവിധാനം നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനവും ആരംഭിച്ചു. വിവിധ പരിശീലനങ്ങൾക്കുള്ള വെർച്ച്യുൽ ക്ലാസ്റൂം സംവിധാനം ഉടൻ പൂർത്തിയാകും .തദ്ദേശ ഭരണ സംവിധാനത്തിൽ വളരെ വിപുലമായ ഇ-ഗവേണൻസ് പരിപാടിയാണ് ഇൻഫർമേഷൻ കേരള മിഷൻ വഴി പഞ്ചായത്ത് വകുപ്പിൽ നടപ്പിലാക്കികൊണ്ടിരിക്കുന്നത്.

പഞ്ചായത്ത് വകുപ്പിന് പ്രത്യേകമായി ഒരു വെബ്സൈറ്റ് തുടങ്ങുന്നതിനുള്ള പദ്ധതി എന്ന ആശയം സഫലമാകുന്നു. വകുപ്പ് സംബന്ധിച്ചും,ഗ്രാമപഞ്ചായത്തുകൾ സംബന്ധിച്ചുമുള്ള സമ്പൂർണ്ണ വിവരങ്ങൾ ഉൾപ്പെടുത്തിയാണ് വെബ്സൈറ്റ് ആരംഭിക്കുന്നത്. ഗ്രാമപഞ്ചായത്തുകളുടെ ദൈനംദിന പ്രവർത്തനങ്ങൾ, ചട്ടങ്ങളും നിയമങ്ങളും, സർക്കാർ ഉത്തരവുകളും സർക്കുലറുകളും, വകുപ്പ് ഘടന,ജീവനക്കാര്യം, തൊഴിലുറപ്പ് പദ്ധതി, കൈമാറികിട്ടിയ സ്ഥാപനങ്ങൾ, അപേക്ഷാഫോമുകൾ, പൗരാവകാശരേഖകൾ, വിവിധ പദ്ധതികൾ, പരിശീലനം,ഇ-ഗവേണൻസ്, തുടങ്ങി വകുപ്പിന്റെ എല്ലാ വിഷയങ്ങളും വെബ്സൈറ്റിൽ ഉൾപ്പെടുത്തുന്നു. ഇതിന്റെ പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്..

ഗ്രാമപഞ്ചായത്തുകളുടെ സുഗമമായ പ്രവർത്തനങ്ങൾക്കായി ഇൻഫർമേഷൻ കേരള മിഷൻ സേവന പെൻഷൻ, സേവന സിവിൽ രജിസ്ട്രേഷൻ, സൂചിക, സാംഖ്യ, സകർമ്മ, സഞ്ചയ, സങ്കേതം, സമഗ്ര, സുലേഖ എന്നീ സോഫ്റ്റ് വെയറുകൾ തയ്യാറാക്കി വിന്യസിച്ചിട്ടുണ്ട്. എന്നാൽ ഇവയിൽ ചില സോഫ്റ്റ് വെയറുകളുടെ പ്രവർത്തനം പൂർണ്ണമല്ല. ടി സോഫ്റ്റ് വെയറുകൾ കൂടുതൽ ഉപകാരപ്രദമായ രീതിയിൽ അപാകതകൾ പരിഹരിച്ച് കുറ്റമറ്റ രീതിയിൽ പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഓരോ സോഫ്റ്റ് വെയറുകൾക്കും ഡൊമെയിൻ സപ്പോർട്ട് ടീമുകൾ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചു. സപ്പോർട്ട് ടീമുകളും ഐ.കെ.എം പ്രോജക്ട് മാനേജർമാരും ചേർന്ന് ദ്വിദിന ശില്പശാലയും നടത്തി. 2016 നവംബർ 1ന് പ്രധാന സോഫ്റ്റ് വെയറുകൾ എല്ലാം സമന്വയിപ്പിച്ച് ഓൺലൈൻ സംവിധാനത്തിലേക്ക് മാറ്റുകയും ഇ-ഗവേണൻസ് സുതാര്യവും ഉപഭോക്തൃ സൗഹൃദവുമാക്കുകയുമാണ് ലക്ഷ്യം.

ഗ്രാമപഞ്ചായത്തുകളെ പൂർണ്ണമായും ജനസേവനകേന്ദ്രങ്ങളാക്കി മാറ്റുന്നതിന്റെ ഭാഗമായി പഞ്ചായത്ത് ഡയറക്ടറേറ്റും, 14 ജില്ലാ ഓഫീസുകളും ഐ.എസ്.ഒ നിലവാരത്തിലെത്തിക്കുന്നതിന് നടപടികൾ ആരംഭിച്ചു കഴിഞ്ഞു. ഇതിനായി ആറുകോടി രൂപയുടെ പദ്ധതി തയ്യാറാക്കി കേരള ലോക്കൽ ഗവൺമെന്റ് സർവ്വീസ് ഡെലിവറി പ്രോജക്ട് അധികാരികൾക്ക് സമർപ്പിക്കുകയും ആയതിന് അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതി പൂർത്തിയാകുമ്പോൾ പഞ്ചായത്ത് വകുപ്പിന്റെ പ്രവർത്തനം കൂടുതൽ സുതാര്യമാക്കുന്നതിനും അത് വഴി മെച്ചപ്പെട്ട സേവനം സമയബന്ധിതമായി ജനങ്ങൾക്ക് ലഭിക്കുന്നതിനും കഴിയും.

**ശ്രീ.വി. രതീശൻ ഐ.എ.എസ്**
ഡയറക്ടർ

# ശുചിത്വപൂർണ്ണമായ നവ കേരള സൃഷ്ടിക്ക് മികച്ച തുടക്കം

# നൂറ് ദിന നേട്ടങ്ങൾ പഞ്ചായത്ത് വകുപ്പിലും



ആസൂത്രിതമായ പ്രവർത്തനത്തിലൂടെ അഴിമതി വിമുക്ത വികസിത നവകേരളം യാഥാർത്ഥ്യമാക്കുക എന്ന സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യം നടപ്പിലാക്കാൻ കേരളത്തിലെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലൂടെ പ്രത്യേകിച്ചും ഗ്രാമപഞ്ചായത്തുകളിലൂടെയുള്ള പ്രവർത്തനങ്ങൾ ശ്രദ്ധേയമാകുന്നു. സമ്പൂർണ്ണ ശുചിത്വം ,സമ്പൂർണ്ണ പാർപ്പിട പദ്ധതി ,വകുപ്പ് ആധുനിക വൽകരണം, പെൻഷൻ ഗുണഭോക്താക്കൾ ആവശ്യപ്പെടുന്ന പ്രകാരം പെൻഷൻ വീട്ടിലെത്തിക്കൽ, തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ നിന്നും പൗരൻമാർക്ക് ലഭിക്കുന്ന വിവിധ സേവനങ്ങൾ ആധുനിക വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെ കൃത്യമായും സമയബന്ധിതമായും നൽകുക എന്നീ കാര്യങ്ങൾക്ക് പ്രാധാന്യം നൽകിയുള്ള പ്രവർത്തനങ്ങളാണ് നടന്ന് വരുന്നത്.

## കേരളം വെളിയിട വിസർജ്ജന മുക്ത സംസ്ഥാനമാകുന്നു (ഒഡിഎഫ്)

സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ് സമ്പൂർണ്ണ ശുചിത്വവും സമ്പൂർണ്ണ പാർപ്പിട സൗകര്യവും. 2016 ഒക്ടോബർ 2ാം തീയ്യതിയോടുകൂടി സംസ്ഥാനത്തെ എല്ലാ ഗ്രാ




*മാണിക്കൽ ഗ്രാമപഞ്ചായത്തിലെ ഒ.ഡി.എഫ്. പ്രഖ്യാപനം മന്ത്രി കെ.ടി. ജലീൽ നിർവ്വഹിക്കുന്നു*

മപഞ്ചായത്തുകളും ഓപ്പൺ ഡെഫിക്കേഷൻ ഫ്രീയാക്കുന്നതിനും, കേരളപിറവി ദിനമായ നവംബർ ഒന്നിന് സംസ്ഥാനത്തെ ഗ്രാമപ്രദേശങ്ങൾ വെളിയിട വിസർജ്ജന മുക്ത സംസ്ഥാനമായി പ്രഖ്യാപിക്കുകയുമാണ് ലക്ഷ്യം . ആയതിന് സ്വച്ഛ് ഭാരത് മിഷന്റെ സഹായത്തോടെ ടോയ്‌ലറ്റ് ഇല്ലാത്ത എല്ലാ കുടുംബങ്ങൾക്കും ടോയ്‌ലറ്റ് നിർമ്മിച്ച് നൽകുന്നു. ശുചിത്വവും സുരക്ഷിതത്വവും സ്വകാര്യതയും ഉറപ്പ് നൽകുന്ന വിസർജ്ജനസൗകര്യങ്ങൾ ജനങ്ങൾക്ക് എത്തിക്കുക എന്നതാണ് പ്രധാനം. ടോയ്‌ലറ്റ് നിർമ്മാണത്തിന് ഒരോ ഗുണഭോക്താവിനും വീതം 15400 രൂപ വീതമാണ് ധനസഹായമായി നൽകുന്നത്. സമ്പൂർണ്ണ ശൗചാലയ പദ്ധതി ലക്ഷ്യം നേടുന്നതിന് ഒരു പഞ്ചായത്തിലെ എല്ലാ വീടുകളിലും, പഞ്ചായത്ത് പരിധിയിലെ എല്ലാ അംഗൻവാടികളിലും വിദ്യാലയങ്ങളിലും ടോയ്‌ലറ്റ് സൗകര്യം ഉറപ്പ് വരുത്തുന്നു . ഇതിന് പുറമെ പഞ്ചായത്തിലുടനീളം ഉയർന്ന നിലവാരത്തിലുള്ള ശുചിത്വം നിലനിർത്തുകയും വേണം. മേൽപറഞ്ഞ മാനദണ്ഡങ്ങൾ പാലിച്ചുവെന്ന് ഉറപ്പാക്കിയാൽ ഗ്രാമപഞ്ചായത്തുകൾ സ്വന്തം നിലയ്ക്ക് പ്രത്യേക സമ്മേളനം വിളിച്ച് ചേർത്ത് 'സമ്പൂർണ്ണ വെളിയിട വിസർജ്ജന വിമുക്ത പഞ്ചായത്ത്' എന്ന പദവി നേടിയതായി പ്രഖ്യാപിക്കുന്നു.

ആലപ്പുഴ ജില്ലയിലെ മുഹമ്മ ഗ്രാമപഞ്ചായത്താണ് ആദ്യ വെളിയിട വിസർജ്ജന മുക്ത പഞ്ചായത്ത് എന്ന പദവി നേടിയത്. തുടർന്ന് 192 ഗ്രാമപഞ്ചായത്തുകൾക്കും കൂടി പ്രസ്തുത പദവി ലഭിച്ചിട്ടുണ്ട്.55613 ടോയ്‌ലറ്റുകൾ നിർമ്മിച്ച് കഴിഞ്ഞു. നവംബർ ഒന്നോടെ ഈ പദ്ധതി പൂർത്തിയാകും.

### സാമൂഹ്യ സുരക്ഷാപെൻഷനുകൾ സഹകരണബാങ്കുകൾ വഴി വീട്ടിലെത്തിക്കുന്നു

വാർദ്ധക്യകാല പെൻഷൻ,വിധവ പെൻഷൻ,വികലാംഗ പെൻഷൻ ,കർഷകതൊഴിലാളി പെൻഷൻ,50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ എന്നീ ഇനത്തിലായി 37,12,703 പെൻഷൻ ഗുണഭോക്താക്കളാണ് നിലവിലുള്ളത്. 27,21,756 ഗുണഭോക്താക്കൾ ബാങ്ക് അക്കൗണ്ട് മുഖേനയും ബാക്കിയുള്ളവർക്ക് ഇല്കട്രോണിക്ക് മണിഓഡറും, പോസ്റ്റ് ഓഫീസ് സേവിംഗസ് അക്കൗണ്ടും മുഖേനയുമാണ് പെൻഷൻ നൽകി വന്നിരുന്നത്. എന്നാൽ അവർക്ക് പോസ്റ്റ്ഓഫീസ് വഴി സമയ ബന്ധിതമായി പെൻഷൻ ലഭിക്കാത്തത് സംബന്ധിച്ച് വ്യാപകമായ പരാതികൾ ഉയർന്നതിനെ തുടർന്ന് പെൻഷൻ വിതരണം തന്നെ പ്രതിസന്ധിയിലായ അവസ്ഥയിലായിരുന്നു. ഓണത്തിന് മുൻപ് കുടിശ്ശിഖ ഉൾപ്പടെയുള്ള പെൻഷൻ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. പെൻഷൻ വീട്ടിലെത്തിക്കാനുള്ള പദ്ധതി തെരഞ്ഞെടുത്തിട്ടുള്ളവർക്ക് സഹകരണ ബാങ്കുകൾ വഴി പദ്ധതി നടപ്പിലാക്കി കഴിഞ്ഞു.

### സമ്പൂർണ്ണ പാർപ്പിടം

സമ്പൂർണ്ണ ശുചിത്വത്തോടൊപ്പം സമ്പൂർണ്ണ പാർപ്പിട പദ്ധതിയും സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യമാണ്. നിലവിൽ പൊതുവായ ഒരു ഭവന പദ്ധതിയും ഗ്രാമപഞ്ചായത്തുകളിലില്ല. ആയതിനാൽ മുൻപ് ഇടതുപക്ഷ സർക്കാർ നടപ്പിലാക്കിയ ഇ.എം.എസ് ഭവന പദ്ധതിക്ക് സമാനമായ ഭവനപദ്ധ



*പെൻഷൻ നേരിട്ട് നൽകുന്ന പദ്ധതി മന്ത്രി എ.സി. മൊയ്തീൻ വിളപ്പിൽ ഗ്രാമപഞ്ചായത്തിൽ ഉൽഘാടനം ചെയ്യുന്നു*

തി നടപ്പിലാക്കുന്നത് സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ഇതിനായി ഭൂരഹിതരെയും ഭവനരഹിതരെയും കണ്ടെത്തുന്നതിന് സർവ്വെ നടപടികൾ സംബന്ധിച്ച് ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ യോഗം 5/8/2016ന് ചേർന്നു.നിലവിലുള്ള വിവര ലഭ്യതയുടെ പരിമിതി മൂലം ഇതിന് വേണ്ടി വിശദമായ സർവ്വെ നടത്താൻ തീരുമാനിച്ചു. എഡിഎസ് അംഗങ്ങൾ,അംഗൻവാടി വർക്കർമാർ എന്നിവർ സംയുക്തമായി സർവ്വെ നടത്തും. ഇവർക്കാവശ്യമായ പരിശീലനം വകുപ്പ് തലത്തിൽ നൽകും. സർവ്വേയുടെ ഏകോപനം ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് സെക്രട്ടറിമാർക്ക് ആയിരിക്കും. കൂടാതെ കൃത്യത ഉറപ്പാക്കാൻ പഞ്ചായത്ത് തലത്തിലും ജില്ലാ തലത്തിലും പരിശോധനാ സംവിധാനം ഉണ്ടാകും. വിധവ,അഗതി,സ്ത്രീകൾ മാത്രമുള്ള വീട്, 80%ൽ അധികം അംഗവൈകല്യമുള്ളവർ, ഗുരുതരമായ രോഗം ബാധിച്ചവർ,അവിവാഹിതരായ അമ്മമാർ എന്നിവർക്ക് മുൻഗണന നൽകും.

## അഴിമതി രഹിത വകുപ്പ്

ഗ്രാമപഞ്ചായത്തുകളുടെ സേവനങ്ങളും ചുമതലകളും സംബന്ധിച്ച പൊതുജനങ്ങളുടെ പരാതി പരിഹരിക്കുന്നതിന് വെബ് അധിഷ്ഠിത പരാതി പരിഹാര സംവിധാനം ഉടൻ നിലവിൽ വരും. 'ഫോർ ദി പീപ്പിൾ' എന്ന് നാമകരണം ചെയ്തിട്ടുള്ള ഈ പദ്ധതി പ്രകാരം പൊതുജനങ്ങളുടെ പരാതികൾ ഓൺലൈനായും ഫോണിലൂടെയും എസ്എംഎസ് സന്ദേശത്തിലൂടെയും സമർപ്പിക്കാവുന്നതാണ്. പ്രസ്തുത പരാതികൾ സമയബന്ധിതമായി പരിശോധിച്ച് തീർപ്പാക്കുന്നതിന് സംസ്ഥാനതലത്തിലും ജില്ലാ തലത്തിലും പെർഫോമൻസ് ആഡിറ്റ് യൂണിറ്റ് തലത്തിലും പ്രത്യേക സെൽ രൂപീകരിക്കുന്നതാണ്.

## പതിമൂന്നാം പഞ്ചവത്സര പദ്ധതി– ഗ്രാമസഭകൾ ശക്തിപ്പെടുത്തും

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി ഈ സാമ്പത്തിക വർഷത്തോടെ അവസാനിക്കുന്നതിനാൽ പുതിയ സർക്കാരിന് കാര്യമായ ഇടപെടലുകൾക്ക് അവസരം ലഭിച്ചിട്ടില്ല. നിലവിൽ പദ്ധതി രൂപീകരണത്തിൽ ജനങ്ങളുടെ ഇടപെടൽ കുറവാണ്. പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലൂടെ നാടിനും നാട്ടുകാർക്കും പങ്കാളിത്തമുള്ള ആസൂത്രണവും പ്രാദേശികമായ ആവശ്യങ്ങളുടെ പൂരണത്തിനും വേണ്ടിയുള്ള ജനകീയ സഹകരണവും പുനസ്ഥാപിക്കുകയാണ് ലക്ഷ്യം. സ്വാശ്രയത്തിലധിഷ്ഠിതമായ വികസന പ്രക്രിയയിലൂടെ ജനകീയ പങ്കാളിത്തം ഉറപ്പ് വരുത്തുന്നതിന് മുഖ്യ പങ്ക് വഹിക്കേണ്ടത് ഗ്രാമപഞ്ചായത്തുകളാണ്. 1996–2001 കാലഘട്ടത്തിൽ തുടങ്ങി വച്ച ജനകീയാസൂത്രണ പദ്ധതി വഴി പങ്കാളിത്ത വികസന സങ്കൽപ്പത്തിന്റെ പ്രായോഗിക മാതൃകകൾ ആഗോള ശ്രദ്ധ നേടിയിരുന്നു. ഇടക്കാലത്ത് മങ്ങലേറ്റ ഈ പദ്ധതി രണ്ടാം ജനകീയാസൂത്രണം എന്ന പേരിൽ ശാക്തീകരിക്കും.നീർത്തട സംരക്ഷണം,മാലിന്യ സംസ്കരണം, ജൈവപച്ചക്കറികൃഷി എന്നിവയ്ക്ക് പ്രാധാന്യം നൽകി ജനകീയാസൂത്രണത്തെ തൊഴിലുറപ്പ് പദ്ധതിയുമായും കുടുംബശ്രീ പ്രവർത്തനങ്ങളുമായും സംയോജിപ്പിച്ച് നടപ്പിലാക്കും.

# കതിരൂർ ഗ്രാമ പഞ്ചായത്ത്

## സുസ്ഥിര ശുചിത്വത്തിലും സേവനത്തിലും മാതൃക

എം. ഷീബ, പ്രസിഡന്റ്

കണ്ണൂർ ജില്ലയിലെ കതിരൂർ ഗ്രാമ പഞ്ചായത്ത് വികസന രംഗത്ത് വിസ്മയ കരമായ മുന്നേറ്റം സൃഷ്ടിക്കുകയാണ്. കതിരൂർ ഗ്രാമ പഞ്ചായത്ത് നടപ്പി ലാക്കിയ നിരവധി പദ്ധതികൾ ഇന്ന് സംസ്ഥാന തലത്തിലും, ദേശീയതല ത്തലും ശ്രദ്ധയാകർഷിച്ചിരിക്കുകയാണ്.

മിനിസ്ട്രി ഓഫ് റൂറൽ ഡെവല്പ്പമെന്റ് ഗവൺമെന്റ് ഓഫ് ഇന്ത്യ സൻസ ദ് ആദർശ് യോജന മധ്യപ്രദേശിലെ ഭോപ്പാലിൽ നടത്തിയ നാഷണൽ വർക്ക് ഷോപ്പിൽ പഞ്ചായത്തിന്റെ സുസ്ഥിര ശുചിത്വ പദ്ധതി രാജ്യത്തെ മോഡൽ ആയി തെരഞ്ഞെടുത്തിരുന്നു. എന്നും പുതുമകളെ പ്രണയിച്ച നാടാണ് കതിരൂർ . സാമ്രാജത്വ വിരുദ്ധ പോരാട്ടത്തിലും, സാഹിത്യത്തിലും , ചിത്രമെഴുത്തിലും , ആയോധന കലയിലും അടയാളപ്പെടുത്തിയ ദേശം, കതിരൂർ ഗുരുക്കളുടെ കളരി പാരമ്പര്യം ഇന്നും നാട് കെടാതെ സൂക്ഷിക്കുന്നു. വീട്ടമ്മമാരുടെ ചിത്ര പരിശീല നവും, സ്ത്രീകളുടെ കളരി പരിശീലനവും ഇവിടെ നടന്ന് വരുന്നു. കേരളത്തിലെ ആദ്യത്തെ ഗ്രാമീണ ആർട്ട് ഗാലറി ഇവിടെ പ്രവർത്തിക്കുന്നു. ദീർഘവീക്ഷണ ത്തോടെ ഭാവനപരമായി പദ്ധതികൾ ആവിഷ്കരിക്കപ്പെട്ടാൽ ഒരു നാട് എങ്ങനെ നേട്ടത്തിന്റെ നെറുകയിൽ എത്തിപ്പെടുക എന്ന് കാട്ടിത്തരുകയാണ് കതിരൂർ. ജനകീയ പങ്കാളിത്തത്തോടെ നടത്തിയ വികസന–ക്ഷേമ പ്രവർത്തനങ്ങളാണ് കതിരൂരിനെ സംസ്ഥാനത്തെ മികച്ച പഞ്ചായത്തുകളിൽ ഒന്നാക്കി മാറ്റിയത്.

സുസ്ഥിര ശുചിത്വ പദ്ധതി, ഗ്ലോബൽ ഗ്രാമ സഭ, ബ്രേവ് പദ്ധതി, ഹരിത ഗൃഹം, ചുമർചിത്ര ഗ്രാമം, താങ്ങും തണലും, കുരുമുളക് ഗ്രാമം തുടങ്ങി പഞ്ചായ ത്തിൽ നടപ്പിലാക്കുന്ന പദ്ധതികളെല്ലാം ഒന്നിനൊന്നു വ്യത്യസ്തങ്ങളാണ്. നീന്തൽ പരിശീലനത്തിനായി ജല സ്രോതസ്സുകൾ ശുചീകരിക്കുക, പകർച്ച വ്യാധികൾ തടയൽ , പരിസര ശുചിത്വം ഉറപ്പ് വരുത്തൽ തുടങ്ങി പഞ്ചായത്ത് നടപ്പിലാക്കിയ പദ്ധതികളിലെല്ലാം ജനങ്ങളുടെ വലിയതോതിലുള്ള പിന്തുണയും സഹായവും ഉണ്ടായിരുന്നു.

### സുസ്ഥിര ശുചിത്വ പദ്ധതി

60 വീടുകൾക്ക് ഒരു ബോക്സ് എന്ന തോതിൽ പഞ്ചായത്തിലുടനീളം സ്ഥാപിച്ച് കുടുംബശ്രീയുടെ സഹകരണത്തോടെ വൃത്തിയാക്കിയ പ്ലാസ്റ്റിക്കുകൾ ശേഖരിച്ച് റീ സൈക്ളിംഗ് ചെയ്യുന്ന സുസ്ഥിര ശുചിത്വ പദ്ധതിയെ പറ്റി പഠിക്കാൻ വിവിധ ജില്ലകളിൽ നിന്നായി എത്ര യോ പേർ ദിവസേന പഞ്ചായത്തിൽ എത്തിക്കൊണ്ടിരിക്കുകയാണ്. കതി രൂർ പഞ്ചായത്ത് ജനപങ്കാളിത്തത്തോ ടെ നടപ്പിലാക്കി വരുന്ന സുസ്ഥിര ശു ചിത്വ പദ്ധതി ഇന്ന് സംസ്ഥാനത്തിന് തന്നെ മാതൃകയാണ്. ശുചിത്വ മേഖല യിലെ കതിരൂർ മോഡൽ ഇന്ന് ദേശീയ ശ്രദ്ധയാകർഷിച്ചു കഴിഞ്ഞു. പൊതു വികസനത്തിനൊപ്പം ശുചിത്വത്തിനും പഞ്ചായത്ത് ഊന്നൽ നൽകുന്നു.

പൊതു ജനങ്ങളിൽ അവബോ ധമുണ്ടാക്കുകയെന്നതായിരുന്നു സു സ്ഥിര ശുചിത്വ പദ്ധതിയുടെ ആദ്യ ഘട്ടം. ശുചിത്വത്തിന്റെ പ്രാധാന്യത്തെ ക്കുറിച്ചുള്ള നിരന്തര ബോധവൽക രണ ക്ലാസിലൂടെ പൊതുജനങ്ങളും പകർച്ചവ്യാധിയെ പ്രതിരോധിക്കാൻ പഞ്ചായത്തിനൊപ്പം നിന്നു. കുടുംബ ശ്രീ പ്രവർത്തകരെ അണിനിരത്തി പഞ്ചായത്തിലെ പ്ലാസ്റ്റിക്കുകൾ ശേഖ രിച്ച് റീസൈക്ലിംഗ് ചെയ്ത് ഉപകാരപ്ര ദമാക്കിയ രീതിയാണ് പഞ്ചായത്തിനെ ശ്രദ്ധേയമാക്കിയത്. പഞ്ചായത്ത് മുൻ കൈയെടുത്ത് ഇതിനായി അറുന്നൂറി ൽപരം ബോധവൽകരണ യോഗങ്ങൾ സംഘടിപ്പിച്ചു. മുഴുവൻ പേരെയും പങ്കാളികളാക്കിക്കൊണ്ട് കമ്മിറ്റികൾ രൂപീകരിച്ചതോടെ പ്രവർത്തനം ഊർ






ജ്ജസ്വലമായി. പഞ്ചായത്ത് തലത്തിൽ 51പേരുള്ള കമ്മിറ്റി,വാർഡ് തലത്തിൽ 13 പേരുള്ള കമ്മിറ്റി, 50 വീടുകൾക്ക് ഏഴു പേരുള്ള കമ്മിറ്റി എന്നീ നിലകളിൽ കമ്മിറ്റികൾ രൂപീകരിച്ച് സുസ്ഥിര ശുചിത്വ പദ്ധതി പ്രകാരമുള്ള സമഗ്ര ആരോഗ്യ പരിപാലന പദ്ധതി ആരംഭിച്ചത്.പഞ്ചായത്തിലെ 57 അങ്കണവാടികളിലും 23 വിദ്യാലയങ്ങളിലും പ്രത്യേകമായി കമ്മിറ്റികളുണ്ടാക്കി പ്രവർത്തനം വിപുലീകരിച്ചു. 18 വാർഡുകളിലായി നൂറിലധികം ശുചിത്വ ബോക്സുകൾ സ്ഥാപിച്ചു. കുടുംബശ്രീ, സ്വയംസഹായ സംഘം എന്നിവയുടെ മേൽനോട്ടത്തിൽ പ്രതിമാസം 400 കിലോ ഗ്രാം ശുചിയാക്കിയ പ്ലാസ്റ്റിക്ക് ക്യാരിബ്യാഗുകൾ ശേഖരിച്ച് റീസൈക്കിൾ ചെയ്തുവരുന്നുണ്ട്. ഈ വർഷത്തെ പദ്ധതികളിൽ 500 പേർക്കു പൈപ്പ് കമ്പോസ്റ്റ് നൽകാനാണ് പഞ്ചായത്ത് തീരുമാനം. നിരവധി പുരസ്കാരങ്ങൾ ലഭിച്ച പഞ്ചായത്തിന്റെ വികസന ക്ഷേമ പ്രവർത്തനങ്ങളെ അഭിനന്ദിക്കുന്നതിന്റെ കാരണങ്ങൾമറ്റൊന്നുമല്ല.വികേന്ദ്രീകൃതാസൂത്രണത്തിന്റെയും,ജനകീയാസൂത്രണത്തിന്റെയും അർത്ഥപൂർണ്ണമായ ആവിഷ്കാരമാണ് കതിരൂരിൽ നടന്നിട്ടുള്ളത്. സാമൂഹ്യമായി പിന്നോക്കം നിൽക്കുന്നവരെ ഉയർത്തികൊണ്ടുവരികയെന്ന അടിസ്ഥാന കാഴ്ചപ്പാടിൽ നിന്നാണ് ഓരോ പദ്ധതിയും ആവിഷ്കരിക്കുന്നതും, നടപ്പിലാക്കുന്നതും. കുടിവെള്ള പ്രശ്നത്തിന് ശാശ്വത പരിഹാരം നേടാൻ ജലനിധി പദ്ധതിയും വായു മലിനീകരണമില്ലാത്ത പ്രവർത്തിക്കുന്ന മലബാറിലെ ആദ്യത്തെ ഗ്യാസ് ശ്മശാനവും കതിരൂരിലാണ് പ്രവർത്തിക്കുന്നത്.

പരിസ്ഥിതി സൗഹൃദമായ വികസന പരിപാടികളാണ് പഞ്ചായത്തിലെ ഓരോ പദ്ധതിയിലും ദർശിക്കാൻ ആവുക .ആഗോള താപനത്തിന് ബദലായി ഹരിത ഗൃഹം എന്ന പദ്ധതി സാധാരണ ഒരു പഞ്ചായത്തിന്റെ ഭരണ സമിതിയുടെ ചിന്തയിൽ നിന്നു രൂപപെടുമ്പോൾ ഉള്ള മഹത്വം എത്രയോ വലുതാണ്.ഒരു രൂപ ചെലവിടാതെ വേറിട്ടൊരു പദ്ധതി ഇതിലൂടെ നടപ്പിലാക്കുന്നു. വായുമലിനീകരണമില്ലാത്ത പഞ്ചായത്ത് എന്ന സ്വപ്നം 2017ൽ യാഥാർത്ഥ്യമാക്കുക എന്ന ലക്ഷ്യത്തോടെ സോഷ്യൽ ഫോറസ്ട്രിയുടെ സഹകരണത്തോടെ ഒരു ലക്ഷത്തോളം വൃക്ഷതൈകൾ വെച്ചുപിടിപ്പിക്കാനുള്ള പ്രവർത്തനങ്ങളും നടന്നു വരികയാണ്. സ്കൂളുകൾ,പൊതുസ്ഥാപനങ്ങൾ,പൊതുവഴികൾ,വീടുകൾ,എന്നിവിടങ്ങളിലായി നാൽപതിനായിരം വൃക്ഷതൈകൾ ഇതിനകം വെച്ച് പിടിപ്പിച്ചു. എല്ലാ വീട്ടു മുറ്റത്തും നാട്ട് മാവിന്റെ നൻമയും കൊന്നപ്പൂവിന്റെ സുഗന്ധവും പരത്തുന്നു.

## സേവനത്തിലും ഗുണമേൻമാമുദ്ര

വികസനരംഗത്തു മാത്രമായി ഒതുങ്ങുന്നില്ല കതിരൂരിന്റെ വേറിട്ട ആശയങ്ങൾ . പഞ്ചായത്ത് നൽകുന്ന സേവനങ്ങൾ ജനകേന്ദ്രീകൃതവും ഗുണമേൻമയുള്ളതുമാണ്. ഈ ഗുണമേൻമയ്ക്കുള്ള അംഗീകാരമായാണ് പഞ്ചായത്തിന് ഐ.എസ്.ഒ.സർട്ടിഫിക്കറ്റും ഒരു ലക്ഷം രൂപ സമ്മാനവും ലഭിച്ചത്. ക്വാളിറ്റി കൺട്രോൾ ഓഫ് ഇന്ത്യയുടെ അംഗീകാരമുള്ള ലീഡ് ഓഡിറ്റർമാരുടെ പരിശോധനയുടെയും നിർദ്ദേശത്തിന്റെയും അടിസ്ഥാനത്തിൽ ആവശ്യമായ ഓഫീസ് നവീകരണങ്ങൾ നടത്തി കൊണ്ടും പ്രത്യേക റിക്കാർഡിംഗ് റൂം സംവിധാനമുണ്ടാക്കിയും സേവനങ്ങൾ മെച്ചപ്പെടുത്തിയുമാണ് പഞ്ചായത്ത് ഈ നേട്ടം കൈവരിച്ചത്. ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റ് എന്ന സങ്കൽപ്പമാണ് ഇതിലൂടെ പ്രാവർത്തികമാവുന്നത്. കതിരൂർ പഞ്ചായത്ത് പരിധിയിലുള്ള പൗരൻമാർക്ക് അടിസ്ഥാന സൗകര്യങ്ങൾക്കൊപ്പം മികച്ച സേവനങ്ങൾ സമയബന്ധിതമായി നൽകാൻ പഞ്ചായത്ത് സദാ സന്നദ്ധമാണ്,

## സമ്പൂർണ്ണ നീന്തൽ ഗ്രാമമായി കതിരൂർ

പഞ്ചായത്തിന്റെ മാതൃകാ പ്രവർത്തനങ്ങൾക്ക് പൊൻതൂവൽ ചാർത്തുന്ന പദ്ധതിയാണ് സമ്പൂർണ്ണ നീന്തൽ ഗ്രാമം പദ്ധതി. ഗ്രാമപഞ്ചായത്തിലെ തോടുകളും പുഴകളും മാലിന്യമുക്തമാക്കി തണ്ണീർതടങ്ങളെ തെളിനീർതടങ്ങളാക്കി മാറ്റുകയായിരുന്നു ആദ്യ ലക്ഷ്യം. പഞ്ചായത്തിലെ മൂന്ന് കുളങ്ങൾ വിദ്യാർത്ഥികളും രക്ഷിതാക്കളും സാമുഹ്യപ്രവർത്തകരും ചേർന്ന് ശുചീകരിച്ച് നീന്തൽ പരിശീലന കേന്ദ്രങ്ങളാക്കി മാറ്റി. മുഴുവൻ വാർഡുകളിലും 2011 മുതൽ നീന്തൽ പരീശീലനം ആരംഭിച്ചു. പരിശീലനം പൂർത്തിയാക്കിയ രണ്ടായിരം വിദ്യാർത്ഥികൾക്ക് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. വിമുക്ത ഭടൻമാർ, അക്വാട്ടിക് ക്ലബ്, കുടുംബശ്രീ, സ്വയം സഹായ സംഘം പ്രദേശത്തെ സാമൂഹിക പ്രവർത്തകർ എന്നിവരുടെ സഹകരണത്തോടെയാണ് പരിശീലന പരിപാടി നടക്കുന്നത്

വികസനത്തിന്റെ പുതിയൊരു സംസ്കാരമാണ് കതിരൂർ നാടിന് മുന്നിൽ അവതരിപ്പിക്കുന്നത്. പഞ്ചായത്ത് ഭരണ സമിതിക്കും നാടിനുമൊപ്പം ഈ പദ്ധതികൾക്കൊപ്പം നിന്ന ഉദ്യോഗസ്ഥരും അഭിനന്ദനമർഹിക്കുന്നു.

കര നെൽകൃഷിക്ക് കൂടുതൽ ഊന്നൽ നൽകാൻ ഗവൺമെന്റ് തീരുമാനിച്ചിരിക്കുന്നു. അതുകൊണ്ട് തന്നെ കര നെൽകൃഷിയുടെ വർത്തമാനകാലസാധ്യതകളും അനുയോജ്യമായ വിത്തിനങ്ങളും ചർച്ച ചെയ്യേണ്ടതുണ്ട്. വിഷപച്ചക്കറികളെപ്പറ്റി പറയുമ്പോൾ വിഷ അരിയെപ്പറ്റി നാം അറിയാതെ പോകുന്നു. നൂറിൽപ്പരം ദിവസം മാത്രം ആയുസ്സുള്ള നെൽചെടിയിൽ മാസത്തിൽ രണ്ട് തവണ വീതം മാരക കീടനാശിനികൾ പ്രയോഗിച്ച് ഉൽപാദിപ്പിക്കുന്ന നെല്ല് അരിയാക്കുമ്പാൾ അരി കേടാകാതിരിക്കാൻ വീണ്ടും കീടനാശിനി പ്രയോഗിച്ചും ഉണ്ടാക്കിയ വിഷ അരിയാണ് നാം കഴിച്ചു് കൊണ്ടിരിക്കുന്നത്. സുരക്ഷിത ഭക്ഷണം കിട്ടാൻ സുരക്ഷിത കൃഷി തന്നെ വേണം . അതിനായി നമ്മുടെ തൊടിയിൽ തന്നെ കര നെല്ല് കൃഷി ചെയ്തു അവനവനുവേണ്ട അരി കൂടി ഉൽപാദിപ്പിക്കുക എന്ന ലക്ഷ്യമാണ് ഗവൺമെന്റ് വിഭാവനം ചെയ്യുന്നത്.

മീനം 27നും പത്താമുദയത്തിനുമിടയ്ക്ക് നുകം വച്ച് ചാലു കീറി നുരിവച്ച് നെൽവിത്തിടുകയും കർക്കിടകം ഒടുവിൽ ചിങ്ങം ആദ്യം കൊയ്ത് മെതിച്ച് ആ നെല്ല്പുഴുങ്ങി ഉണക്കി ഉരലിൽ കുത്തി അരിയാക്കി പുന്നെല്ല് കൊണ്ട് ഓണമുണ്ടിരുന്ന ഒരു ഭൂതകാലം മലയാളിക്കുണ്ടായിരുന്നു . ഈ നെൽകൃഷിയ്ക്ക് വേണ്ട കൃഷിസ്ഥലം പുരയിടമായിരുന്നു. തെങ്ങിൻ തടത്തിലും തെങ്ങിനിടയിലും വെറും പറമ്പിലും ചെയ്തിരുന്ന നെൽകൃഷിയെയാണ് കര നെൽകൃഷിയെന്ന് പറഞ്ഞിരുന്നത് . മിക്കവാറും കേരളത്തിൽ എല്ലായിടത്തും വ്യാപകമായി തന്നെ കരനെൽ കൃഷി ചെയ്തിരുന്നു. എങ്കിലും സ്ഥിരമായി മീനം 27നും പത്താമുദയത്തിനുമിടയ്ക്കുള്ള കര നെൽകൃഷി തുടർച്ചയായി ചെയ്തുപോകുന്ന ഒരു ഭൂവിഭാഗമുണ്ട് കേരളത്തിൽ. ഓണമൂട്ടും കര എന്നറിയപ്പെടുന്ന ഓണാട്ടുകരയിൽ ഇപ്പോഴും കര നെൽകൃഷി സജീവമാണ്. മഴയെ

# കരനെൽകൃഷിയുടെ സാധ്യതകളും അനുയോജ്യമായ വിത്തിനങ്ങളും

അഭിലാഷ് കരിമുളയ്ക്കൽ





മാത്രം ആശ്രയിച്ചിരുന്ന കര നെൽകൃഷിക്ക് ആരംഭം കുറിക്കുന്ന തീയ്യതി കൃത്യമാണ്. ഋതുക്കളുടെ പുഷ്ക്കരകാലമാണത്. നെല്ലിന് വേണ്ട സമയത്ത് വേണ്ടുവോളം വെള്ളം പ്രകൃതി കനിഞ്ഞനുഗ്രഹിക്കുന്ന കാലമാണത്. മീനത്തിലെ വേനൽ മഴയിൽ മുളച്ചു പൊന്തി മേടച്ചൂടിൽ വെന്തുരുകാതെ ഇടവപാതി മഴയിൽ കുളിച്ച് കതിരിട്ട് മിഥുനത്തിൽ കതിർ കനത്ത് മുഴുത്ത് സ്വർണ്ണവർണ്ണമായി കർക്കിടക മഴയ്ക്ക് മുമ്പേ കൊയ്തെടുക്കുന്നതാണ് ഓണാട്ടുകരയിലെ കരനെൽകൃഷികാലം . കരനെൽകൃഷിക്ക് പ്രത്യേകമായ വിത്തിനങ്ങൾ കണ്ടെത്തിയിരുന്നു പഴമക്കാർ. മിക്ക ഇനങ്ങളും പക്ഷെ അന്യം നിന്നു പോയിരിക്കുന്നു. വിത്തുകാത്ത മുത്തശ്ശനും ,പത്തായവും ഓർമ്മ ചിത്രങ്ങളായി. പാറ പിളർപ്പൻ, കൊച്ച് വിത്ത്, പടല വെള്ള, ആറാം വെള്ള, ചെന്നെല്ല്, കട്ടമോടൻ, കറുത്ത മോടം, ഞവര എന്നിങ്ങനെ പോകുന്നു അവയുടെ പേരുകൾ. കരനെല്ലിനങ്ങൾക്ക് ഏറെ സവിശേഷതകളുണ്ട്. അവ പെട്ടന്ന് വളർന്ന്പൊങ്ങും. മണ്ണിലെ കളകളെ അതിജീവിക്കുവാൻ ത്വരിത വളർച്ച അത്യാവശ്യം തന്നെ. വരൾച്ചയിൽ തളർന്നു പോകരുത്. മഴയെ മാത്രം ആശ്രയിച്ചാണ് കര നെല്ല് വളരുന്നത്. മഞ്ഞും മഴയും മാത്രമാണ് കര നെല്ലിന് ആശ്രയമായിട്ടുള്ളത്. മൂപ്പ് കുറവുള്ളതാണ് മിക്ക കരനെല്ലിനങ്ങളും. ഞവരയാണ് അതിൽ ഏറ്റവും മൂപ്പ് കുറവുള്ളത്. പരമാവധി 110 ദിവസത്തിനുള്ളിൽ കൊയ്തെടുക്കാൻ കഴിയണം. രോഗ കീട ബാധകളെ ചെറുക്കാനുള്ള ശേഷിയും വേണം.ഇതൊക്കെയുള്ള വിത്തുകളായിരുന്നു നമുക്കുണ്ടായിരുന്നത്. നല്ല പൊക്കമുള്ളതിനാൽ കന്നുകാലികൾക്ക് വൈക്കോലും ധാരാളമായി കിട്ടിയിരുന്നു.

ഇതൊക്കെ നമ്മുടെ ഗതകാല സ്മൃതിയുടെ കഥ . ഒരോ കുടുംബത്തിനും വേണ്ട ഭക്ഷണവസ്തുക്കളെ ചുറ്റുവട്ടത്തിൽ ഉണ്ടാക്കിയിരുന്ന ഒരു നല്ല കാലം നമുക്കുണ്ടായിരുന്നു. വയലിലും പറമ്പിലും നെൽകൃഷി ചെയ്തും പറമ്പിൽ ഇടവിളകളും , ഫലവൃക്ഷങ്ങളും, വാഴയും, പച്ചകറികളും കൃഷി ചെയ്തും അതൊക്കെ ആഹാരമാക്കിയിരുന്ന ഭൂതകാലം അത്ര പഴയതൊന്നുമല്ല. മലയാളിക്കു കൃഷിക്ക് പിൻതുടർച്ച നൽകാതെ പുത്തൻ തൊഴിൽ മേഖലകളിലേക്ക് നമ്മൾ ചേക്കേറി. നമ്മുടെ വയലുകളും പറമ്പുകളും തരിശാക്കി. വരുമാനമേറിയപ്പോൾ പുത്തൻ ആഹാര ശീലങ്ങളിലേക്കും,അതിന്റെ ധാരാളിത്തത്തിലേക്കും മലയാളി നടന്ന് കയറി. കാശ് കൊടുത്താൽ കിട്ടാത്തതൊന്നുമില്ല എന്ന അഹന്ത പക്ഷേ തീരാവ്യാധികളുടെ രൂപത്തിൽ തിരിഞ്ഞ് കൊത്താൻ തുടങ്ങിയിരിക്കുന്നു. കാശ് കൊടുത്തു വാങ്ങിയ ഭക്ഷണമൊക്കെ ഒട്ടും സുരക്ഷിതമായിരുന്നില്ലെന്ന് ഇപ്പോൾ തിരിച്ചറിഞ്ഞു തുടങ്ങിയിട്ടുണ്ട്. മാരകമായ രാസവസ്തുക്കൾ പ്രയോഗിച്ചാണ് മറുനാട്ടുകാർ നമുക്കായി അരിയും,പച്ചക്കറികളും,പാലും,മുട്ടയും,ഇറച്ചിയും,പലവ്യഞ്ജനങ്ങളും,പയറും,തുവരപരിപ്പും ഒക്കെ ഉണ്ടാക്കുന്നതെന്ന് മാധ്യമങ്ങൾ നമ്മെ അറിയിച്ച് കൊണ്ടിരിക്കുന്നു. ലക്ഷം രൂപ ചെലവിട്ടാൽ പോലും മാറാത്ത തീരാവ്യാധികളാണ് പുതിയ ആഹാരശീലങ്ങളിൽ നിന്നും നമുക്ക് കിട്ടികൊണ്ടിരിക്കുന്നത്. പ്രമേഹവും, ഹൃദ് രോഗവും, രക്തസമർദ്ദവും, കൊളസ്ട്രോളും ഇല്ലാത്ത മലയാളികൾ ചുരുക്കം. പുതുതായി ക്യാൻസർ പിടിപ്പെടുന്നവരുടെ എണ്ണം പ്രതിവർഷം 35000 കടന്നിരിക്കുന്നു.

അത് കൊണ്ട് തന്നെ കേരളത്തിലെ ഏറ്റവും ലാഭകരമായ ബിസ്സിനസ്സ് ആശുപത്രി തുടങ്ങുകയോ,മരുന്ന്കട ഇടുന്നതോ ആയി മാറിയിരിക്കുന്നു.ലോകത്തിലുള്ള ഏറ്റവും വലിയ ബഹുരാഷ്ട്രകുത്തക മരുന്ന് കമ്പനികളുടെ പറുദീസയായി കേരളം വളർന്നിരിക്കുന്നു. എല്ലാവരും പച്ചക്കറികളിലാണ് വിഷം എന്നാണ് ധരിച്ചിരിക്കുന്നത്. വാസ്തവത്തിൽ വിപണിയിൽ കിട്ടുന്ന മിക്ക ഭക്ഷ്യവസ്തുകളും ഒട്ടും സുരക്ഷിതമല്ല. ഇത്തരത്തിലുള്ള തെറ്റായ ഭക്ഷണശീലങ്ങളാണ് നമ്മെ രോഗികളാക്കുന്നതെന്ന് ആവർത്തിച്ച് പറയുന്നു വൈദ്യ സമൂഹം. മഞ്ജുവാര്യരുടെ ഹൗ ഓൾഡ് ആർ യൂ എന്ന സിനിമ നാട്ടിലുണ്ടാക്കിയ തരംഗം ചെറുതൊന്നുമല്ല. ശുദ്ധമായ പച്ചക്കറികൾ വീട്ടിൽ തന്നെ ഉണ്ടാക്കാമെന്ന് ആ ചിത്രത്തിലൂടെ മഞ്ജുവാര്യർ കാണിച്ച് തരുന്നുണ്ട്. ആ സിനിമ കണ്ട വളരെയേറെ ആൾക്കാർ ടെറസിലും, വീട്ടിലും, പറമ്പിലും പച്ചക്കറി കൃഷി തുടങ്ങിയിട്ടുണ്ട്. കൃഷി ഭവനുകളിൽ ഗ്രോ ബാഗിനായി ആൾക്കാർ തിരക്ക് കൂട്ടുന്നുമുണ്ട്. നാടൻ പച്ചക്കറികൾ തേടിപ്പിടിച്ചു വാങ്ങാൻ ആളുകൾ ശ്രദ്ധിച്ചു തുടങ്ങിയിട്ടുണ്ട്.ഇതേ പോലെ തന്നെയാണ് നമ്മുടെ പ്രധാന ഭക്ഷണമായ അരിയുടെ കാര്യവും. അരിയിലും നിറയെ വിഷമുണ്ട്. നൂറിൽപ്പരം ദിവസം മാത്രം ആയുസ്സുള്ള നെൽചെടിയിൽ മാസത്തിൽ രണ്ടെന്ന കണക്കിൽ മാരക കീടനാശിനികൾ പ്രയോഗിച്ച് ഉൽപാദിച്ച് അരിയാക്കി, അരി കേടാകാതിരിക്കാൻ വീണ്ടും വിഷം തളിച്ച് കല്ലും കറുത്ത അരിയും നീക്കി പോളീഷ് ചെയ്ത് നിറമുള്ള സുന്ദരൻ പായ്ക്കിങ്ങിൽ നമുക്ക് മുമ്പിലെ

ത്തുന്ന ഈ ഭക്ഷ്യവസ്തു എത്ര ത്തോളം ഹാനികരമായിരിക്കും. പച്ചക്കറികളിലെ വിഷസാന്നിദ്ധ്യം അറിയാൻ ഇപ്പോൾ പരിശോധന സംവിധാനങ്ങളുണ്ട്. അതേ പോ ാലെ മറ്റ് ഭക്ഷണ വസ്തുക്കളിലെ വിഷ സാന്നിദ്ധ്യം പരിശോധനയ്ക്ക് വിധേ യമാക്കേണ്ടതാണ്. അരിയും പലവ്യ ഞ്ജനങ്ങളും ,ഫലവർഗ്ഗങ്ങളും ,ഇറ ച്ചിയും, മുട്ടയും, പാലും, മത്സ്യവും ഒക്കെ വിഷമുക്തമാണെന്ന് ഉറപ്പ് വരുത്തേണ്ടത് ഇന്നത്തെ രോഗാ തുരമായ അവസ്ഥയിൽ ഉചിതമായ കാര്യമാണ്.ഇതൊക്കെ ഉടൻ സാ ധ്യമാകുമെന്ന് കരുതുക വയ്യ. അത് കൊണ്ട് സുരക്ഷിത ഭക്ഷണത്തിന് സുരക്ഷിത കൃഷി ഉണ്ടാവേണ്ടിയിരി ക്കുന്നു. അവനവനു വേണ്ടത് അവ നവന്റെ കുടുംബത്തിൽ ഉൽപാദിപ്പി ക്കുവാൻ കഴിയുമെങ്കിൽ അത്രയും നല്ലത്.മലയാളി ഏറ്റവും കൂടുതൽ ഭക്ഷിക്കുന്നത് അരിയാണ്. ദോശ യായും , അപ്പമായും, പുട്ടായും, ഇഡ്ഡലിയായും , കഞ്ഞിയായും മറ്റ് പലതരം പലഹാരമായും മൊത്തം ഭക്ഷണത്തിന്റെ 60 ശതമാനവും അരിയാഹാരമാണ്. മറുനാടൻ അരി യുടെ മാരക വിഷപ്രയോഗം നമ്മൾ തിരിച്ചറിയുമ്പോൾ മറ്റ് ചിലതു കൂടി കടന്ന് വന്നുകൊണ്ടിരിക്കുന്നു.ചൈ നീസ് അരി എന്ന പേരിൽ വ്യാജ അരിയും വിപണിയിൽ എത്തിയി രിക്കുന്നു. അരിയുമായോ,നെല്ലുമാ യോ യാതൊരു ബന്ധവുമില്ലാത്ത ഈ വ്യാജന്റെ നിർമ്മാണത്തിലെ അസംസ്കൃത വസ്തുക്കൾ ഉരുളകി ഴങ്ങും,മധുരകിഴങ്ങുമാണത്രെ. ഇവ നന്നായി അരച്ച് അതിലേക്ക് പ്ലാസ്റ്റി ക്ക് കോമ്പൗണ്ടുകളും ചേർത്ത് വെ ള്ളനിറത്തിലോ, ചുവപ്പ് നിറത്തിലോ ഫാക്ടറികളിൽ ഉണ്ടാക്കുന്ന ഈ അരി നമ്മുടെ പല ബ്രാൻഡഡ് അരികളിലും മായമായി ചേർക്കു ന്നുണ്ട്. ഈ അരി തിളയ്ക്കുമ്പോൾ പത കൂടുതലുണ്ടാവും. പാട എടു ത്തുണക്കിയാൽ പ്ലാസ്റ്റിക്ക് പോലെ കിട്ടും. കത്തിച്ചാൽ ഉരുകി കത്തുക യും ചെയ്യും.

പുതിയ അന്തക നെൽ വി ത്തും എത്താനിടയുണ്ട്. സുവർണ്ണ നെല്ല് എന്ന പേരിൽ ഹെക്ടറിന് 40ടൺവിളവും ജീവകം എയുടെ സാന്നിദ്ധ്യവുമുള്ള ജീൻ മാറ്റത്തിലൂ



ടെ ഉരുത്തിരിച്ച ഈ നെല്ലിനം ദൂര വ്യാപകമായ പ്രത്യാഘാതങ്ങൾക്ക് വഴി തുറന്നിടുകയാണ്.ബംഗ്ലാദേശിലും ഫിലിപ്പെൻസിലും ഈ വിത്തിനെതിരെ ജനകീയ പ്രക്ഷോഭണങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇതൊക്കെയാണ് നമ്മുടെ തീൻമേശയിൽ എത്തുന്നത്. കീടനാശിനി വർദ്ധിച്ച തോതിൽ പ്രയോഗിച്ചു ണ്ടാക്കിയ അരിയായാലും, വ്യാജ ചൈനീസ് അരിയായാലും നമുക്ക് ദോഷ കരം തന്നെ. ഇതിൽ നിന്നും രക്ഷപ്പെടുവാൻ എന്തുണ്ട് മാർഗ്ഗം. ഒന്നുകിൽ തരിശു കിടക്കുന്ന വയലുകൾ കൃഷിയോഗ്യമാക്കി കൃഷി ചെയ്ത നെല്ല് തന്നെ അരിയാക്കി ഉപയോഗിക്കണം. അല്ലെങ്കിൽ പച്ചക്കറി കൃഷി ചെയ്യും പോലെ ഗ്രോ ബാഗിൽ നെല്ലും കൃഷി ചെയ്യാം, ടെറസിലും പ്രത്യേക ശ്രദ്ധ നൽകി നെൽ കൃഷി ചെയ്യാം, പറമ്പിലും ചെയ്തു നോക്കാം. ഇവിടെയാണ് പഴയകാല കൃഷിയായ കര നെൽകൃഷിയുടെ വർത്തമാനകാല സാധ്യത പരീക്ഷിക്കപ്പെടേണ്ടത്. ഉമജ്യോതി, ജയ തുടങ്ങിയ അത്യുല്പാദനശേഷി യുള്ള നെല്ലിനങ്ങൾ വയൽകൃഷിക്കു നല്ലതെങ്കിലും കരകൃഷിക്ക് പലതു കൊണ്ടും യോജ്യമല്ല. സ്വർണ്ണപ്രഭ ഏററവും നല്ല കര നെല്ലിനമാണ്. കൂടാതെ പട്ടാമ്പി നെല്ലുഗവേഷണ കേന്ദ്രത്തിൽ നിന്നുമുള്ള പി.റ്റി.ബി23, പി.റ്റി.ബി10 എന്നിവയും നല്ലതാണ്.

ഗ്രോബാഗ് നെൽകൃഷിക്ക് അത്യുത്തമമായ ഒരു സങ്കര നെല്ലിനം കർ ണ്ണാടകയിലെ നെല്ല് ഗവേഷണകേന്ദ്രമായ മാണ്ഡ്യ എ ആർ എസ്സി നിന്നും പുറത്തിറക്കിയിട്ടുണ്ട്. കെആർഎച്ച് കർണാടക എന്നാണതിന്റെ പേര്.ഒരു ഗ്രോബാഗിൽ നിന്നും ശരാശരി വിളവാണ് 250 ഗ്രാം പ്രതീക്ഷിക്കാം. 400 ഗ്രോ ബാഗ് ഒരുക്കിയാൽ 100 കിഗ്രാം നെല്ല് വിളയിക്കാം. 60 കിലോ അരി അതിൽ നിന്നും കിട്ടും. നാല് പേരുള്ള ഒരു കുടുംബത്തിന് ശരാശരി ഒരു ദിവസം അരകിലോ മുതൽ 1 കിലോ അരി മതിയാകും. 400 ഗ്രോബാഗ് ഉണ്ടെങ്കിൽ രണ്ട്-രണ്ടര മാസത്തെ ഭക്ഷണം തീർച്ചയാക്കാം. രണ്ടു സീസണിൽ ആയി 1000 ഗ്രോബാഗ് ഉണ്ടെങ്കിൽ ഒരു വർഷം ഉണ്ണാനുള്ള ശുദ്ധ അരി വീട്ടിൽ തന്നെ ഉണ്ടാക്കാം.പറമ്പിലാണെങ്കിൽ 25 സെന്റിലെ കൃഷികൊണ്ട് ഒരു വർഷത്തെ അരി ഉൽപാദിപ്പിക്കാം. പക്ഷെ വെല്ലുവിളി ഇനിയുമുണ്ട്. നെല്ല് ഉൽപാദി പ്പിച്ചാൽ അരിയാക്കുവാനുള്ള സംവിധാനം കൂടി നാട്ടിലുണ്ടാവണം. നെല്ല് പുഴുങ്ങി ഉണ്ടാക്കി അരിയാക്കുന്ന മോഡേൺ റൈസ് മില്ലുകളും, ചെറിയ യൂണിറ്റുകൾ കുടുംബശ്രീകൾക്കും തുടങ്ങാവുന്നതാണ്. ഇപ്പോൾ തന്നെ നമ്മുടെ പുഞ്ചകളിൽ ഉൽപാദിപ്പിക്കുന്ന ശുദ്ധ നെല്ല് വിറ്റ് വിഷ അരി വാ ങ്ങുന്ന സ്ഥിതി നില നിൽക്കുന്നു. പ്രധാന കാരണം നെല്ല് അരിയാക്കുന്ന വിഷമം തന്നെ. അത് കൂടി പരിഹരിക്കണം. വിഷ അരി തീറ്റ മതിയാക്കാനാ യി നമുക്ക് കര നെൽകൃഷിയിലേക്ക് ചുവട് വയ്ക്കാം.

'വീട്ട് വളപ്പിലും നെൽ കൃഷി'. അതാവട്ടെ പുതിയ മുദ്രാവാക്യം.



കെ. സ്മിത

# കരനെൽ കൃഷിയുമായി പള്ളിക്കൽ ഗ്രാമപഞ്ചായത്ത്

കേരള സർക്കാർ നെൽ വർഷമായി ആചരിക്കുന്ന ഈ വർഷം നെൽകൃഷിയിൽ സ്വയം പര്യാപ്തത കൈവരിക്കുക എന്ന ലക്ഷ്യത്തെ മുൻനിർത്തിയുള്ള സമഗ്രപരിപാടികൾക്ക് പള്ളിക്കൽ ഗ്രാമപഞ്ചായത്തിൽ തുടക്കമിടുകയാണ്. പഞ്ചായത്തിലെ തരിശ് നിലങ്ങൾ തിരുവനന്തപുരം ജില്ലാ പഞ്ചായത്തിന്റെ സമഗ്രനെൽകൃഷി പദ്ധതിയിൽ ഉൾപ്പെടുത്തി നെൽകൃഷി ചെയ്യുന്നതിന് പുറമെ കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ സഹായത്തോടെ കരനെൽകൃഷി ആരംഭിച്ചിരിക്കുകയാണ്. പഞ്ചായത്തിലെ 10 ഏക്കറോളം സ്ഥലം തൊഴിലുറപ്പ് തൊഴിലാളികളെ ഉപയോഗിച്ച് കാട് തെളിച്ച് നിലമൊരുക്കി കൃഷിയിടം തയ്യാറാക്കി കൊടുത്തുകൊണ്ടാണ് കർഷകരെ കരനെൽകൃഷിക്കായി സജ്ജരാക്കിയത്. ഉയർന്നു വരുന്ന അരിവിലയും കർഷകർ നെൽകൃഷിയിലേക്ക് തിരിയാൻ കാരണമായി. കരനെൽകൃഷിക്ക് ആകർഷമായ സർക്കാർ സബ്സിഡിയും ഇപ്പോൾ നിലവിലുണ്ട്. കതിരിട്ട് 25ാം ദിവസത്തിനകം കരനെല്ല് കൊയ്യാവുന്നതാണ്. ശരിയായ പരിചരണം, ശരിയായ കൃഷിരീതി എന്നിവ അനുവർത്തിച്ചാൽ ഏക്കറിന് 120 കിലോഗ്രാം വരെ വിളവ് ലഭിക്കുന്നതാണ്. ആദ്യഘട്ടമായി പള്ളിക്കൽ ഗ്രാമപഞ്ചായത്തിലെ പ്ലാച്ചിവിള വാർഡിൽ മൂന്നര ഏക്കർ സ്ഥലത്തുള്ള കരനെൽകൃഷിയുടെ ഉദ്ഘാടനം ബഹു ജില്ലാ പഞ്ചായത്ത് സ്ഥിരം സമിതി അദ്ധ്യക്ഷൻ ശ്രീ.ബി.പി മുരളി നിർവഹിച്ചു. പഞ്ചായത്തിൽ ആകെ പത്ത് ഏക്കർ സ്ഥലത്ത് കൃഷി ആരംഭിച്ചു. തൊഴിലുറപ്പ് വഴിയാണ് കൃഷിയിടം ഒരുക്കിയത്. കിളിമാനൂർ ബ്ലോക്ക് പ്രസിഡന്റ് ശ്രീമതി. ശ്രീജ ഷൈജുദേവ് അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. അടുക്കൂർ ഉണ്ണി അവർകൾ സ്വാഗതം പറഞ്ഞു. വൈസ് പ്രസിഡന്റ് ശ്രീമതി ഹസീന,ഗ്രാമപഞ്ചായത്തംഗങ്ങളായ ശ്രീമതി എസ്സ്.പുഷ്പലത,ശ്രീമതി രേണുകകുമാരി,ശ്രീ പള്ളിക്കൽ നസീർ എന്നിവർ പങ്കെടുത്തു,കൃഷി ഓഫീസർ ശ്രീമതി കെ സ്മിത നന്ദി രേഖപ്പെടുത്തി. വരും വർഷം കൂടുതൽ കരഭൂമി നെൽകൃഷിയ്ക്ക് വേണ്ടി ഒരുക്കിക്കൊടുക്കുന്നതിനായി തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി കരനെൽകൃഷി വിപുലീകരിക്കുകയാണ് ഗ്രാമപഞ്ചായത്തിന്റെ ലക്ഷ്യം.



ഹരിപ്രിയ ദേവി

# പരിസ്ഥിതി പരിവർത്തന കൃഷി

## ജൈവകൃഷിയിലെ സുന്ദരമായ സാങ്കേതിക വിദ്യ

ജൈവകേരളം എന്ന ആശയവുമായി മുന്നോട്ട് കുതിക്കുന്ന കാർഷിക കേരളത്തിന് പരീക്ഷിക്കാൻ സാധിക്കുന്ന സുന്ദരമായ സാങ്കേതിക വിദ്യയാണ് പരിസ്ഥിതി പരിവർത്തന കൃഷി അഥവാ ഇക്കോളജിക്കൽ എഞ്ചിനീയറിംഗ്. പ്രധാന വിളയുടെ പരിസ്ഥിതിയിൽ മാറ്റം വരുത്തുന്നു എന്നതാണ് ഈ രീതിയുടെ പ്രത്യേകത അതിന് വേണ്ടി പ്രധാന വിളയുടെ കീടങ്ങളെ ആകർഷിക്കുകയോ വികർഷിക്കുകയോ ചെയ്യുന്ന വിളകളെ പ്രധാന വിളയുടെ ചുറ്റും വളർത്തുക എന്നതാണ് ഈ സാങ്കേതിക വിദ്യയുടെ പ്രധാന പ്രത്യേകത.ഇത് കൂടാതെ പ്രധാന വിളയെ കീടങ്ങൾ ഉപദ്രവിക്കാതെ അവയെ സംരക്ഷിക്കുന്ന അതിർത്തി വിളകൾ വളർത്തുന്നതും ഇതിൽ ഒരു രീതിയാണ്.

പരിസ്ഥിതി പരിവർത്തന കൃഷി ഇന്ത്യയിൽ പ്രചരിപ്പിക്കാൻ ചെയ്യാൻ ശ്രമിക്കുന്നത് ഹൈദ്രാബാദിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്ലാന്റ് ഹെൽത്ത് മാനേജ്മെന്റ് ആണ്. പ്രധാന വിളയ്ക്കൊപ്പം അൽപ്പം നേരത്തെ തന്നെ പരിസ്ഥിതി പരിവർത്തന വിളകളുടെ വിത്തിടുന്നു. പ്രധാന വിള പൂവിടുന്നതിന് മുൻപ് തന്നെ മറ്റ് ആകർഷണ വിളകൾ പൂത്തു തുടങ്ങുന്നു. അങ്ങനെ പ്രധാന വിളയുടെ കീടങ്ങളെ തങ്ങളിലേക്ക് ആകർഷിക്കുകയും അത് ഒരു പരിധി വരെ പ്രധാന വിളയെ കീടങ്ങളിൽ നിന്ന് രക്ഷിക്കുകയും ചെയ്യുന്നു. അത് പോലെ തന്നെ കീടങ്ങളെ വിളകളിൽ നിന്ന് വികർഷിക്കുന്ന വിളകളെയും നമുക്ക് വളർത്താം. പരിവർത്തന കൃഷിയിൽ ഉപേയാഗിക്കുന്ന വിളകൾക്ക് ഉണ്ടായിരിക്കേണ്ട പ്രധാന ഗുണങ്ങൾ

1. പുക്കൾ ഉണ്ടാകുന്നവ,അതിൽ ധാരാളം പരാഗരേണുക്കളും തേനും ഉൽപ്പാദിക്കുന്നവ
2. എളുപ്പത്തിൽ വളർത്തിയെടുക്കാവുന്നവ
3. പ്രധാന വിളയുമായി മൽസരിക്കാത്തവ
4. കളയായി മാറാത്തവ
5. കന്നുകാലികൾക്ക് വിഷവിളകളാകത്തവയും ഒപ്പം അധിക വിളയുടെ ഗുണം തരുന്നവയും

### ഒന്ന് രണ്ട് ഉദാഹരണങ്ങൾ

സൂര്യകാന്തി,ജമന്തി,തുളസി, ചോളം,ആവണക്ക്,വെണ്ട തുടങ്ങിയ സസ്യങ്ങൾ പച്ചക്കറി വിളകളിൽ പരിസ്ഥിതി പരിവർത്തന വിളയായി ഉപയോഗിക്കാവുന്നതാണ് – ജൈവ കൃഷിയിൽ കീടനാശിനി പ്രയോഗീക്കാതെ കീടങ്ങളെ അകറ്റി നിർത്താവുന്ന ഈ വിദ്യ നമ്മുടെ നാട്ടിലെ കർഷകർക്ക് വളരെ എളുപ്പത്തിൽ പ്രയോഗിക്കാവുന്നതാണ്.



ടി.വി. അബ്ദുറഹിമാൻകുട്ടി

# കടത്തനാട്ടിലെ മതമൈത്രിയുടെ സുവർണ്ണ മുദ്രകൾ

മലബാറിൽ മുസ്‌ലിംകളുടെ ആഗമനകാലത്തുതന്നെ സഹോദര സമുദായമായ ഹിന്ദുക്കളിൽ നിന്ന് അവസരോചിതമായ സഹായത്തോടെയാണ് മലബാറിൽ ഇസ്‌ലാംമതം പ്രചരിച്ചത്. തുടർന്ന് കോലത്തിരി നാട്ടിൽ മുസ്‌ലിംകളും ഹിന്ദുക്കളും സുദൃഢമായ ബന്ധം പുലർത്തിപോന്നിരുന്ന സമയത്താണ് 1498ൽ വാസ്ഗോഡിഗാമയുടെ വരവ്. തുടർന്ന് ഗാമയുടേയും ഉപജാപക സംഘത്തിന്റേയും ഹേതുവായി മുസ്‌ലിംകളും ഹിന്ദുക്കളും തമ്മിൽ കടുത്ത ശത്രുതയിലായി. പതിനാറാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന തച്ചോളി ഒതേനന്റെയും കുഞ്ഞാലി മരയ്ക്കാരുടെയും കാലത്ത് കൊല്ല വർഷം 759 മുതലാണ് ഇതിനൊരു മാറ്റം വന്നത്. കോട്ടക്കൽ മൂത്ത കുഞ്ഞാലിമരക്കാർക്ക് കാണിക്കവെച്ച് അനുഗ്രഹം വാങ്ങിയ ശേഷമാണ് തച്ചോളി ഒതേനൻ തന്റെ കളരി നില നിർത്തിയിരുന്നത്.

*നേരിട്ടുവെട്ടി മരിച്ചതെങ്കിൽ*
*നാട്ടേക്കു നല്ലൊരു മാനംതന്നെ*
*ചേകോന്മാരായി ജനിച്ചാൽപിന്നെ*
*വാൾക്കണയിൽ ചോറല്ലോ*
*ചേകോന്മാർക്ക്*

ലോകനാർകാവിലെ ആറാട്ടുത്സവത്തിന് വേണ്ടിയുള്ള പന്തൽ നിർമ്മാണ വേളയിൽ മതിലൂർ ഗുരുക്കളും ഒതേനനും തമ്മിൽ നടന്ന വാഗ്വാദങ്ങൾ ഹേതുവായി ഇരുവരും പൊന്നിയത്തുവെച്ച് പടകുറിച്ച വിവരം നാടുവാഴി തമ്പരാക്കന്മാർക്കും ചന്തുവിനും കുഞ്ഞാലി മരയ്ക്കാർക്കും വടകരയിലെ പഴയ മുസ്‌ലിം തറവാടായ ചീനംവീട്ടിലെ കാരണവർക്കും ഓലകളെഴുതി അറിയിച്ചിരുന്നു. തുടർന്ന് പട നോറ്റിരുന്ന ഒതേനനെ തച്ചോളി മാണിക്കോത്ത് തറവാട്ടിലെത്തി ഇവരെല്ലാം സന്ദർശിച്ച് വിജയാശംസകൾ നേർന്നു.

ഒതേനനും മരയ്ക്കാരും തമ്മിലുള്ള സുദൃഢബന്ധം വ്യക്തമാക്കുന്ന വില്യംലോഗന്റെ മലബാർ മാനുവലിലെ വടക്കൻപാട്ടിലെ വരി

കൾ ടി.വി. കൃഷ്ണൻ വിവർത്തനം ചെയ്തത് ഇങ്ങനെ സംഗ്രഹിക്കാം.

*പൊയ്തു ദിവസമായ വ്യാഴാഴ്ച*
*വന്നു*
*കൂട്ടരുമൊത്ത്*
*കോട്ടക്കൽ അഹമദ് കുരിക്കളെത്തി*
*വടകര പീടയേക്കൽ കുഞ്ഞിപ്പോക്കർ*
*തന്റെ സഹായികളോടൊപ്പമെത്തി*
*പടനിലത്തിൽ കൂട്ടംചേർന്നവരുടെ*
*ആരവം*
*വാളുകൾ കൂട്ടിമുട്ടുന്ന ശബ്ദം*
*ഒതേനൻ മടിക്കുത്തിൽ നിന്ന്*
*പതിനാറു വെള്ളിപ്പണം*
*കൈയിലെടുത്തു*
*കോട്ടക്കൽ അഹ്മ്മദ് മരയ്ക്കാരുടെ*
*കാലിൽവെച്ച്*
*വീണു വണങ്ങി*
*പടച്ചവനായ അല്ലാഹുവിന്റെ*
*നാമത്തിൽ*
*മരക്കാർഒതേനനെ ആശിർവ്വദിച്ചു*
*മരക്കാർ ഒതേനനോട് പറഞ്ഞു:*
*നിങ്ങൾ നിൽക്കുന്ന ഈ സ്ഥലം*
*കളരിയായിരിക്കും*
*യുദ്ധദേവതയുടെ ആസ്ഥാനം*
*ഇതേ വിധത്തിൽ ഒതേനനെ*
*മറ്റുള്ളവരും അനുഗ്രഹിച്ചു.*

കോട്ടക്കൽ ഓമന കുഞ്ഞാലിക്ക്, നായരും തിയ്യരും ഒന്നുപോലെ. എന്ന വരികൾ കുഞ്ഞാലി മരയ്ക്കാർ ജാതിമതഭേദമന്യെ പുലർത്തിപ്പോന്ന സമഭാവന വ്യക്തമാക്കുന്നവയാണ്. മരയ്ക്കാന്മാരും ലോകനാർക്കാവ് ക്ഷേത്ര സ്ഥാനികളും തമ്മിലുള്ള മൈത്രിബന്ധം ശ്ലാഘനീയ ചരിത്ര ലിഖിതമാണ്.

*കാവിലെ ദേവതപൊന്നുദേവി*
*എല്ലാരേം ഒന്നായി കണ്ടുദേവി*
*കുലവും കുലപ്പേരും ചോദിച്ചില്ല*
*മനുഷ്യകുലത്തിന്റെ കാവിലമ്മ*

തുടങ്ങിയ വാമൊഴി വരികൾ ക്കൊണ്ട് പുകൾപ്പെറ്റ ലോകനാർക്കാവ് വടകരയിലെ നഗരത്തിൽനിന്ന് അഞ്ച് കിലോമീറ്റർ കിഴക്ക് സ്ഥിതി ചെയ്യുന്നു.

വടക്കൻപാട്ടുകളിൽ നിറഞ്ഞു നിൽക്കുന്ന ഈ ക്ഷേത്രം ചരിത്രവും ഐതീഹ്യവും ഇഴചേർന്നതാണ്. ലോകനാർ കാവിലെ ചുറ്റുമതിൽക്കെട്ടിനുള്ളിൽ തച്ചോളി കുടുംബക്കാർക്ക് ഉത്സവം കാണാൻ ഇരിക്കാനുള്ള തറക്കരികെ തന്നെ മുസ്‌ലിം പൗരപ്രമുഖർക്ക് കാല് താഴ്ത്തി ഇരിക്കാൻ മറ്റൊരു തറ സ്ഥാപിച്ചിരുന്നു.

*കാവിൽ ഭഗവതീ പൊന്നമ്മയ്ക്ക്*
*മക്ക്യേളെ മക്കളും മക്കളാൺ*
*മെക്കേലെ മക്കളും മക്കളാണ്*
*അരയ്ക്കാരുംമക്കളും മക്കളാണ്*

ഈ വരികൾ ലോകനാർകാവിലമ്മ നാനാജാതി മതസ്ഥരെ മക്കളായി കരുതുന്നുവെന്നാണ് സങ്കൽപ്പം. മെക്കേലെ മക്കൾ എന്നതുകൊണ്ട് അറബി മുസ്‌ലിങ്ങളെയാണ് ഉദ്ദേശിക്കുന്നത്.

ഈ കഥയിലെ മറ്റൊരു തിളക്കമുറ്റ ഇടമാണ് കക്കിടിപ്പുഴയോരത്ത് സ്ഥിതിചെയ്യുന്ന ചീനം വീട്. പൗരാണികകാലത്ത് മലബാറിലെ തീരപ്രദേശങ്ങളിൽ ചൈനക്കാർക്ക് വ്യാപാരബന്ധങ്ങൾ ഉണ്ടായിരുന്നു. ചൈനയ്ക്ക് അറബിയിൽ സ്വീൻ എന്നാണ് ഉച്ചാരണം. സ്വീൻ എന്നതിന്റെ പരിവർത്തിത രൂപമാണ് ചീന. ഇതെല്ലാം ചേർത്തായിരിക്കാം ചീനംവീട് എന്ന് സിദ്ധിക്കാൻ കാരണം.

ആദ്യകാലത്ത് ചീനംവീട് ജുമുഅത്ത് പള്ളി ഓലമേഞ്ഞ ചെറിയൊരു പള്ളിയായിരുന്നു. മുന്നൂറ് വർഷങ്ങൾക്ക് മുമ്പ് പള്ളിയിലെ ഉസ്താദും വലിയ്യുമായ മായിൻ മുസ്‌ലിയാരുടെ നേതൃത്വത്തിൽ പള്ളി പുതുക്കി പണിയാൻ ഒരുക്കങ്ങൾ തകൃതിയായി ആരംഭിച്ചു. ഇതിനാവശ്യമായ മരത്തിനുവേണ്ടി കുറ്റ്യാടിയിലെത്തിയ മായിൻ മുസ്‌ലിയാരും സംഘവും പ്രദേശത്തെ ഭൂഉടമയായ നമ്പൂതിരിയെ സമീപിച്ച് പള്ളിക്ക് ആവശ്യമായ മരം തരണമെന്ന് അഭ്യർത്ഥിച്ചു.

മുമ്പ് മുറിക്കുന്ന സമയത്ത് ദിശതെറ്റി കൊക്കയിലേക്ക് വീണ മരം എടുത്തുകൊള്ളാൻ നമ്പൂതിരി പറഞ്ഞു. മുസ്‌ലിയാർ സസന്തോഷം അംഗീകരിച്ചു. ചീനംവീട്ടിലേക്ക് മടങ്ങി.

പക്ഷെ കൊക്കയിൽ വീണ മരം കയറ്റാൻ നമ്പൂതിരിയുടെ കാര്യസ്ഥന്മാരുടെ നേതൃത്വത്തിൽ പല തവണ ശ്രമങ്ങൾ നടത്തിയെങ്കിലും എല്ലാം നിഷ്ഫലമാകുകയാണുണ്ടായത്.

അത്ഭുതകരമെന്നു പറയട്ടെ സംഭാഷണങ്ങൾ നടന്ന അന്ന് രാത്രി അസാധാരണമായി അതിശക്തമായ കാറ്റും മഴയും ഇടിയും മിന്നലും. തുടർന്ന് തിമർത്തു പെയ്ത പേമാരിയിൽ കൊക്ക നിറഞ്ഞുകവിഞ്ഞൊഴുകി. കൂലംകുത്തി ഒഴുകിയ ജലപ്രവാഹത്തിലൂടെ മരം കക്കിടിപ്പുഴയിലെത്തി പള്ളി നിർമ്മിക്കുന്ന സ്ഥലത്തിന് സമീപം കരക്കണഞ്ഞു. ഈ ഒറ്റമരം കൊണ്ടാണത്രെ പള്ളി പുനർനിർമ്മിച്ചത്.

ഇവിടത്തെ കളരിയുള്ളതിൽ ക്ഷേത്രോത്സവത്തിന്റെ രണ്ടാം ദിവസം വെളിച്ചപ്പാടിന്റെ നേതൃത്വത്തിൽ വരവുമായി വരുന്നവർ ചീനംവീട് പള്ളിക്ക് സമീപം എത്തിയാൽ നാണയം കാണിക്കയായി നൽകും. മായിൻ മുസ്‌ലിയാരുടെ ജാറത്തിൽ വിളക്ക് കത്തിക്കുന്നതിലേക്കുള്ള സംഭാവനയാണത്രെ ഇത്. പണം നൽകി വ്യക്തി മടങ്ങിയെത്തിയാലെ വെളിച്ചപ്പാടും സംഘവും സ്ഥലംവിടുകയുള്ളൂ.

മായിൻ മുസ്‌ലിയാരും സന്തതസഹചാരിയായ പാലക്കാട് സ്വദേശി കുങ്കനും പാലക്കാട്ടേക്ക് കച്ചവടത്തിന് പോകുന്ന സമയത്ത് കുട്ടിച്ചാത്തൻ തിറയാട്ടം കാണാനിടയായത്രെ. കുങ്കരുടെ നിസ്വാർത്ഥ പ്രാർത്ഥനയുടെ ഫലമായി കുട്ടിച്ചാത്തൻ ചൈതന്യം പുതുപ്പണത്തേക്ക് വന്നതായും കളരിയുള്ളതിൽ കളരി ഭഗവതിക്ഷേത്രത്തിനോട് ചേർന്ന് പ്രതിഷ്ഠിച്ചതായും മറ്റൊരു ഐതീഹ്യമുണ്ട്.

**ആദ്യകാലത്ത് ചീനംവീട് ജുമുഅത്ത് പള്ളി ഓലമേഞ്ഞ ചെറിയൊരു പള്ളിയായിരുന്നു. മുന്നൂറ് വർഷങ്ങൾക്ക് മുമ്പ് പള്ളിയിലെ ഉസ്താദും വലിയ്യുമായ മായിൻ മുസ്‌ലിയാരുടെ നേതൃത്വത്തിൽ പള്ളി പുതുക്കി പണിയാൻ ഒരുക്കങ്ങൾ തകൃതിയായി ആരംഭിച്ചു.**



എസ്. സുദേനൻ

# സിവിൽ രജിസ്ട്രേഷൻ ഉദ്യോഗസ്ഥരുടെ ചുമതലകളും ഉത്തരവാദിത്വങ്ങളും

## രജിസ്ട്രാർ ജനറൽ ഓഫ് ഇൻഡ്യ

ഈ ആക്ട് പ്രകാരം കേന്ദ്ര സർക്കാർ ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം നടത്തി രജിസ്ട്രാർ ജനറൽ ഓഫ് ഇന്ത്യയായി ഒരാളെ നിയമിക്കുന്നു(വകുപ്പ് 3(1)).

രജിസ്ട്രാർ ജനറലിന്റെ മേൽനോട്ടത്തിലും നിർദ്ദേശാനുസരണവും പ്രവർത്തിക്കുന്നതിനുവേണ്ടി പ്രാപ്തരായ ഉദ്യോഗസ്ഥരെ ആവശ്യമായ തസ്തികകളിലെ ചുമതല നിർവഹിക്കാൻ കേന്ദ്ര സർക്കാരിന് നിയമിക്കാവുന്നതാണ്.(വകുപ്പ് 3(2))

വകുപ്പ് 3(2)ലെ വ്യവസ്ഥകൾ പ്രകാരം അഡീഷണൽ രജിസ്ട്രാർ ജനറൽ ഓഫ് ഇന്ത്യ, ഡെപ്യൂട്ടി രജിസ്ട്രാർ ജനറൽ, ജോയിന്റ് രജിസ്ട്രാർ ജനറൽ (ഡയറക്ടർ ഓഫ് സെൻസസ് ഓപ്പറേഷൻസ്) എന്നിവരെ രജിസ്ട്രാർ ജനറൽ ഏൽപ്പിക്കുന്ന ജോലികൾ സമയാസമയങ്ങളിൽ നിർവഹിക്കുന്നതിന് അധികാരപ്പെടുത്തുന്നു.

### ചുമതലകൾ

ഈ ആക്ടിലെ വകുപ്പ് 3(3) പ്രകാരം രജിസ്ട്രാർ ജനറൽ ഓഫ് ഇന്ത്യ താഴെ പറയുന്ന കാര്യങ്ങളുടെ കേന്ദ്ര അധികാരി ആയിരിക്കും:

- ഈ ആക്ട് പ്രാബല്യത്തിൽ വരുന്ന പ്രദേശങ്ങളിലെ ജനനവും മരണവും രജിസ്റ്റർ ചെയ്യുന്നതുമായി ബന്ധപ്പെട്ട പൊതുനിർദ്ദേശങ്ങൾ നൽകൽ
- രജിസ്ട്രേഷൻ പ്രവർത്തനങ്ങളിൽ ചീഫ് രജിസ്ട്രാർമാരുടെ പ്രവർത്തനങ്ങളെ എകോപിപ്പിക്കുകയും ഐകരൂപ്യം നൽകുകയും ചെയ്യ ൽ.
- ഈ ആക്ട് പ്രകാരം വിവിധ പ്രദേശങ്ങളിലെ പ്രവർത്തനങ്ങളെ കുറിച്ച് കേന്ദ്ര സർക്കാരിന് വാർഷിക റിപ്പോർട്ട് സമർപ്പിക്കൽ.

ചീഫ് രജിസ്ട്രാർ/അഡീഷണൽ ചീഫ് രജിസ്ട്രാർ/ഡെപ്യൂട്ടി ചീഫ് രജിസ്ട്രാർ

ഈ ആക്ടിലെ വകുപ്പ് 4(1) പ്രകാരം സംസ്ഥാന ഗവൺമെന്റിന് ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം നടത്തി സംസ്ഥാനത്തെ ചീഫ് രജിസ്ട്രാറെ നിയമിക്കാം.

ചീഫ് രജിസ്ട്രാറുടെ മേൽനോട്ടത്തിലും നിർദ്ദേശാനുസരണവും പ്രവർത്തിക്കുന്നതിനുവേണ്ടി ആവശ്യമായ തസ്തികകളിൽ പ്രാപ്തരായ ഉദ്യോഗസ്ഥരെ ചുമതല നിർവഹിക്കാൻ സംസ്ഥാന സർക്കാരിന് നിയമിക്കാവുന്നതാണ്. ചീഫ് രജിസ്ട്രാർ പ്രസ്തുത ജോലികൾ നിർവഹിക്കാൻ സമയാസമയങ്ങളിൽ അവരെ അധികാരപ്പെടുത്തുന്നതാണ്(വകുപ്പ് 4(2)).

വകുപ്പ് 4(2) പ്രകാരം അഡീഷണൽ ചീഫ് രജിസ്ട്രാർ/ ഡെപ്യൂട്ടി ചീഫ് രജിസ്ട്രാർ എന്നിവരെ എല്ലാ സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലും നിയമിക്കുന്നു.

## ചുമതലകൾ

ഈ ആക്ടിലെ വകുപ്പ് 4(3) പ്രകാരം സംസ്ഥാന സർക്കാർ ഉറപ്പാക്കുന്ന നിയമങ്ങളും ഉത്തരവുകളും നിർദ്ദേശങ്ങളും നടപ്പാക്കാനുള്ള സംസ്ഥാനത്തെ ചീഫ് എക്സിക്യൂട്ടീവ് അതോറിറ്റി ചീഫ് രജിസ്ട്രാർ ആയിരിക്കും.

ചീഫ് രജിസ്ട്രാർ മേൽപറഞ്ഞവ നടപ്പിൽവരുത്താൻ ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും കൂടാതെ:

- സംസ്ഥാനത്ത് കാര്യക്ഷമമായ രജിസ്ട്രേഷനിൽ ഏകോപനവും ഐകരൂപ്യവും മേൽനോട്ടവും ഉറപ്പുവരുത്തുകയും
- ഈ ആക്ടിലെ വകുപ്പ് 19ന്റെ ഉപവകുപ്പ് (2) പ്രകാരം സംസ്ഥാനത്തെ പ്രവർത്തനങ്ങളുടെ റിപ്പോർട്ട് നിർദ്ദിഷ്ടരീതിയിലും നിശ്ചിത ഇടവേളകളിലും തയ്യാറാക്കി സ്ഥിതിവിവര റിപ്പോർട്ടിനോടൊപ്പം സംസ്ഥാനസർക്കാരിന് സമർപ്പിക്കുകയും ചെയ്യേണ്ടതാണ്.

## ജില്ലാ രജിസ്ട്രാർ/അഡീഷണൽ ജില്ലാ രജിസ്ട്രാർ (വകുപ്പ് 6)

വകുപ്പ് 6(1) പ്രകാരം സംസ്ഥാന സർക്കാർ ഓരോ റവന്യൂ ജില്ലക്കും ജില്ലാ രജിസ്ട്രാർമാരെയും ആവശ്യമായ അഡീഷണൽ ജില്ലാ രജിസ്ട്രാർമാരെയും നിയമിക്കുന്നു. ജില്ലാ രജിസ്ട്രാർ ഏൽപ്പിക്കുന്ന ഉത്തരവാദിത്വങ്ങൾ അദ്ദേഹത്തിന്റെ നിയന്ത്രണത്തിനും നിർദ്ദേശങ്ങൾക്കും വിധേയമായി അഡീഷണൽ ജില്ലാ രജിസ്ട്രാർ സമയാസമയങ്ങളിൽ നിർവഹിക്കേണ്ടതാണ്.

## ചുമതലകൾ

ഈ ആക്ടിന്റെ വകുപ്പ് 6(2) പ്രകാരം ജില്ലാ രജിസ്ട്രാർമാരും അഡീഷണൽ ജില്ലാ രജിസ്ട്രാർമാരും താഴെ പറയുന്ന ഉത്തരവാദിത്വങ്ങൾ നിർവഹിക്കേണ്ടതുണ്ട്.

- ചീഫ് രജിസ്ട്രാറുടെ നിർദ്ദേശങ്ങൾക്ക് വിധേയമായി ജില്ലയിലെ ജനനമരണ രജിസ്ട്രേഷനുകളുടെ മേൽനോട്ടം.
- ഈ ആക്ടിന്റെ വ്യവസ്ഥകൾക്കനുസൃതമായി ജില്ലയിലെ ജനനമരണ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട കാര്യങ്ങൾ നിർവഹിക്കാനും ചീഫ് രജിസ്ട്രാർ സമയാസമയങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ നടപ്പാക്കാനുമുള്ള ഉത്തരവാദിത്വം.

ജില്ലാ രജിസ്ട്രാർ/അഡീഷണൽ ജില്ലാ രജിസ്ട്രാർ താഴെ പറയുന്ന ചുമതലകൾ കൂടി നിർവഹിക്കേണ്ടതുണ്ട്:

- രജിസ്ട്രേഷൻ ഓഫീസുകൾ സന്ദർശിച്ച് അവിടെ സൂക്ഷിച്ചിട്ടുള്ള റിക്കാഡുകളുടെ പരിശോധന.
- രജിസ്ട്രാർമാർക്ക് യഥാസമയം ആവശ്യമായ നേതൃത്വവും നിർദ്ദേശങ്ങളും നൽകുക.
- രജിസ്ട്രാർമാർക്ക് വേണ്ടി ആനുകാലിക പരിശീലനപരിപാടികൾ ആസൂത്രണം ചെയ്യുക.
- രജിസ്ട്രാർ ഓഫീസുകളിൽ നിന്ന് ഔദ്യോഗിക റിപ്പോർട്ടുകൾ യഥാസമയം സംസ്ഥാന ആസ്ഥാനത്ത് ലഭിക്കുന്നുവെന്ന് ഉറപ്പ് വരുത്തുക.
- മികച്ച രീതിയിലും മോശമായ നിലയിലും രജിസ്ട്രേഷൻ നടക്കുന്ന പ്രദേശങ്ങളെ കണ്ടെത്താനുള്ള പഠനങ്ങൾ സംഘടിപ്പിക്കുക.
- വിവരം നൽകാനുള്ള വിസമ്മതം, തെറ്റായ വിവരം നൽകൽ, പേരുചേർക്കുന്നത് നിരസിക്കൽ, ഔദ്യോഗിക റിപ്പോർട്ടുകൾ മാസംതോറും അയക്കുന്നതിലുള്ള വീഴ്ച എന്നിവയ്ക്ക് പിഴ ചുമത്തുക(വകുപ്പ് 23)
- രജിസ്ട്രാർമാർ സൂക്ഷിച്ചിട്ടുള്ള രജിസ്റ്ററുകളുടെ മറ്റ് രേഖകളുടെയും സൂക്ഷിപ്പ്, ഹാജരാക്കൽ, കൈമാറ്റം എന്നിവ ഉറപ്പുവരുത്തുക(വകുപ്പ് 30(2)).

## രജിസ്ട്രാർ/സബ് രജിസ്ട്രാർ (വകുപ്പ് 7)

വകുപ്പ് 7(1) പ്രകാരം മുൻസിപാലിറ്റി, പഞ്ചായത്ത് അല്ലെങ്കിൽ മറ്റു തദ്ദേശസ്ഥാപനങ്ങൾ എന്നിവയുടെ അധികാരപരിധിയിൽ വരുന്ന പ്രദേശത്തേക്കായോ അല്ലെങ്കിൽ മറ്റേതെങ്കിലും പ്രദേശത്തേക്കു വേണ്ടിയോ അല്ലെങ്കിൽ സമാനതയുള്ള രണ്ടോ അതിലധികമോ സ്ഥാപനങ്ങളിലേക്കു വേണ്ടിയോ ഒരാളെ രജിസ്ട്രാർ ആയി സംസ്ഥാന സർക്കാരിന് നിയമിക്കാം. മുൻസിപാലിറ്റി, പഞ്ചായത്ത് അല്ലെങ്കിൽ മറ്റ് തദ്ദേശസ്ഥാപനം എന്നിവിടങ്ങളിലെ ഏതെങ്കിലും ഉദ്യോഗസ്ഥനെയോ അല്ലെങ്കിൽ മറ്റ് ജീവനക്കാരെയോ സർക്കാരിന് രജിസ്ട്രാർ ആയി നിയമിക്കാവുന്നതാണ്.

വകുപ്പ് 7(5)ന്റെ വ്യവസ്ഥകൾ പ്രകാരം രജിസ്ട്രാർക്ക് ചീഫ് രജിസ്ട്രാറുടെ മുൻകൂട്ടിയുള്ള അനുമതിയോടെ സബ്-രജിസ്ട്രാർമാരെ നിയമിക്കാവുന്നതും തന്റെ പരിധിയിലെ ഏതെങ്കിലും പ്രദേശത്തെ അധികാരങ്ങളും ചുമതലകളും പൂർണ്ണമായോ ഭാഗികമായോ ഏൽപ്പിച്ച് കൊടുക്കാവുന്നതുമാണ്.

## ചുമതലകൾ:

വകുപ്പ് 7(2) മുതൽ 7(4) വരെയുള്ള വ്യവസ്ഥകൾ പ്രകാരം ഓരോ രജിസ്ട്രാറും സബ് രജിസ്ട്രാറും താഴെപ്പറയുന്ന കാര്യങ്ങൾ നിർവഹിക്കേണ്ടതുണ്ട്.

- ഫീസോ പ്രതിഫലമോ കൂടാതെ വകുപ്പ് 8 അല്ലെങ്കിൽ വകുപ്പ് 9 പ്രകാരം ലഭിക്കുന്ന എല്ലാ വിവരങ്ങളും രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. തന്റെ പരിധിയിൽ നടക്കുന്ന എല്ലാ ജനനങ്ങളെയും മരണങ്ങളെയും സംബന്ധിച്ച വിവരങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുകയും അവ രജിസ്റ്ററിൽ ഉൾകൊള്ളിച്ചിട്ടുണ്ടെന്ന് ബോദ്ധ്യപ്പെടേണ്ടതുമാണ്.
- താൻ നിയമിക്കപ്പെട്ടിരിക്കുന്ന പ്രദേശത്ത് ഒരു ഓഫീസ് ഉണ്ടായിരിക്കേണ്ടതാണ്.
- ചീഫ് രജിസ്ട്രാർ നിർദ്ദേശിച്ചിട്ടുള്ള ദിവസങ്ങളിലും സമയങ്ങളിലും ജനന-മരണ രജിസ്ട്രേഷനു വേണ്ടി ഓഫീസിൽ ഹാജരാകേണ്ടതാണ്. ഓഫീസിനു മുൻഭാഗത്തെ വാതിലിലോ അതിനുസമീപമോ ശ്രദ്ധിക്കപ്പെടുന്ന സ്ഥലത്തോ പ്രാദേശികഭാഷയിൽ ഉദ്യോഗസ്ഥന്റെ പേര്, ജനനമരണ രജിസ്ട്രാറായി നിയമിക്കപ്പെട്ട പ്രദേശത്തിന്റെ പേര്, ഓഫീസിൽ ഹാജരാകുന്ന ദിവസങ്ങൾ, സമയം എഴുതി വെയ്ക്കേണ്ടതാണ്.

*(അവലംബം: 2012 ലെ ഇന്ത്യയിലെ സിവിൽ രജിസ്ട്രേഷൻ അധികാരികൾക്കുള്ള പരിശീലന മാന്വൽ)*




ജി.കെ

# റിയോ @ 2016

പകരം വയ്ക്കാനില്ലാത്ത ലോക കായിക മാമാങ്കമായ ഒളിംപിക്സിന്റെ 31ാം പതിപ്പിന് ഇത്തവണ തിരിതെളിഞ്ഞത് ജൈവവൈവിധ്യങ്ങളുടെ കലവറയായ ബ്രസീലിലെ റിയോഡിജനീറോയിലാണ്. 207 രാജ്യങ്ങളിൽ നിന്ന് 11303 പേരാണ് 28 കായിക ഇനങ്ങളിൽ ഇത്തവണ മാറ്റുരച്ചത് .ജാതി മത വർണ്ണ വർഗ്ഗ വ്യത്യാസമില്ലാതെ വിവിധ സംസ്കാരങ്ങൾ ഒരു കുടകീഴിൽ ഒരൊറ്റ മനസ്സും മെയ്യുമായി മാറുന്ന ഇന്ദ്രജാലം;അത് ഒളിംപിക്സ് എന്ന കായിക വിരുന്നിന് മാത്രം സ്വന്തം. ലോക രാജ്യങ്ങൾ തമ്മിലുള്ള സൗഹൃദത്തിന്റെയും സഹകരണത്തിന്റെയും ഒരു ചുരുക്കെഴുത്താണ് ഒളിംപിക്സ്. അഞ്ച് ഭൂഖണ്ഡങ്ങൾ ഒന്നായി തീരുന്ന വിസ്മയകാഴ്ച്ച. ആധുനിക ഒളിംപിക്സിന്റെ ചരിത്രത്തിലാദ്യമായിട്ടാണ് ഒരു ലാറ്റിനമേരിക്കൻ രാജ്യം കായികമാമാങ്കത്തിന് ആതിഥേയത്വം വഹിക്കുന്നത്. രാഷ്ട്രീയ സാമ്പത്തിക പ്രതിസന്ധിയിൽപ്പെട്ടുഴലുന്ന ബ്രസീലിന് മേള സംഘടിപ്പിക്കാൻ സാധിക്കുമോ എന്ന ചോദ്യങ്ങൾ ഉയർന്നെങ്കിലും 19 ദിവസം നീണ്ട് നിന്ന മേള പ്രൗഡോജ്ജ്വലമായി സംഘടിപ്പിക്കുന്നതിൽ സംഘാടകർ വിജയിച്ചു.

മെഡൽ നേടുന്നതിനേക്കാളുപരി മൽസരയിനങ്ങളിൽ പങ്കെടുക്കുക എന്നതാണ് ഒളിംപിക്സിന്റെ അന്തസത്ത. പങ്കെടുക്കുന്ന എല്ലാവരും ഒളിംപ്യൻമാരാണ് എന്നതാണ് ഒളിംപിക്സിന്റെ സവിശേഷത. ഒളിംപിക്സിന്റെ അന്തസത്തയ്ക്ക് യാതൊരുവിധത്തിലുള്ള അലോരസമുണ്ടാക്കാതെ വർഷങ്ങളായി മൽസരങ്ങളിൽ പങ്കെടുക്കുന്ന രാജ്യമാണ് നമ്മുടെത്. ഇന്ത്യയിൽ നിന്ന് 124പേരാണ് ഇത്തവണ ഒളിംപിക്സിന് യോഗ്യത നേടിയത്. ആദ്യമായിട്ടാണ് ഇന്ത്യയിൽ നിന്ന് ഇത്രയധികം പേർ യോഗ്യത നേടുന്നത് എന്ന പ്രത്യേകതയുണ്ട്. എന്നാൽ പങ്കാളിത്തത്തിനനുസരിച്ച് നമുക്ക് മൽസരങ്ങളിൽ മെഡൽ നേടാനായില്ല എന്നത് ഒരു ന്യൂനതയായി നിലനിൽക്കുന്നു.ട്രാക്ക് അന്റ് ഫീൽഡിലും,ഗെയിംസ് ഇനങ്ങളിലും നമ്മുടെ പ്രകടനം അതി ദയനീയമായിരുന്നു. ഇന്ത്യൻ കായിക താരങ്ങൾ ദേശീയ തലത്തിൽ പുലർത്തുന്ന മികവും, ഊർജ്ജവും,ചടുലതയും അന്താരാഷ്ട്ര കായിക വേദികളിൽ പ്രകടമാക്കാൻ സാധിക്കുന്നില്ല എന്നത് ചരിത്ര വസ്തുതയാണ്. മെഡൽ നേടാൻ സാധിക്കാതെ പോയ കായികതാരങ്ങളെ അടച്ചാക്ഷേപിക്കുന്നത് ശരിയായ പ്രവണതയല്ല. മൽസരങ്ങളിൽ നമ്മുടെ രാജ്യം പരാജയപ്പെട്ടതിന്റെ ഉത്തരവാദിത്വം കായികതാരങ്ങളുടെ

തലയിൽ മാത്രം കെട്ടിവയ്ക്കുന്നതും ശരിയല്ല. ഒരു രാജ്യത്തെ കായികതാരങ്ങളെ വാർത്തെടുക്കുന്നതിൽ അവിടുത്തെ ഭരണകൂടങ്ങൾക്കും അധികാരികൾക്കും വലിയ പങ്ക് വഹിക്കേണ്ടതായിട്ടുണ്ട്. സാമൂഹിക സാമ്പത്തിക ചട്ടകൂടുകൾക്കുള്ളിൽ ഒതുങ്ങേണ്ടി വരുന്ന കായിക പ്രതിഭകളെ കണ്ടെത്തി അവരുടെ പരിശീലനത്തിനാവശ്യമായ അടിസ്ഥാന ഭൗതിക സാഹചര്യങ്ങൾ ഒരുക്കി കായികലോകത്തിന്റെ ഉന്നത ശ്രേണിയിലേക്ക് കൈപിടിച്ചുയർത്തേണ്ട ചുമതല ഭരണകൂടത്തിനുണ്ട്. വിദേശ രാജ്യങ്ങളിൽ സ്കൂൾ പാഠ്യ പദ്ധതിയിൽ സ്പോർട്സ് ഒരു പ്രധാന പാഠ്യവിഷയമാണ്. അക്കാദമിക്ക് തലങ്ങളിൽ സ്പോർട്സിന് വേണ്ടത്ര പ്രാധാന്യം ഒരു കാലത്തും നമ്മൾ നൽകിയിട്ടില്ല. കണിശതയാർന്ന പരിശീലനത്തിലൂടെ എങ്ങനെ ഉയരങ്ങൾ കീഴടക്കാം എന്നതിന്റെ ഉത്തമ ദൃഷ്ടാന്തമാണ് നമ്മുടെ അയൽ രാജ്യമായ ചൈന. മെഡൽ പട്ടികയുടെ പിന്നാമ്പുറങ്ങളിൽ നിന്ന് ചൈന എന്ന രാജ്യം എങ്ങനെയാണ് കായികരംഗത്ത് കുതിച്ച് ചാട്ടം നടത്തിയതെന്ന് നമ്മുടെ സ്പോർട്സ് മന്ത്രാലയത്തിന്റെ തലപ്പത്തിരിക്കുന്നവർ പഠനവിധേയമാക്കേണ്ടതാണ്. ഖേൽരത്നയും,പത്മാപുരസ്കാരങ്ങളും കായികതാരകങ്ങൾക്ക് നൽകൽ മാത്രമല്ല ഒരു ഭരണകൂടത്തിന്റെ കർത്തവ്യം. കായിക സംസ്കാരം ചെറുപ്പകാലം മുതൽ വളർത്തിയെടുക്കാൻ വേണ്ട നടപടികൾ സ്വീകരിക്കാത്ത പക്ഷം, കായികമേളകളിൽ മറ്റ് രാജ്യങ്ങളുടെ ദേശീയപതാക ഉയരത്തിൽ പാറുന്നതും നോക്കി നിൽക്കുകയേ നിവൃത്തിയുള്ളു. മൽസരാധിഷ്ഠിതമായ വിദ്യാഭ്യാസ വിപണിയിലേക്ക് ഡോക്ടറും, എഞ്ചിനീയറും, ബിസിനസ്സ് അഡ്മിനിസ്ട്രേറ്റർമാരാക്കാൻ മക്കളെ ഉന്തിതള്ളി വിടുന്ന മാതാപിതാക്കൾ ഉൾകൊള്ളുന്ന രാജ്യം 2 മെഡലുകളിൽ ഒതുങ്ങിയതിൽ അത്ഭുതമില്ല. ലോക ജനസംഖ്യയിൽ 2ാം സ്ഥാനത്ത് നിൽക്കുന്ന നമ്മുടെ രാജ്യം ലോക കായിക ഭൂപടത്തിൽ 67ാമത്തെ പടിയിലാണ്. നൂറ്റി മുപ്പത് കോടി ജനങ്ങളുടെ മെഡൽ സ്വപ്നങ്ങൾക്ക് ചിറക് മുളപ്പിച്ച പി.




വി.സിന്ധു,സാക്ഷി മാലിക്ക് എന്നീ താരങ്ങളോട് രാജ്യം കടപ്പെട്ടിരിക്കുന്നു. ചുണ്ടിനും കപ്പിനുമിടയിൽ മെഡൽ കൈവിട്ട് പോയ ദീപ കർമാർക്കർ,ലളിത ബാബർ എന്നിവരുടെ പ്രകടനങ്ങളും, ഇവരുടെയെല്ലാം പിന്നിൽ ചാലകശക്തികളായി നിന്ന ഗുരുക്കൻമാരുടെ പ്രവർത്തനവും പ്രശംസനീയാർഹമാണ്. ഇന്ത്യൻ കായികരംഗത്തിന് അത്ര പരിചിതമല്ലാത്ത ജിംനാസ്റ്റിക്സിന്റെ ഫൈനലിൽ ദീപകമാർക്കർ എത്തിയതിൽ നമുക്ക് അഭിമാനിക്കാം.വീടിന്റെ നാലതിരുകൾക്കുള്ളിൽ പുരുഷാധിപത്യത്തിന്റെ കീഴിൽ ഒതുങ്ങി ജാതി മത സങ്കൽപങ്ങളുടെ തടവറയിൽ കഴിയേണ്ട യന്ത്രമല്ല സ്ത്രീ എന്ന കാഴ്ചപ്പാട് സമുഹത്തിൽ ഉയർന്ന് വരേണ്ട കാലം അതിക്രമിച്ചു. പി.വി സിന്ധു എന്ന ഇരുപത്തിരണ്ടുകാരിയുടെ പ്രകടനത്തിലൂടെ ലോകം നമ്മെ വീക്ഷിക്കുമ്പോൾ ,നമ്മളുൾപ്പെട്ട സമുഹത്തിലെ ലക്ഷകണക്കിന് പേർ ഗൂഗിൾ വഴി തിരഞ്ഞത് ആ പ്രതിഭയുടെ ജാതിയെ കുറിച്ചായിരുന്നു. രാജ്യത്തിന് സ്വാതന്ത്ര്യം കിട്ടി 70 വർഷം തികയുന്ന ഈ വേളയിൽ ഇന്ത്യൻ സാമൂഹ്യാവസ്ഥയുടെ ജീർണ്ണതയിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്.

ട്രാക്കിൽ ഒരു കൊള്ളിയാൻ കണക്കെ കത്തിപടരുന്ന ഉസൈൻബോൾട്ട് ,നീന്തൽ കുളത്തിലെ രാജകുമാരൻ മൈക്കൽ ഫെൽപ്പ്സ്, ഉയരങ്ങളുടെ രാജകുമാരി ഇസൻ ബയോവ (ഇത്തവണ വിലക്കിനെ തുടർന്ന് പങ്കെടുത്തിരുന്നില്ല) എന്നിവരുടെ വിടവാങ്ങലുകൾക്ക് ഇത്തവണത്തെ ഒളിംപിക്സ് സാക്ഷ്യം വഹിച്ചു. ഈ ഇതിഹാസങ്ങളുടെ പടിയിറക്കം കായികലോകത്തിന് തീരാ നഷ്ടമാണ്.

പുതിയ താരോദയങ്ങളും അസ്തമയങ്ങളും കണ്ടാണ് ഒരോ ഒളിംപിക്സിനും തിരശ്ശീല വീഴുന്നത്. 2020ലെ ഒളിംപിക്സിന് വേദിയാകുന്നത് ജപ്പാന്റെ തല്സ്ഥാനമായ ടോക്യോ നഗരത്തിലാണ്. പുതിയ ദൂരവും, പുതിയ വേഗവും,പുതിയ ഉയരവും കീഴടക്കാനുള്ള കാത്തിരിപ്പാണ് ഇനിയുള്ള 4 വർഷം. ജെസ്സി ഓവൻസ്,പാവറുമ,നാദിയ കോമനേച്ചി,വിൽമാ റുഡോൾഫ് ,കാൾലൂയിസ്,ഉസൈൻ ബോൾട്ട്, ഫെൽപ്പ്സ്, തുടങ്ങി നിരവധി പ്രതിഭാധനൻമാരുടെ പിൻഗാമികൾക്കായുള്ള കാത്തിരിപ്പ്. സൂര്യനസ്തമിക്കാത്ത സാമ്രാജ്യത്തെ സഹനത്തിലൂടെ അടിയറവ് പറയിച്ച നമ്മുടെ രാജ്യം, അശാന്തപരിശ്രമത്തിലൂടെ, തീക്ഷണതയാർന്ന പോരാട്ടത്തിലൂടെ,കഠിനാദ്ധ്വാനത്തിലൂടെ ഒളിംപിക്സിന്റെ നെറുകയിൽ എത്തിചേരുമെന്ന് പ്രത്യാശിക്കാം. ജാതി-മത-വംശീയ -വർഗ്ഗീയ വിവേചനങ്ങളാൽ ലോക രാജ്യങ്ങൾ തീർക്കുന്ന വിദ്വേഷത്തിന്റെ വേലിക്കെട്ടുകളെ മാനവികതയുടെ സന്ദേശത്താൽ നിഷ്പ്രഭമാക്കുകയെന്നതാണ് ഒളിംപിക്സിന്റെ ചരിത്രനിയോഗം. ആ നിയോഗം കാലങ്ങളോളം തുടരുക തന്നെ ചെയ്യും.

# ഓണത്തിന് ജാതിയില്ല മതവുമില്ല



വട്ടപ്പറമ്പിൽ പീതാംബരൻ

ഓർമ്മച്ചെപ്പിൽ ഒളിഞ്ഞിരിക്കുന്ന ഒളിമിന്നുന്ന മധുരിക്കുന്ന ഒത്തിരി ഓർമ്മകൾ പഴമക്കാർക്കുണ്ടായിരിക്കും. ആ ഓർമ്മകളിൽ ഒട്ടും അപ്രധാനമല്ല ഓണത്തെക്കുറിച്ചുള്ളവ. ജാതിമത ഭേദമില്ലാതെ കേരളീയരാകമാനം ആഘോഷിച്ചുവരുന്ന ഒന്നാണ് ഓണം. എന്തിലും ഏതിലും ജാതിയും മതവും കണ്ടെത്താനും ആചാരങ്ങളിലും വിശ്വാസങ്ങളിലും ആഘോഷങ്ങളിലുമൊക്കെ ചരിത്രത്തിന്റെ മേമ്പൊടി ചേർത്ത് അവ തങ്ങളുടെതാണെന്ന് വരുത്തിതീർക്കാൻ പലരും ശ്രമിക്കാറുണ്ട്. എന്നാൽ ഓണം കേരളത്തിന്റെ ദേശീയോൽസവമാണ്. ഓണത്തെപ്പറ്റി നിരവധി ഐതിഹ്യങ്ങളുണ്ട്. ഐതിഹ്യങ്ങൾ കേട്ട്കേൾവികളാണ്. തലമുറകളായി വായ്മൊഴികളിലൂടെ പകർന്നു കിട്ടിയ അത്തരം കഥകൾക്ക് പലപ്പോഴും ചരിത്രവുമായി ബന്ധമുണ്ടായിരിക്കും. ഓണത്തിന് മഹാബലിയുമായി ബന്ധപ്പെട്ട ഐതിഹ്യമാണ് പ്രധാനമായുള്ളത്. ഈ ഐതിഹ്യം വൈരുദ്ധ്യങ്ങൾ നിറഞ്ഞതാണ്. വിഷ്ണുവിന്റെ അഞ്ചാമത്തെ അവതാരമായ വാമനൻ, പ്രജാക്ഷേമതൽപരനായി കേരളം ഭരിച്ചിരുന്ന മഹാബലിയെ ചതിപ്രയോഗത്തിലൂടെ സ്ഥാനഭ്രഷ്ടനാക്കിയതാണ് വാമനാവതാരം എന്ന പുരാണകഥ.

വിഷ്ണുവിന്റെ അഞ്ചാം അവതാരകാലത്ത് മഹാബലി കേരളം ഭരിച്ചിരുന്നതായി ഒരു കഥ. ആറാം അവതാരമായ പരശുരാമൻ കേരളം സൃഷ്ടിച്ചുവെന്ന് മറ്റൊരു കെട്ടുകഥ. ഇതെങ്ങനെ പൊരുത്തപ്പെടുമെന്ന് സംശയമുണ്ടായാൽ അത് ന്യായം. ഓണത്തെക്കുറിച്ച് മറ്റ് ചില ഐതിഹ്യങ്ങളുമുണ്ട്. ബുദ്ധമതവുമായും ചേരമാൻ പെരുമാൾ ഇസ്ലാം മതം സ്വീകരിച്ച് മെക്കയിലേക്കു പോയതുമായും ബന്ധപ്പെട്ടവയാണ് ഓണത്തെപ്പറ്റിയുള്ള മറ്റ് ചില ഐതിഹ്യങ്ങൾ . ഇതൊന്നും ചരിത്ര വസ്തുതകളല്ല. എന്തായാലും ഓണം നൻമയുടെ ഉൽസവമാണ്. മാവേലി നാടു വാണീടും കാലം എന്ന ഓണപ്പാട്ടിൽ വിവരിക്കുന്ന സോഷ്യലിസ്റ്റ് ശൈലിയുള്ള അസുര രാജാവായ മാവേലിയുടെ ഭരണത്തെ അട്ടിമറിച്ചതാണ്. സാധാരണ ജനങ്ങൾ ഇഷ്ടപ്പെടുന്നത് നല്ല ഭരണം കാഴ്ചവച്ച ബലിയെയാണ് . മഹാബലി നൻമയുടെ പ്രതീകമാണ്. ഓണമെന്ന ഒരുമയുടെ ആഘോഷത്തെ ഉൾക്കൊള്ളാനും കേരളത്തിന്റെ ഒരുമയുടെ സംസ്കാരത്തെ അംഗീകരിക്കാനും തയ്യാറാകുന്ന മലയാളിയുടെ മനസ്സ് ശ്ലാഘനീയം തന്നെ .

കേരളീയരുടെ വിളവെടുപ്പുത്സവമാണ് ഓണമെന്ന് അതിന്റെ ആഘോഷരീതികൾ പ്രകടമാക്കുന്നുണ്ട്. നമ്മുടെ തൊഴിൽ മേഖലയിൽ കണ്ടിരുന്ന ഒരു മഹത്ത്വമുണ്ട്. തൊഴിലാളി വർഗ്ഗ സംസ്കാരം .ജാതിമതങ്ങൾക്കതീതമായ ഒരുമയുടെ സംസ്കാരം. അത് ഓണാഘോഷചടങ്ങുകളിൽ കണ്ടെത്താവുന്നതാണ്.ഓണത്തിന്റെ ആഘോഷ വൈവിധ്യങ്ങളിൽ ഈ ഒരുമ മുന്തി നിൽക്കുന്നുണ്ട്. അത്തപ്പൂക്കളം, ഓണസദ്യ,ഓണക്കളികൾ, ഓണപ്പാട്ടുകൾ തുടങ്ങി എല്ലാത്തിലും ഒരുമയുടെ തനിമ നിഴലിക്കുന്നുണ്ട്. കുട്ടികൾ പൂക്കളമിടാനുള്ള പൂപറിക്കാനായി കാടും മേടും താണ്ടിയിരുന്ന ഒരു നല്ലകാലം നമുക്കുണ്ടായിരുന്നു. അപ്പോഴത്തെ ആർപ്പുവിളികളിലും പൂവിളികളിലുമുള്ള താളത്തിന്റെയും ശബ്ദത്തിന്റെയും ഒരുമയിൽ ജാതിയില്ല,മതമില്ല.മനസ്സിന്റെ ഒരുമയാണവിടെ പ്രകടം.

പല നിറത്തിലും ,മണത്തിലും, ആകൃതിയിലും ,വലുപ്പത്തിലുമുള്ള പൂക്കളുടെ ഒരുമ ,അതിടുന്നവരുടെ ഒരുമ ഒക്കെത്തന്നെ സ്നേഹത്തിന്റെയും സൗന്ദര്യത്തിന്റെയും ഐക്യത്തിന്റെയും സഹകരണത്തിന്റയും മഹത്തായ സന്ദേശമാണ് വിളംബരം ചെയ്യുന്നത്. പൂക്കളിൽ ഹിന്ദുവും ഇസ്ലാമും,ക്രിസ്ത്യാനിയുമല്ല .പൂക്കളുടെ ആ ഒരുമ മനുഷ്യന്റെ ഒരുമയ്ക്കുള്ള ചൂണ്ടുപലകയാണ്. കയ്പ്പും പുളിപ്പും എരിവും മധുരവുമുള്ള പല നിറത്തിലുള്ള കറികളുൾപ്പെട്ട ഓണസദ്യയിലും ഒരുമയുടെ സന്ദേശമുണ്ട്. നാനാത്വത്തിലെ ഏകത്വമുണ്ടതിൽ. വൈരുദ്ധ്യത്തിലെ ഏകത്വവും.അവിടെയുമില്ല ജാതിയും മതവും.കുട്ടികളും മുതിർന്നവരും സ്ത്രീകളും പുരുഷൻമാരും ഉൽസാഹപൂർവ്വം ജാതിക്കും മതത്തിനും ഉപരിയായി സ്നഹത്തിനും സാഹോദര്യത്തിനും മുൻതൂക്കം നൽകി നടത്തുന്ന ഓണക്കളികളിലും മനുഷ്യജാതിക്കു നൽകുന്ന മഹത്തായ സന്ദേശം ഒരുമയുടെതാണ്. ജാതിയുടെയും മതത്തിന്റെതുമല്ല.ഓണം കേരളീയ ജനതയെ ഒരുമിപ്പിക്കുന്ന ഒരാഘോഷമാണ്,ആ ഒരുമ തകർക്കാൻ മതത്തിന്റെയും ജാതിയുടെയും വിശ്വാസത്തിന്റെയും പേരിൽ വരുന്ന വരെ നൻമയുടെ പാതയിലേക്ക് കൂട്ടികൊണ്ടുപോകാൻ നമ്മളെ പ്രാപ്തരാക്കുന്ന വസന്തോൽസവമാണ് ഓണം.



# മനംനൊന്തു പോകുന്ന മലരുകൾ

**വി.കെ. ശ്രീധരൻ**

കരിമാനം തീണ്ടിയ കർക്കിടകത്തിന് യവനിക വീണ്,ചിന്നം പിന്നം മഴ പെയ്ത് ചിങ്ങം പിറന്ന് വീഴുമ്പോൾ മലയാളിക്ക് മണ്ണിലും മനസ്സിലും സമൃദ്ധിയുടെ തിരിനാളങ്ങൾ. കാടും നാടും വയലും വഴിയോരവും കുളവും കളവും അകവും പുറവും ഓണപ്പുക്കണിയൊരുക്കി ത്രസിച്ച് നിൽക്കുമ്പോൾ സ്വപ്നങ്ങളില്ലാതെ ഇടുങ്ങിയ ഗുഡികളിൽ നരക യാതന അനുഭവിക്കുകയാണ് കന്നഡ തമിഴ്നാട് അതിർത്തി പങ്കിടുന്ന ഗുണ്ടൽപേട്ടയിലെ കർഷകർ. ചെമ്പട്ടണിഞ്ഞ ചെണ്ടുമല്ലി പൂപ്പാടങ്ങളിൽ നിന്നും,സ്വർണ്ണം പൂശിയ സൂര്യകാന്തിപ്പാടങ്ങളിൽ നിന്നും കരാർ പ്രകാരം ഒരു കിലോയ്ക്ക് മൂന്ന് രൂപയ്ക്ക് അവർ കമ്പനിക്ക് പൂവ് കൊടുക്കുന്നു. ഇടവേളയ്ക്കുശേഷമുള്ള പച്ചക്കറികൃഷി ചെയ്യുമ്പോൾ കർഷകർക്ക് ഒരു കിലോയ്ക്ക് പരമാവധി ലഭിക്കുന്നത് അഞ്ച് രൂപയും .തമിഴ്നാട്ടിലെ തോവാളയിൽ നിന്നും പുഷ്പമഞ്ജരിയെത്തുമ്പോൾ അദ്ധ്വാനത്തിലും ചൂഷണത്തിലും മിഴിനീരുപ്പറ്റിയ മണ്ണിന്റെ മക്കളെ നാം സൗകര്യപൂർവ്വം വിസ്മരിക്കുകയാണ്.

മൂന്ന് പൂക്കാലങ്ങളാൽ സമ്പന്നമായിരുന്ന നമ്മുടെ സംസ്ഥാനം. ഇടവപ്പാതി കഴിയുന്നതോടെ പുഷ്പിക്കുന്ന ചെറുസസ്യങ്ങളും മരുന്ന് ചെടികളും.ഇവയാണ് ഓണപ്പൂക്കളത്തിന്റെ ഊടും പാവും.കുററി ചെടികളുടെ സുമ വർഷം തുലാമഴയുടെ പരിസമാപ്തിയിൽ.ഗ്രീഷ്മജ്വാലകളുടെ പൊള്ളലേറ്റാണ് വൃക്ഷങ്ങൾ/ വൻമരങ്ങൾ പൂക്കുട ചൂടുന്നത്.പ്രകൃതിയുടെ ജൈവ സമ്പത്ത് പൂർണ്ണവും സന്തുലിതവുമാകുന്ന പ്രസ്തുത പ്രപഞ്ചം തേഞ്ഞു മാഞ്ഞു പോയതെങ്ങനെ? മണ്ണകങ്ങളിൽ



സമാധിയുടെ വിത്തുകൾ /ചെടികൾ ആണ്ടിലൊരിക്കൽ മിഴി തുറക്കുന്നതാണ് മാവേലിയുടെ പ്രത്യാഗമന പുരാവൃത്തമെന്ന് ഡോ.പി.രഞ്ജിത്ത് പറയുന്നുണ്ട്(മലയാളിയുടെ ഭുതകാലം,കറന്റ് ബുക്സ്)ഓണം നൻമയുടെ സ്മൃതിയുണർത്തലും നഷ്ടമൂല്യങ്ങലുടെ തിരിച്ച് പിടിക്കലും കൂടിയാണ്.മാർക്കറ്റോണത്തിന്റെ നീരാളി പിടുത്തത്തിൽ നിന്നും വിമുക്തരാവാൻ,ഭക്ഷ്യ സ്വയം പര്യാപ്തതയുടെ രഥമേറി,നാട്ടുപൂക്കളുടെ നറുമണം തേടി,പ്രകൃതിയുടെ മടിത്തട്ടിൽ നമുക്ക് വിലയം പ്രാപിക്കാം.

*തെക്കേക്കര വടക്കേക്കര*
*കണ്ണാന്തളി മുറ്റത്തൊരു*
*തുമ്പ മുളച്ചു*
*തുമ്പകുടത്തിലൊരാലു മുളച്ചു*
*ആലിന്റെ പൊത്തിലൊരുണ്ണി പിറന്നു*
*ഉണ്ണിക്കു കൊട്ടാനും പാടാനും*
*പറയും പറക്കോലും തുടിയും*
*തുടിക്കോലും*
*കൂടെപ്പിറന്ന കുടമുല്ലപ്പൂവേ*
*പൂവേ പൊലി.. പൂവേ പൊലി..*
*പൂവേ പൊലി...*

ഊനം തട്ടാത്ത വട്ടയിലയും തേക്കിലയുമെടുത്ത് ഈർക്കിൽ കൊണ്ട് തുന്നിയുണ്ടാക്കുന്ന കോട്ടാളങ്ങളിൽ നറുമലരുകൾ ശേഖരിക്കുന്ന കുട്ടികൾ ഇന്ന് നാട്ടുമ്പുറങ്ങളിൽ പോലുമില്ല.പൊന്തകാടുകളും, കുറ്റിക്കാടുകളും നീർത്തടങ്ങളും, കുന്നുകളും, പാടശേഖരങ്ങളും ഷോപ്പിംഗ് മാളുകളും റിസോർട്ടുകളുമാകുമ്പോൾ പാതയോരത്തു നിന്നും വയലിറമ്പിൽ നിന്നും തോടുകളിൽ നിന്നുമൊക്കെ കളകൾ വെട്ടിമാറ്റി സൗന്ദര്യവൽകരണം നടത്തുമ്പോൾ നാമറിയാതെ വംശനാശത്തിലേക്ക് കൂപ്പ്കുത്തുന്നത് സപുഷ്പികളായ കുഞ്ഞോമനകളുടെ സൗരഭ്യവും ഔഷധമൂല്യങ്ങളും മാത്രമല്ല പ്രകൃതിരാഗത്തിന്റെ സൂക്ഷമതന്ത്രികൾ മീട്ടുന്ന പൂത്തുമ്പികളും തേനീച്ചകളും ഷഡ്പദങ്ങളും ചെറുപ്രാണികളും കിളികളുമൊക്കെയാണ്. ഉലകിന് മധുരിമയേകുന്ന തേനും ഒളിപരത്തുന്ന നന്മകളും വരും തലമുറയുടെ ജാതകം കുറിക്കുന്ന പരാഗണവും അങ്ങനെ കണ്ണിയറ്റു പോകുകയാണ്.ചുറ്റുമുള്ള പരിസരത്തേയും ചെടികളേയും പൂവുകളേയും നോക്കുവാൻ സമയവും ശ്രദ്ധയുമില്ല എന്നതാണ് പുതുതലമുറയുടെ ശാപം.

കാമദേവന്റെ മലർശരങ്ങൾ വരച്ച് കർക്കിടകത്തിലും വിശേഷ ദിവസങ്ങളിലും ദശപുഷ്പങ്ങൾ ഒരുക്കി വെക്കുന്നു.ഓരോ ഉപയോഗത്തിനും പുഷ്പങ്ങൾക്ക് വിവിധ പേരുകളാണ്; പുഷ്പവൃഷ്ടിയും പൂച്ചെണ്ടുകളും മലർമാലകളും പൂജാപുഷ്പങ്ങളുമൊക്കയായി ഇത് നീളുന്നു.വയലിൽ വയലറ്റ് നെല്ലിപ്പൂവ്,കരിനീല കരിംകൂവളപൂവ്,പച്ചപ്പേന്തി പുല്ലരി പൂക്കൾ ,മഞ്ഞ വിരിച്ച് ചേരണിയും കാതിൽ പൂവും,ഉണ്ടാമണിയൻ,മഞ്ഞകാന്തം അങ്ങനെയങ്ങനെ...കുളത്തിൽ വെള്ള, നീല,ചുവപ്പ്,കമ്പളം വിരിക്കുന്ന ആമ്പലും താമരയും, ശുഭ്ര വസ്ത്രമണിഞ്ഞ് ജലശംഖുപുഷ്പം,നീർപ്പോളയുടെ നീലപരവതാനി,പൂക്കണ്ടലും പുഴമുല്ലയും, വെള്ള -നീല വസ്ത്രം ധരിച്ച് ഓണത്തെ വരവേൽക്കാനൊരുങ്ങുന്നു.

പാറപരപ്പുകളിൽ നീല വസന്തം ചൊരിഞ്ഞ് കാക്കപ്പൂക്കൾ, സപ്ത വർണ്ണങ്ങളുതിർത്ത് ചെത്തി, മന്ദാരം,കോളാമ്പി,തുമ്പ,ചെമ്പരത്തി, അരളി,കണ്ണാന്തളി,മുക്കുറ്റി,മുല്ലകൾ, ഈശ്വരമുല്ല,പാവട്ട ,നിലനാരകം, കാശിതുമ്പ,പിച്ചകം ,അതിരാണി, കൊറ്റിപ്പൂ,പാറനീലി,കൊങ്ങിണി, കൃഷ്ണകിരീടം,കള്ളിപ്പു,കൃഷ്ണ/രാമക്രാന്തി,കൈതോന്നി,വയറവള്ളി,ചണ്ണ(ചുവന്ന തണ്ടുള്ള മഞ്ഞൾ പോലത്തെ ചെടി)കമ്മൽപ്പൂ,കാട്ടുലില്ലി, ,കൂടാതെ വർണ്ണപ്പകിട്ടാർന്ന അസംഖ്യം ഇലച്ചാർത്തുകളും. ഈ വൈവിധ്യങ്ങളും,വൈപുല്യങ്ങളും കാണാതെയും ബലികഴിച്ചും കൊണ്ടാണ് നാം പാണ്ടി പൂക്കൾക്കായി പണം വാരിയെറിയുന്നത്

അത്തം തൊട്ട് തിരുവോണം വരെയും ,ഓണം കഴിഞ്ഞാൽ മകം വരെയും അങ്കണം പുഷ്പാലംകൃതമാക്കാൻ കുട്ടികളുടെ മൽസരമായിരുന്നു.തെങ്ങോല മെടഞ്ഞും മുള ഈറ്റയുടെ കുട്ടകളുമായി തൊടിയിൽ ശലഭമെന്നവണ്ണം പാറിനടന്നിരുന്ന കുട്ടികൾ .ഇല്ലം നിറയും പുത്തരിയുമൊക്കെയായി നിറഞ്ഞു തുളുമ്പുന്ന ആചാരങ്ങളിലും അനുഷ്ഠാനങ്ങളിലും ആഘോഷങ്ങളിലും യഥാർത്ഥ സത്തയും ആനന്ദവും കണ്ടെത്തുക.മണ്ണിൽ തരുലതകളുടെ പൂത്താലം, മാനത്ത് താരങ്ങളുടെ നിറങ്ങളും,മനസ്സിൽ സന്തുഷ്ടിയുടെ പൂക്കളം; മുറ്റത്ത് ബാല്യകൗമാരങ്ങളുടെ നിറവ് .ഓർമ്മകളുടെ താഴ്വരകൾ പൂത്തിറങ്ങുന്ന ഓണനാളുകളിൽ നാടുനീങ്ങുന്ന നാട്ടുപ്പൂക്കൾ നട്ടുവളർത്തുന്നതിനും തിരിച്ചറിയുന്നതിനും പരിലാളിക്കുന്നതിനും നമുക്ക് ദൃഢനിശ്ചയം ചെയ്യാം.




# പഴയന്നൂർ ബ്ലോക്ക് പഞ്ചായത്ത് 'നീതി' ബ്ലോക്ക് ജെന്റർ റിസോഴ്സ് സെന്റർ ഉദ്ഘാടനം ചെയ്തു

ഇദംപ്രഥമമായി സംസ്ഥാനത്തിനു തന്നെ പോലും മാതൃകയായി പഴയന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന പഴയന്നൂർ, തിരുവില്വാമല, പാഞ്ഞാൾ, ചേലക്കര, കൊണ്ടാഴി,വള്ളത്തോൾ നഗർ സി.ഡി.എസ്സുകളിൽ നടപ്പിലാക്കി വരുന്ന ജെന്റർ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനും ബ്ലോക്കുതലത്തിൽ സ്ത്രീകൾക്കുമാത്രമായി ഒരിടം എന്ന നിലയിലും തുടക്കം കുറിച്ച ബ്ലോക്ക് ജെന്റർ റിസോഴ്സ് സെന്റർ 'നീതി' എന്ന പേരിൽ 22/08/2016 ന് സംസ്ഥാന സഹകരണ ടൂറിസം വകുപ്പ് മന്ത്രി ശ്രീ. എ.സി.മൊയ്തീൻ ഉത്ഘാടനം ചെയ്തു. സ്തീകളുടെ സാമൂഹികവും സാമ്പത്തികവും സാംസ്ക്കാരികവും വ്യക്തിപരവുമായ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനും സ്ത്രീകളുടെ കാര്യപ്രാപ്തി വർദ്ധിപ്പിച്ച് സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുന്നതിനുള്ള സാഹചര്യം ഒരുക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം.

സ്ത്രീകളുടെ ജീവിത സാഹചര്യങ്ങളെ സ്വന്തം അനുഭവങ്ങളിലൂടെ വിശകലനം ചെയ്ത് ലിംഗ പദവി തുല്യതയും ലിംഗ നീതിയും സൃഷ്ടിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുകയും സ്ത്രീകളുടെ കാര്യപ്രാപ്തി വർദ്ധിപ്പിക്കുന്നതിനുള്ള സാഹചര്യം ഒരുക്കി സ്തീകളുടെ സാമൂഹികവും സാംസ്ക്കാരികവും വ്യക്തിപരവുമായ പിന്നോക്കാവസ്ഥ പരിഹരിച്ച് സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങളുമാണ് കുടുംബശ്രീ സ്ത്രീ പദവി സ്വയം പഠന പ്രക്രിയ പ്രോഗ്രാമുകളിലൂടെ നടപ്പിലാക്കി വരുന്നത്.

ജില്ലാതല കോർ ടീം , ജില്ലാ

**സ്ത്രീകളുടെ സ്വന്തം അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ പഠന സഹായികളുടെ അടിസ്ഥാനത്തിൽ അയൽക്കൂട്ട തലത്തിൽ ചർച്ചകൾ സംഘടിപ്പിക്കുകയും അഭിപ്രായ ശേഖരണം നടത്തുകയും ചെയ്യുന്നതിലൂടെ സ്ത്രീകൾ സ്വന്തം ജീവിത സാഹചര്യങ്ങളെ വിമർശനാത്മകമായി വിലയിരുത്തുകയും ചെയ്യുന്നു.**

തല ജെന്റർ റിസോഴ്സ് പേഴ്സൺമാർ ജില്ലാ തലം മുതൽ അയൽക്കൂട്ടതലം വരെയുള്ള സപ്പോർട്ടിങ്ങ് ടീം അംഗങ്ങൾ എന്നിവരടങ്ങുന്ന ജെന്റർ ആർ.പി സംവിധാനത്തിലൂടെയാണ് സ്ത്രീശാക്തീകരണ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നത്.

സ്ത്രീകളുടെ സ്വന്തം അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ പഠന സഹായികളുടെ അടിസ്ഥാനത്തിൽ അയൽക്കൂട്ട തലത്തിൽ ചർച്ചകൾ സംഘടിപ്പിക്കുകയും അഭിപ്രായ ശേഖരണം നടത്തുകയും ചെയ്യുന്നതിലൂടെ സ്ത്രീകൾ സ്വന്തം ജീവിത സാഹചര്യങ്ങളെ വിമർശനാത്മകമായി വിലയിരുത്തുകയും ചെയ്യുന്നു.

## പദ്ധതി പ്രവർത്തനങ്ങൾ

- ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിക്കുള്ളിൽ സ്തീകൾക്കും കുട്ടികൾക്കുമെതിരെ അതിക്രമങ്ങൾ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ നീതി ബ്ലോക്ക് റിസോഴ്സ് സെന്ററിൽ നേരിട്ടോ, ഫോൺ മുഖേനയോ ബന്ധപ്പെട്ട് റിപ്പോർട്ട് ചെയ്യാവുന്നതാണ്. ജില്ലാ ജെന്റർ ആർ.പി, ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന സർക്കാർ സർക്കാരിതര സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ,ആരോഗ്യപ്രവർത്തകർ, പോലീസ്, ജാഗ്രതാസമിതി എന്നിവരുമായി ബന്ധപ്പെട്ട് പ്രശ്നങ്ങൾക്ക് പ്രാദേശികമായി പരിഹാരം കണ്ടെത്തുന്നതിനായുള്ള പ്രവർത്തനങ്ങൾക്ക് മുൻകൈ എടുക്കുന്നതാണ്.
- സ്ത്രീ സംരക്ഷണ നിയമങ്ങൾ, ഹെൽപ്പ് ലൈൻ നമ്പറുകൾ മുതലായവ ഉൾപ്പെടുത്തി വിവിധ ഇടങ്ങളിൽ പോസ്റ്ററുകൾ പ്രദർശിപ്പിക്കുന്നതാണ്.
- സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള അതിക്രമങ്ങളെ ചെറുക്കുവാൻ അവർക്കു വേണ്ട സംരക്ഷണവും, പുനരധിവാസവും നൽകുന്ന സർക്കാർ - സർക്കാരേതിര സ്ഥാപനങ്ങളുടെ വിശദവിവരങ്ങളുള്ള കലണ്ടർതയ്യാറാക്കി ഓരോ കുടുംബങ്ങളിലും എത്തിക്കുക. സ്ഥാപനങ്ങളുടെ പേര്, ബന്ധപ്പെടേണ്ട ആളിന്റെ പേര്, ഫോൺ നമ്പർ,ഹെൽപ്പ്ലൈൻ നമ്പർ എന്നിവയെല്ലാം ഇതിൽ ഉൾപ്പെടുത്താവുന്നതാണ്.
- ബ്ലോക്ക് പഞ്ചായത്തിലെ സ്ഥാപനങ്ങളും പൊതു ഇടങ്ങളും സ്ത്രീ സൗഹാർദ്ദപരമാക്കുന്നതിനുള്ള നടപടികൾ.

## ബ്ലോക്ക് ജെന്റർ റിസോഴ്സ് സെന്റർ വഴി നൽകുന്ന സേവനങ്ങൾ

- കൗൺസലിംഗ് : സ്തീകളുടെ മാനസികാരോഗ്യം മെച്ചപ്പെടുത്തുന്നതിനാവശ്യമായ വ്യക്തിഗത കൗൺസലിംഗ്, ഗ്രൂപ്പ് കൗൺസലിംഗ് എന്നിവ നടത്തുന്നതാണ്. കൗൺസിലറുടെ സേവനം ആഴ്ചയിൽ രണ്ടു ദിവസം ലഭ്യമായിരിക്കും. പ്രീമാരിറ്റൽ കൗൺസലിംഗ് കോഴ്സുകൾ ഹെൽപ്പ് ഡസ്ക് വഴി നടപ്പിലാക്കാവുന്നതാണ്.
- സെമിനാറുകൾ,ശില്പശാലകൾ : സ്ത്രീകൾക്കും കൗമാരപ്രായക്കാരായ കുട്ടികൾക്കും വേണ്ടി വിവിധ വിഷയങ്ങളിൽ സെമിനാറുകൾ ,ശില്പശാലകൾ എന്നിവ സംഘടിപ്പിക്കുന്നതാണ്.
- മെഡിക്കൽ ക്യാമ്പ് : സ്ത്രീകൾക്കു വേണ്ടി ഒരു മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കുന്നതാണ്. പഞ്ചായത്തിന്റെ ആരോഗ്യസ്ഥാപനം, ആരോഗ്യ വോളണ്ടിയർ, എൻ.ആർ.എച്ച്.എം എന്നിവരുമായി സംയോജിപ്പിച്ച് സംഘടിപ്പിക്കുന്നതാണ്.
- കൗമാര സദസ്സ് :സി.ഡി.എസ്സ് തലത്തിൽ കൗമാര സദസ്സ് സംഘടിപ്പിക്കുക വഴി കൗമാരക്കാരുടെ പ്രശ്നങ്ങളെ വിശകലനം ചെയ്യുന്നതിനും പ്രശ്ന പരിഹാരത്തിനും കഴിയുന്നതാണ്.
- കരിയർ ഗൈഡൻസ് : പെൺകുട്ടികൾക്ക് വേണ്ടി കരിയർ ഗൈഡൻസ് കോഴ്സുകൾ സംഘടിപ്പിക്കുന്നതാണ്.
- ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന സർക്കാർ-സർക്കാരിതര സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ, ആരോഗ്യ പ്രവർത്തകർ, പോലീസ്, ജാഗ്രതാസമിതി എന്നിവരുമായി ബന്ധപ്പെട്ട് പ്രശ്നങ്ങൾക്ക് പ്രാദേശികമായി പരിഹാരം കണ്ടെത്തുന്നതിനായി അദാലത്ത് സംഘടിപ്പിക്കുന്നതാണ്.
- ജെന്റർ റിസോഴ്സ് സെന്റർ പ്രവർത്തിക്കുന്നതിനാവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ, ഓഫീസ് പ്രവർത്തിക്കുന്നതിനാവശ്യമായ റൂം സൗകര്യം.
- കംപ്യൂട്ടർ, ഇന്റർ നെറ്റ് കണക്ഷൻ : സ്ത്രീകൾക്കും പെൺകുട്ടികൾക്കും വേണ്ടിയുള്ള സൗജന്യ കംപ്യൂട്ടർ പരിശീലനം നൽകുന്നതിലൂടെ സ്ത്രീകളുടെ സാങ്കേതികവിജ്ഞാനം വർദ്ധിപ്പിക്കുന്നു.
- ലൈബ്രറി

## സംഘാടനം

ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന സി.ഡി.എസ്സുകളിൽ പ്രവർത്തിക്കുന്ന ജില്ലാ ജെന്റർ ആർ.പി.മാരാണ് ജെന്റർ റിസോഴ്സ് സെന്ററിന്റെ നടത്തിപ്പ് ചുമതല. പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന മുഴുവൻ സർക്കാർ-സർക്കാതിര സ്ഥാപന പ്രതിനിധികൾ, ജാഗ്രതാ സമിതി അംഗങ്ങൾ, സി.ഡി.എസ്സ് ജെന്റർ സപ്പോർട്ടിംഗ് അംഗങ്ങൾ എന്നിവർ അംഗങ്ങളാണ്.

# രണ്ടാം ജനകീയാസൂത്രണ ക്യാമ്പയിൻ പതിമൂന്നാം പദ്ധതി ജനകീയ പദ്ധതി

## ആമുഖം

ജനാധിപത്യ അധികാരവികേന്ദ്രീകരണത്തിന്റ വിശ്വാസ പ്രമാണങ്ങളായ ജനപങ്കാളിത്ത പ്രാദേശിക ഭരണം, ആസൂത്രണം, സുതാര്യത, സ്ത്രീ-സാമൂഹ്യ-പാരിസ്ഥിതിക നീതി എന്നിവയിലധിഷ്ടിതമായി പ്രാദേശികഭരണ സംവിധാനം ശാക്തീകരിക്കുക എന്നതാണ് ഈ ക്യാമ്പയിനിന്റെ പ്രധാന ലക്ഷ്യം. അധികാരവികേന്ദ്രീകരണത്തിനു 20 വർഷത്തിനുശേഷം കേരളവും സമൂഹവും നേരിടുന്ന പ്രശ്നങ്ങൾ വ്യത്യസ്ത സ്വഭാവമുള്ളതും സങ്കീർണ്ണതയാർന്നതുമാണ്. പ്രാദേശിക ഭരണകൂടങ്ങളുടെ നേതൃത്വത്തിൽ നടന്ന വികസനപ്രവർത്തനങ്ങൾ നമ്മുടെ ഗ്രാമീണ-നഗരപ്രദേശങ്ങളുടെ അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിൽ സുപ്രധാനമായ പങ്ക് വഹിച്ചിട്ടുണ്ട്. അതോടൊപ്പം വികസ്വരസമൂഹം നേരിടുന്ന പുതിയ വികസന പ്രശ്നങ്ങൾ കേരളം ഇപ്പോൾ അഭിമുഖീകരിക്കുകയാണ്. ഭക്ഷ്യവിളകളുടെ ലഭ്യതക്കുറവ്, ജലക്ഷാമം, ഖര-ദ്രവ മാലിന്യങ്ങൾ, പ്രകൃതിവിഭവങ്ങളായ മണ്ണ്, ഭൂമി, ജലം, ജൈവസമ്പത്ത് ഇവയുടെ ശോഷണം എന്നിവയാണ് സമകാലിക കേരളം നേരിടുന്നതും പ്രാദേശിക ഭരണകൂടങ്ങൾക്ക് ഫലപ്രദമായി ഇടപെടാവുന്നതുമായ പ്രധാന വികസന വിഷയങ്ങൾ. പാർശ്വവത്കൃത വിഭാഗങ്ങളുടെ സമഗ്രജീവിത പുരോഗതിയും ഇവയിൽ ഉൾപ്പെടുത്തേണ്ട വിഷയമാണ്.

ജനാധിപത്യ അധികാരവികേന്ദ്രീകരണത്തിനും പ്രാദേശികാസുത്രണത്തിനുംതുടക്കം കുറിച്ച ഒന്നാംഘട്ട ജകീയാസൂത്രണ ക്യാമ്പയിൻ ജനങ്ങളുടെ പങ്കാളിത്തത്തോടെയുള്ള പ്രാദേശിക വികസനത്തിന്റെ പുതുമാതൃക ഭാരതത്തിൽ ആദ്യമായി സൃഷ്ടിക്കുകയായിരുന്നു ജനങ്ങളുടെ പങ്കാളിത്ത വേ



ദിയായ ഗ്രാമസഭയും അയൽക്കൂട്ടങ്ങളും ഉദ്യോഗസ്ഥരുടേയും വിദഗ്ധരുടേയും വേദികളായ വർക്കിംഗ് ഗ്രൂപ്പികൾ, വിദഗ്ധ സമിതികൾ, പ്രവൃത്തി നിർവ്വഹണ സമിതികൾ, മോണിറ്ററിംഗ് കമ്മിറ്റികൾ, മറ്റ് ജനകീയ സംവിധാനങ്ങൾ എന്നിവ ഇദം പ്രഥമമായി വികസന കാര്യങ്ങളിൽ ജനങ്ങൾക്ക് ഇടപെടുന്നതിന് ജനകീയാസൂത്രണം സൃഷ്ടിച്ചപുതിയ സാധ്യതകളായിരുന്നു. കേരളത്തിന്റെ പ്രാദേശിക ഭരണ-വികസന രംഗങ്ങളിൽ ഈ പങ്കാളിത്ത വേദികളുടെ സാന്നിദ്ധ്യം പുത്തനുണർവ്വ് പ്രദാനം ചെയ്യുന്നതിന് കാരണമായിട്ടുണ്ട്.

വികസന പ്രവർത്തനങ്ങളുടെ തീരുമാനമെടുക്കുന്നതിലും നടപ്പാക്കുന്നതിലും പൗരസമൂഹത്തിന് അവകാശവും പങ്കാളിത്തവും ലഭിക്കുന്ന സാഹചര്യമുണ്ടായത് ജനാധിപത്യത്തിന്റെ കീഴ്തല വ്യാപനത്തിന്റെ ആക്കം കൂട്ടുന്നതിനും ഞങ്ങൾ ഉൾപ്പെടുന്നതാണ് ഭരണകൂടമെന്ന വിശ്വാസം ജനങ്ങളിൽ സൃഷ്ടിക്കുന്നതിനും ഉപകരിച്ചിട്ടുണ്ട്.

കഴിഞ്ഞ 20 വർഷതതിനിടയിൽ പ്രാദേശികഭരണകൂടങ്ങളുടെ നേതൃത്വത്തിൽ കേരളത്തിന്റെ സേവന-പശ്ചാത്തല വികസന മേഖലകളിൽ കൈവരിച്ച നേട്ടം മുമ്പത്തെ നാല് ദശകങ്ങളിലേതിനേക്കാൾ പല മടങ്ങ് കൂടുതലാണ്. വിദ്യാഭ്യാസം, ആരോഗ്യം, കുടിവെള്ളം, പാർപ്പിടം, കുട്ടികൾ-സ്ത്രീകൾ-പട്ടികജാതി-പട്ടികവർഗ്ഗ വികസനം, ഗതാഗതം മേഖലകളിൽ ഏറെ മുന്നേറാൻ ജനകീയാസൂത്രണത്തിലൂടെ സാധിച്ചിട്ടുണ്ട്. ഉത്പാദന മേഖലയിൽ പ്രത്യേകിച്ച് നെൽകൃഷി, ചെറുകിട വ്യവസായം എന്നീ മേഖലകളിൽ പ്രതീക്ഷിച്ച വളർച്ച കൈവരിക്കാൻ സാധിച്ചില്ല എന്ന വസ്തുതയും നിലനിൽക്കുന്നു.

## സമീപനം

തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ഭൂപ്രദേശത്തിന്റേയും വിവിധ ജനവിഭാഗങ്ങളുടേയും സമഗ്രവും സ്ഥായിയായതുമായ വികസനവും പുരോഗതിയും ആയിരിക്കും വികസനപ്രവർത്തനങ്ങളുടേയും പദ്ധതി ആസൂത്രണത്തിന്റേയും മുഖ്യലക്ഷ്യം.

പങ്കാളിത്ത ആസൂത്രണ-നിർവ്വഹണ-മോണിറ്ററിംഗ്-സോഷ്യൽ ഓഡിറ്റിംഗിലൂടെ സമഗ്രവികസനമായിരിക്കും പൊതുസമീപനം. തദ്ദേശസ്വയംഭരണ സ്ഥാപനത്തെ ഒരു യൂണിറ്റായി പരിഗണിച്ച് വിവിധ വികസനമേഖലകളിലെ പ്രശ്നങ്ങളുടെ സ്വഭാവം കണക്കിലെടുത്ത് മുൻഗണനകൾ നിശ്ചയിച്ചുള്ള സമഗ്രപരിപാടികളാണ് തയ്യാറാക്കേണ്ടത്. കേന്ദ്ര-സംസ്ഥാനാവിഷ്കൃത പരിപാടികൾ, വിവിധ സർക്കാർ വകുപ്പുകൾ, മിഷനുകൾ, ഏജൻസികൾ എന്നിവ ചെയ്യുന്ന പ്രവർത്തനങ്ങളുമായി ഏകോപിപ്പിച്ചും സംയോജിപ്പിച്ചും തദ്ദേശഭരണ സ്ഥാപനങ്ങളുടെ സമഗ്ര-ദീർഘകാല വികസന കാഴ്ചപ്പാട് അടിസ്ഥാനമാക്കിയും പദ്ധതി രൂപീകരിക്കണം.

## ജനപങ്കാളിത്ത വേദികൾ

അയൽസഭ, വാർഡ് വികസന സമിതി, ഗ്രാമസഭ/വാർഡ്സഭ, മറ്റ് ജനകീയ വേദികൾ എന്നിവിടങ്ങളിൽ ജനങ്ങൾ ഉന്നയിച്ചിട്ടുള്ള ആവശ്യങ്ങളിൽ നിന്നും മുൻഗണന പ്രകാരം തെരഞ്ഞെടുക്കപ്പെട്ട പ്രവർത്തനങ്ങൾക്കാണ് പദ്ധതി തയ്യാറാക്കേണ്ടത്. ലഭ്യമായ വിവരങ്ങൾ യുക്തിസഹമായി സംയോജിപ്പിച്ച് ജനങ്ങൾ വിശകലനം നടത്തുന്ന സമീപനം പദ്ധതിയിൽ ഉണ്ടാകണം. പ്രശ്നങ്ങളുടെ മുൻഗണന നിശ്ചയിച്ചു നൽകുന്നതിനും അനുയോജ്യമായപരിഹാരമാർഗ്ഗങ്ങൾ തെരഞ്ഞെടുക്കുന്നതിനും മെച്ചപ്പെട്ട പ്രായോഗിക രീതിയകളും പ്രാദേശിക മാനദണ്ഡങ്ങളും ആവിഷ്ക്കരിക്കാവുന്നതിനാണ്.

## ഗ്രാമസഭ/വാർഡ്സഭ, അയൽസഭ

പങ്കാളിത്തത്തിന്റെ മേന്മ ഗുണത്തിലും ഗണത്തിലും മെച്ചപ്പെടുത്തണം. സമൂഹത്തിന്റെ വിവിധ മേഖലയിൽപ്പെട്ടവർ, അയൽസഭ, ഗ്രാമസഭ, വാർഡ്സഭ, വികസനസമിതികളിൽ പങ്കെടുത്ത് പ്രാദേശിക വികസന പ്രശ്നങ്ങളെക്കുറിച്ചുള്ള ചർച്ചകളിലും സംവാദങ്ങളിലും സജീവമായി പങ്കെടുക്കുകയും വികസനപ്രവർത്തന മുൻഗണന നിശ്ചയിക്കുന്നതിനും പരിഹാരം നിർദ്ദേശിക്കുന്നതിലും പങ്ക് വഹിക്കുന്നുവെന്നും ഉറപ്പുവരുത്തണം.

## ഗ്രാമകേന്ദ്രം

വാർഡടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സേവനം വികേന്ദ്രീകരിക്കുന്നതിന് 'സേവാഗ്രാം' ഗ്രാമകേന്ദ്രങ്ങളുടെ പ്രവർത്തനം ഫലപ്രദമാക്കേണ്ടതാണ്.

## ഉദ്യോഗസ്ഥ സേവനം

പദ്ധതി തയ്യാറാക്കുന്ന പ്രവർത്തനങ്ങൾക്ക് ലഭ്യമായ മികച്ച വിദഗ്ധരുടെ സേവനം പ്രയോജനപ്പെടുത്തേണ്ടതാണ്. ഘടക സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർ പദ്ധതി തയ്യാറാക്കുന്ന പ്രവർത്തനങ്ങളിൽ സജീവമായ പങ്കാളിത്തം വഹിക്കേണ്ടതാണ്.

## നഗരവികസനം

അതിവേഗം നഗരവത്ക്കരിക്കപ്പെട്ടുകൊണ്ടിരിക്കുന്ന കേരളത്തിൽ ഗ്രാമ-നഗര സഹവർത്തിത്വത്തിലും വിനിമയത്തിലും അധിഷ്ഠിതമായ വികസനനയമാണ് വരും വർഷങ്ങളിൽ സ്വീകരിക്കേണ്ടത്. അമൃത്, സ്മാർട്ട് സിറ്റി പദ്ധതികളിലുൾപ്പെടുത്തിയ നഗരങ്ങളുടെ വികസനത്തിൽ സമീപ ഗ്രാമപ്രദേശങ്ങളിലെ മനുഷ്യ-പ്രകൃതി വിഭവങ്ങളുടെ സാധ്യത ഉപയോഗപ്പെടുത്തുന്നതാണ്.

## ബഹുതല ആസൂത്രണം

## ജില്ലാ പദ്ധതി

ജില്ലാതല ആസൂത്രണത്തിലും ജില്ലാ പദ്ധതിരൂപീകരണത്തിനും 13-ാം പദ്ധതിയിൽ ഉയർന്ന പരിഗണന നൽകുന്നതാണ്. ഡി.പി.സി. ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയും സർക്കാർ വകുപ്പുകളുടേയും സഹകരണത്തോടെ തയ്യാറാക്കുന്ന ജില്ലാ പദ്ധതി എല്ലാ വികസന മേഖലകളിലും പ്രദേശങ്ങളിലും സാധ്യതകൾക്കനുസൃതമായും സന്തുലിതമായും വികസനത്തിന് ഊന്നൽ നൽകുന്നതാണ്.

വിവിധ തട്ടുകളിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ (ഗ്രാമ-ബ്ലോക്ക്-ജില്ല) പരസ്പര ചർച്ചകളിലൂടെ അനുപൂരക സ്വഭാവത്തിൽ

വികസന പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് ബഹുതല ആസൂത്രണ സംവിധാനവും സങ്കേതവും സ്വീകരിക്കേണ്ടതുണ്ട്.

## ജില്ലാതല സാമ്പത്തിക അവലോകനറിപ്പോർട്ട്, മാനവ വികസന റിപ്പോർട്ട്

ജില്ലാ ആസൂത്രണസമിതിയുടെ നേതൃത്വത്തിൽ ജില്ലാതല സാമ്പത്തിക അവലോകന റിപ്പോർട്ടും മാനവ വികസന റിപ്പോർട്ടും തയ്യാറാക്കി പ്രസിദ്ധീകരിക്കുന്നതാണ്.

## വിദഗ്ദ്ധർ, ശാസ്ത്രസാങ്കേതിക വിദ്യയുടെ ഉപയോഗം

ശാസ്ത്രം, സാങ്കേതികവിദ്യ, മാനേജ്മെന്റ്, എഞ്ചിനീയറിംഗ്, അക്കാദമിക് മേഖലകളിലെ പുതിയ അറിവുകളും സങ്കേതങ്ങളും പ്രാദേശിക സർക്കാരുകളുടെ വിവിധ വിഷയമേഖലകളിലെ വികസനത്തിന് ഉപയോഗപ്പെടുത്തണം. വിവിധ വിഷയമേഖലകളിൽ വിദഗ്ദ്ധരും പ്രൊഫഷണൽ അറിവുമുള്ളവരുടെ സേവനം ഉപയോഗപ്പെടുത്തുന്നതിന് സംവിധാനമുണ്ടാക്കുന്നതാണ്. ദേശീയ-അന്തർദേശീയ തലത്തിൽ ലഭ്യമാകുന്ന ശാസ്ത്ര സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്താൻ ശ്രമിക്കുന്നതാണ്.

## സ്റ്റാർട്ട് അപ്പുകളും യുവ പ്രൊഫഷണലുകളുടെ സേവനവും

ഉത്പാദന-സേവനമേഖലകളിൽ യുവ പ്രൊഫഷണലുകളുടെ സ്റ്റാർട്ട് അപ്പുകൾ, സംരംഭങ്ങൾ, വികസന പ്രവർത്തനങ്ങളുടെ നിർവ്വഹണത്തിന് സന്നദ്ധ പ്രവർത്തനത്തോടൊപ്പം കമ്പനികളോ സംഘങ്ങളോ ആയി രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്നവരുമായി സാമൂഹിക കരാർ (ടീരശമഹ ഇീിൃമരേ) സംവിധാനം എന്നിവക്ക് അവസരം നൽകുന്നതാണ്.

## ജൈവകാർഷിക ഉല്പാദനം

കാർഷിക ഉല്പന്നങ്ങൾ (പച്ചക്കറി, പഴവർഗ്ഗങ്ങൾ) എല്ലാ കാലങ്ങളിലും ആവശ്യാനുസരണം ലഭിക്കാവുന്ന തരത്തിൽ ഭക്ഷ്യവിളകളുടെ ഉത്പാദനം ഉറപ്പാക്കുന്നതിന് സാങ്കേതികവിദ്യ, സാമ്പത്തിക-യന്ത്ര -ഉപകരണ സഹായങ്ങൾ ഉത്പാദകർക്ക് ലഭ്യമാക്കുന്നതാണ്. വിളകളുടെ ശേഖരണം, സംസ്ക്കരണം, വിപണനം എന്നീ സംവിധാനത്തിന് ഉത്പാദക കമ്പനികൾ (Farmer Producer Company)രൂപീകിക്കുന്നതിനും ഉത്പാദകർക്ക് വില നിശ്ചയിച്ച് നേരിട്ട് വിൽക്കാനുള്ള സൗകര്യം ലഭ്യമാക്കുന്നതുമാണ്.

## കാലാവസ്ഥ വ്യതിയാനം, പരിസ്ഥിതിസംരക്ഷണം

കാലാവസ്ഥ വ്യതിയാനം കേരളത്തിന്റെ പ്രകൃതിവിഭവങ്ങളിലും പരിസ്ഥിതിയിലും ഉണ്ടാക്കുന്ന ശോഷണവും അത് സമ്പത്തുല്പാദന-സേവന മേഖലകളിൽ സൃഷ്ടിക്കുന്ന പ്രത്യാഘാതങ്ങളും കുറക്കുന്നതിന് ഫലപ്രദമായി ഇടപെടാൻ സാധിക്കുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കാണ്. ഈ മേഖലയിലെ പ്രവർത്തനങ്ങൾക്ക് ജനകീയാസൂത്രണ ക്യാമ്പയിനിൽ ഉയർന്ന പ്രാധാന്യം നൽകുന്നതാണ്. ഇതിനായി സാങ്കേതിക സ്ഥാപനങ്ങളുടേയും വിദഗ്ധരുടേയും സഹായത്തോടെ പരിശീലനങ്ങളും പ്രായോഗിക പ്രവർത്തനങ്ങളും നടത്തുന്നതാണ്.

### അടിസ്ഥാന വിവരശേഖരം

തദ്ദേശസ്വയംഭരണങ്ങളുടെ അടിസ്ഥാനവിവര സർവ്വേ നടത്തി മാനവ വികസന റിപ്പോർട്ട് തയ്യാറാക്കേണ്ടതാണ്. ഇതിന്റെ അടിസ്ഥാനത്തിലായിരിക്കും ദാരിദ്ര്യലഘൂകരണ-പാർശവത്കൃത വിഭാഗങ്ങൾക്കുവേണ്ടിയുള്ള പദ്ധതികൾ തയ്യാറാക്കുക. സേവന സ്ഥാപനങ്ങളുടെ അടിസ്ഥാന നിലവാരം നിശ്ചയിച്ച് അതിനനുസൃതമായി സേവനഗുണത മെച്ചപ്പെടുത്തുന്നതിന് സ്ഥാപനങ്ങളിൽ സൗകര്യങ്ങൾ ഒരുക്കുന്നതാണ്. പ്രാദേശിക സ്ഥിതി വിവരശേഖരം തയ്യാറാക്കുന്നതിന് സംവിധാനമുണ്ടാക്കുന്നതാണ്.

## മുൻഗണനകൾ

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുൻഗണന നൽകേണ്ട മേഖലകൾ ചുവടെ ചേർക്കുന്നു.

**1. ഉത്പാദന മേഖലയുടെ വളർച്ച**

ഭക്ഷ്യവിളകൾ, പാൽ, മുട്ട, മാംസം, മത്സ്യം എന്നിവയുടെ ഉത്പാദനവും ഉത്പന്നങ്ങളുടെ സംസ്ക്കരണം, വിപണനം എന്നീ സംവിധാനങ്ങളും മെച്ചപ്പെടുത്തുക.

**2. പരിസ്ഥിതിയുടേയും പ്രകൃതിവിഭവങ്ങളുടേയും സംരക്ഷണം.**

ആവാസവ്യവസ്ഥയുടെ പരിപാലനവും ജൈവവൈവിധ്യത്തിന്റെ നിലനിൽപ് ഉറപ്പു വരുത്തുന്നതിനും പ്രത്യേക പരിഗണന നൽകുക. ജലസംരക്ഷണ പ്രവർത്തനങ്ങൾക്ക് ഉയർന്ന ഊന്നൽ നൽകുക.

**3. മാനവ വികസനം**

മാനവ വികസനത്തിന് നിദാനമായ ആരോഗ്യം, വിദ്യാഭ്യാസം, സ്ഥായിയായ തൊഴിൽ എന്നീ മേഖലകൾ മെച്ചപ്പെടുത്തുക.

**4. ജീവിത ഗുണനിലവാരം ഉയർത്തുന്നതിനുള്ള അടിസ്ഥാന സൗകര്യ വികസനം.**

എല്ലാവർക്കും വീട്, എല്ലാവർക്കും കുടിവെള്ളം, എല്ലാവർക്കും വൈദ്യുതി, തെരുവ് വിളക്കുകൾ, ശുചിത്വമുള്ള പരിസരം, മെച്ചപ്പെട്ട നടപ്പാതകളും ഗതാഗത സൗകര്യങ്ങളും, പൊതുസൗകര്യങ്ങൾ എന്നിവ ഉറപ്പാക്കുക.

## മുൻഗണനമേഖലയിലെ വികസനത്തിനുള്ള തന്ത്രങ്ങൾ

**1. (എ) പ്രാദേശിക സാമ്പത്തിക വികസനം**

**പരിസ്ഥിതി-ഭക്ഷ്യ ഉല്പാദനം**

സംയോജിത നീർത്തട പരിപാലനം, സംയുക്ത വനപരിപാലനം എന്നീ പ്രക്രിയകളിലൂടെ ശാസ്ത്രീയ പ്രകൃതി വിഭവപരിപാലനം സാധ്യമാക്കി കാർഷികമേഖലയെ പുനരുദ്ധതിക്കുന്നതിന് പ്രത്യേക പരിഗണന നൽകണം, ജൈവകൃഷി രീതി അവലംബിച്ചുകൊണ്ട് നെല്ല്, പച്ചക്കറികൾ, പഴവർഗ്ഗങ്ങൾ എന്നിവയുടെ കൃഷി ഊർജ്ജിതമായി നടത്തി ഉത്പാദന വർദ്ധനവ് ഉണ്ടാക്കാൻ സാധിക്കണം. ഇതിനായി ജൈവവളം, കീടനാശിനി എന്നിവയുടെ ഉത്പാദനം ശാസ്ത്രീയ ജൈവകൃഷി രീതികൾ തുടങ്ങിയ കാര്യങ്ങളിൽ കർഷകർക്ക് അറിവ് നൽകുന്നതിന് സംവിധാനമുണ്ടാകണം. തരിശായിട്ടിരിക്കുന്ന നെൽവയലുകളിലും കരഭൂമിയിലും നെൽ

കൃഷി ചെയ്യുന്നതിനു ഊർജ്ജിമായ ശ്രമങ്ങൾ ഉണ്ടാകേണ്ടതാണ്.

ഓരോ കൃഷിഭൂമിയേയും അടിസ്ഥാന യൂണിറ്റായി കണ്ട് അതിനുള്ള പദ്ധതികൾ തയ്യാറാക്കി അവയെ ഒരു സ്വാഭാവിക മേഖലയുടെ സമ്പൂർണ്ണ വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ സംയോജിപ്പിച്ചുകൊണ്ട് പാരിസ്ഥിതിക സന്തുലനത്തിനും പ്രത്യേക ഊന്നൽ നൽകേണ്ടതാണ്. വൈവിധ്യമാർന്ന പരമ്പരാഗത പറമ്പ്കൃഷി വീടെുക്കണം. ഇതിനായി കർഷകരുടെ കൂട്ടായ്മയേയും കുടുംബശ്രീയേയും പ്രോത്സാഹിപ്പിക്കണം. കൂടാതെ തീരപ്രദേശങ്ങളുടേയും തണ്ണീർതടങ്ങളുടേയും പരിപാലനവും ഏറ്റെടുക്കേണ്ടതാണ്.

പ്രാദേശിക കാർഷിക ഉത്പന്നങ്ങളുടെ മൂല്യവർദ്ധനവും വിപണനവും ഉറപ്പാക്കി സൂക്ഷ്മസംരംഭങ്ങൾ ശക്തിപ്പെടുത്തുകയും ചെറുതും ഇടത്തരവുമായ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുകയും ചെയ്യേണ്ടതാണ്. പ്രകൃതിവിഭവങ്ങളുടെ അടിത്തറ ശോഷിച്ചതിനാൽ നശിച്ചുകൊണ്ടിരിക്കുന്ന പരമ്പരാഗത വ്യവസായങ്ങൾക്കും മുൻഗണന നൽകേണ്ടതാണ്. ഇതിനായി ക്ലസ്റ്ററുകളുടെ സാധ്യത പ്രയോജനപ്പെടുത്തണം.

പാൽ, മുട്ട, മാംസം, മത്സ്യം എന്നിവയുടെ ഉത്പാദനത്തിന് ഓരോ പ്രദേശത്തുമുള്ള സാധ്യതകൾ പരമാവധി ഉപയോഗപ്പെടുത്തണം.

**മഹാത്മഗാന്ധി എൻ.ആർ.ഇ.ജി.എസ്.**

കൃഷിയുടേയും അനുബന്ധ മേഖലയുടേയും വികസനം, മണ്ണ്-ജലസംരക്ഷണം, പരിസ്ഥിതി സംരക്ഷണം, തീരദേശ സംരക്ഷണം, വനവൽക്കരണം മുതലായവക്ക് തൊഴിലുറപ്പ് പദ്ധതികളുടെ (എം.ജി.എൻ.ആർ.ഇ.ജി.എസ്., അയ്യങ്കാളി തൊഴിലുറപ്പ് പദധതി) സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തണം.

**(ബി) പൊതുസേവനങ്ങളുടെ മേന്മവർദ്ധിപ്പിക്കൽ**

**(1) കുടിവെള്ളം**

ജലസംരക്ഷണ പ്രവർത്തനങ്ങൾ എല്ലാ തദ്ദേശഭരണസ്ഥാപനങ്ങളും ഉയർന്ന ഊന്നൽ നൽകി ഏറ്റെടുക്കുക, മഴവെള്ളക്കൊയ്ത്ത്, മഴവെള്ളസംഭരണി, കിണർ-കുളം റീചാർജ്ജിംഗ്, ജലാശയങ്ങളുടെ സംരക്ഷണം, മഴക്കാലത്ത് വെള്ളം ഭൂമിക്കടിയിൽ കിനിഞ്ഞിറങ്ങുന്നതിനുള്ള വിവിധ പ്രവർത്തനങ്ങൾ, പൊതുവും സ്വകാര്യവുമായ എല്ലാ ജലാശങ്ങളും തോടുകളും പുഴകളും മലിനമാക്കുന്നത് തടയുക തുടങ്ങിയ പ്രവർത്തനങ്ങൾക്ക് തദ്ദശഭരണ സ്ഥാപനങ്ങൾ ബന്ധപ്പെട്ട വകുപ്പുകളുടേയും വിദഗ്ദ്ധ സ്ഥാപനങ്ങളുടേയും സഹായത്തോടെ പദ്ധതി ഉണ്ടാക്കേണ്ടതാണ്. ജലവിതരണ പരിപാടികൾ സാർവത്രികമാക്കുകയും നിലവിലുള്ളവയുടെ കാര്യക്ഷമത വർദ്ധിപ്പിച്ച് എല്ലാവർക്കും ശുദ്ധമായ കുടിവെള്ളം ലഭ്യമാക്കുകയും വേണം. കുടിവെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്താൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.കുടിവെള്ള ഗുണനിലവാര റേറ്റിംഗിനുള്ള സ്കോർ കാർഡ് സംവിധാനം കൊണ്ടുവരുന്നതാണ്.

**(2) ശുചിത്വ പരിപാലനം**

എല്ലാ ഗ്രാമപഞ്ചായത്തുകളും നഗരഭരണ സ്ഥാപനങ്ങളും ഖരമാലിന്യപരിപാലനത്തിന് മുൻഗണന നൽകി സമ്പൂർണ്ണ ശുചിത്വ പരിപാടി ആസൂത്രണം ചെയ്ത് നടപ്പാക്കണം. ജൈവ, അജൈവ, അപകടകാരികളായ മാലിന്യങ്ങൾ പ്രത്യേകം വേർതിരിച്ച് അനുയോജ്യമായ സംസ്ക്കരണ സംവിധാനങ്ങൾ ഉപയോഗിച്ച് പരിപാലിക്കുന്നതിന് പദ്ധതി തയ്യാറാക്കണം.

**(എ) നഗരങ്ങളിലെ ശുചിത്വം**

നഗരഭരണ സ്ഥാപനങ്ങൾ ദ്രവമാലിന്യം (മലിനജലം, കക്കൂസ് മാലിന്യം എന്നിവ) സംസ്ക്കരിക്കുന്നതനുള്ള ശാസ്ത്രീയ സംവിധാനത്തിന് പദ്ധതി ഉണ്ടാക്കേണ്ടതാണ്. ചെറുപട്ടണങ്ങളിലും ഗ്രാമീണമേഖലയിലും ദ്രവമാലിന്യ സംസ്ക്കരണത്തിന് വികേന്ദ്രീകൃതമായി സംസ്ക്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് സംവിധാനമുണ്ടാക്കേണ്ടതാണ്.

**(3) വിദ്യാഭ്യാസം**

കേന്ദ്ര-സംസ്ഥാനാവിഷ്കൃത പദ്ധതികളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ടുകളും സംയോജിപ്പിച്ചുകൊണ്ട് വിദ്യാഭ്യാസ സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും വിദ്യാഭ്യാസഗുണനിലവാരം ഉയർത്തുകയും ചെയ്യണം. സ്ക്കൂളുകൾ സ്മാർട്, ഹൈടെക് സംവിധാനമുള്ളവയായി വികസിപ്പിക്കേണ്ടതാണ്. ആരോഗ്യം, ശുചിത്വം, പരിസ്ഥിതി പരിപാലനം എന്നീ കാര്യങ്ങളിൽ കുട്ടികൾക്ക് അവബോധം ലഭിക്കുന്നതിനുള്ള വിദ്യാലയ അന്തരീക്ഷം(Healthy School) സൃഷ്ടിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കണം.

**(4) ആരോഗ്യം**

കേന്ദ്ര-സംസ്ഥാന ആവിഷ്കൃത പരിപാടികളുടേയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും വിഭവങ്ങൾ സമന്വയിപ്പിച്ചുകൊണ്ട് പൊതുജനാരോഗ്യം മെച്ചപ്പെടുത്തുന്നതിനും ആരോഗ്യ സേവനങ്ങൾ പ്രദാനം ചെയ്യുന്നതിനും പരിപാടി തയ്യാറാക്കണം. വർദ്ധിച്ചുവരുന്ന ജീവിതശൈലീ രോഗങ്ങൾ, കിഡ്നി, കരൾ, ഹൃദ്രോഗം,അർബുദം എന്നിവ സംബന്ധിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനും അതിലേക്ക് നയിക്കുന്ന സാഹചര്യങ്ങൾ കുറക്കുന്നതിനുള്ള പദ്ധതികൾ ഏറ്റെടുക്കണം. ഇത്തരം രോഗങ്ങൾ കൂടുതലായി കണ്ടുവരുന്ന പ്രദേശങ്ങൾക്കായി പ്രത്യേക കർമ്മപദ്ധതി തയ്യാറാക്കണം. കിടപ്പുരോഗികൾ-മുതിർന്ന പൗരന്മാരുടെ ആരോഗ്യ പരിപാലനത്തിന് പ്രത്യേക പദ്ധതി ഉണ്ടാകണം. പെയിൻ & പാലിയേറ്റീവ് പരിചരണം ശക്തിപ്പെടുത്തി സേവനങ്ങൾ വ്യാപിപ്പിക്കുന്നതിന് സംവിധാനമുണ്ടാക്കേണ്ടതാണ്.

**(5) കുട്ടികളുടെ വികസനം**

ആരോഗ്യം, പോഷകാഹാരം, പ്രീ-പ്രൈമറി വിദ്യാഭ്യാസം, പശ്ചാത്തല സൗകര്യങ്ങൾ എന്നിവക്ക് ഊന്നൽ നൽകി അങ്കണവാടി ശൃംഖലയിലൂടെ പ്രദാനം ചെയ്യുന്ന സേവനങ്ങളുടെ മേന്മ വർദ്ധിപ്പിക്കണം. കുട്ടികളുടെ സമഗ്രവികസനത്തിലധിഷ്ഠിതമായി കുട്ടികളുടെ സൗഹൃദപരമായ തദ്ദേശസ്വയംഭരണ സ്ഥാപന പ്രദേശത്തെ മാറ്റിയെടുക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

**(6) സ്ത്രീകളുടെ വികസനം**

സ്ത്രീകളുടെ അവസ്ഥയെക്കുറിച്ചുള്ള സമഗ്രവിശകലനത്തെ അടിസ്ഥാനമാക്കി വ്യത്യസ്ത മേഖലകളിലെ പദവി ഉയർത്തുന്നതിനും സാമ്പത്തിക സുസ്ഥിരതക്കും സത്രീസൗഹൃദ തദ്ദേശസ്വയംഭരണ സ്ഥാപനമായി മാറ്റുന്നതിനും ഉതകുന്ന പദ്ധതികൾ ആവിഷ്ക്കരിക്കേണ്ടതാണ്.

**(7) ഭിന്നശേഷി ഉള്ളവരുടെ വികസനം**

ഭിന്നശേഷിയുള്ളവർക്ക് സമ്പൂർണ്ണ സാമൂഹ്യസുരക്ഷ നൽകുന്ന തരത്തിൽ സേവനങ്ങൾ മെച്ചപ്പെടുത്താൻ പരിപാടികൾ തയ്യാറാക്കേണ്ടതാണ്. ഇവരുടെ വിശദമായ സ്ഥിതിവിവരശേഖരം തയ്യാറാക്കേണ്ടതാണ്.

**(8) മുതിർന്ന പൗരന്മാരുടെ ക്ഷേമം**

മുതിർന്ന പൗരന്മാരുടെ ആരോഗ്യം, മറ്റിതര പ്രശ്നങ്ങൾ പ്രാദേശികതലത്തിൽ പരിഹരിക്കുന്നതിന് പദ്ധതികൾ ഉണ്ടാക്കുന്നതാണ്.

**(9) മൂന്നാം ലിംഗത്തിൽപ്പെട്ടവരുടെ ക്ഷേമം**

മൂന്നാം ലിംഗത്തിൽപ്പെട്ടവരുടെ പ്രശ്നങ്ങളെക്കുറിച്ച് പഠനം നടത്തി, വിദ്യാഭ്യാസം, തൊഴിൽ, പുനരധിവാസം എന്നിവക്ക് വേണ്ടിയുള്ള വികസന പ്രവർത്തനങ്ങൾ നടപ്പാക്കേണ്ടതാണ്.

**(10) ഭവന നിർമ്മാണം**

ഭവനരഹിതരായ മുഴുവൻ കുടുംബങ്ങൾക്കും സമയബന്ധിതമായി വീട് നിർമ്മിക്കാൻ സ്ഥലവും വീടുപണിയാൻ ധനസഹായവും നൽകുന്നതിന് കേന്ദ്രാവിഷ്കൃത പദ്ധതിയുമായി സംയോജിപ്പിച്ച് പദ്ധതി ഉണ്ടാക്കേണ്ടതാണ്. ഇതിനായി പ്രാദേശിക വിഭവസമാഹരണത്തിനുള്ള സാധ്യതകൾ പരമാവധി ഉപയോഗപ്പെടുത്തേണ്ടതാണ്. പുതിയ സമ്പൂർണ്ണ ഭവനനിർമ്മാണ പദ്ധതിക്ക് സർക്കാർ തുടക്കം കുറിക്കുന്നതാണ്. അതാത് പ്രദേശത്ത് ഭൂമി ദാനമായി ലഭ്യമാക്കുന്നതിനുള്ള സാധ്യതകൾ പരിശോധിക്കണം.

**(11) ഊർജ്ജം**

സംയോജിത ഊർജ്ജപദ്ധതികൾ തയ്യാറാക്കി ഊർജ്ജസുരക്ഷിതത്വം ഉറപ്പാക്കണം. സൗര ഊർജ്ജ വൈദ്യുതി സംവിധാനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പൊതുസ്ഥാപനങ്ങളിലും തെരുവ് വിളക്കുകളിലും ഉപയോഗപ്പെടുത്താൻ പ്രത്യേകം പരിഗണന വേണം. ഊർജ്ജ ഉപഭോഗം കുറഞ്ഞ ഉപകരണങ്ങൾ വ്യാപിപ്പിക്കുന്നതിനും ശ്രദ്ധിക്കണം. മറ്റ് വിവിധ ഊർജജരൂപങ്ങൾ ചൂഷണം ചെയ്ത് ആവശ്യങ്ങൾ നിറവേറ്റുന്നതിനും ശ്രമിക്കണം.

## (സി) സാമൂഹ്യനീതി

**(1) ദാരിദ്ര്യലഘൂകരണ പദ്ധതി**

സാമ്പത്തിക വികസനത്തോടൊപ്പം സാമൂഹ്യനീതിയും ഉറപ്പുവരുത്തേണ്ടത് പ്രധാനമാണ്. സാമ്പത്തികമായും സാമൂഹികമായും പാർശ്വവൽക്കരിക്കപ്പെടുകയും ഒഴിവാക്കപ്പെടുകയും ചെയ്തിട്ടുള്ള വിഭാഗങ്ങളുടെ വികസനത്തിനായി ദാരിദ്ര്യലഘൂകരണ ഉപപദ്ധതി തയ്യാറാക്കണം. ആശ്രയ പദ്ധതി കുറ്റമറ്റ രീതിയിൽ നടപ്പാക്കുന്നതിന് പ്രത്യേക ശ്രദ്ധ നൽകേണ്ടതാണ്.

**(2) പട്ടികജാതി-പട്ടികവർഗ്ഗ വികസനം**

പട്ടികജാതി ഉപപദ്ധതി, പട്ടികവർഗ്ഗ ഉപപദ്ധതി എന്നിവയുടെ ആസൂത്രണം ഗുണമേന്മ വർദ്ധിപ്പിച്ച് അവയുടെ ഫലപ്രാപ്തി ഉറപ്പാക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

**(3) പരമ്പരാഗത മത്സ്യതൊഴിലാളികൾ**

പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെപാർപ്പിടം, ശുചിത്വ സംവിധാനം, കുടിവെള്ളം, തൊഴിൽ, കുട്ടികളുടെ വിദ്യാഭ്യാസം തുടിങ്ങി വിവിധങ്ങളായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

**(4) ഇതര സംസ്ഥാന തൊഴിലാളികൾ**

ഇതര സസ്ഥാന തൊഴിലാളികളുടെ വിവരശേഖരണം നടത്തി ആരോഗ്യം, ശുചിത്വം, താമസംഎന്നിവയുമായി ബന്ധപ്പെട്ട കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

## വിഭവസമാഹരണം

തനതു വിഭവസമാഹരണത്തിന്റെ കാര്യത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മതിയായ ശ്രദ്ധ ചെലുത്തുന്നില്ല. ഇത് പരിഹരിച്ച് പ്രാദേശിക ധനവിഭവസമാഹരണ സാധ്യതകൾ പരമാവധി ഉപയോഗപ്പെടുത്താൻ തദ്ദേശഭരണ സ്ഥാപനങ്ങളെ സഹായിക്കുന്നതാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പൊതുവായ പ്രവർത്തനമികവ്, തനത് വിഭവസമാഹരണത്തിലെ കാര്യക്ഷമത, അധിക വിഭവസമാഹരണ ശ്രമങ്ങൾ എന്നിവയെ അടിസ്ഥാനമാക്കി പദ്ധതിവിഹിതം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ ഭേദഗതി ചെയ്യുന്നതാണ്.

പ്രത്യേക പ്രാദേശികതല ഫണ്ട് രൂപീകരിക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുവാദം നൽകുന്നതാണ്.

## പതിനാലാം ധനകാര്യ കമ്മീഷൻ വിഹിതം

പതിനാലാം ധനകാര്യകമ്മീഷൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശിച്ചിട്ടുള്ള ഫണ്ടും വിഷയങ്ങളും അനുസരിച്ചുള്ള വികസന പ്രവർത്തനങ്ങൾ ഫലപ്രദമായി നിർവ്വഹിക്കാൻ സംവിധാനമുണ്ടാക്കുന്നതാണ്.

## നികുതി മാപ്പിംഗ്

നികുതി മാപ്പിംഗ് നടത്തി, ചോർച്ച ഒഴിവാക്കി നികുതി നൽകേണ്ട മുഴുവൻ ആളുകളേയും സ്ഥാപനങ്ങളേയും ഇനങ്ങളേയും പരിധിയിൽ കൊണ്ടുവരുന്നതിന് പുതിയ സാധ്യതകൾ കണ്ടെത്തുന്നതിനും തദ്ദേശഭരണസ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകുന്നതാണ്.

## എം.എൽ.എ., എം.പി. ഫണ്ടുകളുടെ സംയോജനം

എം.എൽ.എ., എം.പി. ഫണ്ടുകൾ സംയോജിപ്പിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികൾ തയ്യാറാക്കുന്നതിന് ശ്രമിക്കുന്നതാണ്.

## ഉദ്യോഗസ്ഥരുടെ പങ്കാളിത്തവും

ചുമതലയും.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നൽകേണ്ട സേവനങ്ങൾ, നടത്തുന്ന ഭരണ-വികസന പ്രവർത്തനങ്ങൾ എന്നിവയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് ഉപകരിക്കുന്ന വിധത്തിൽ ഉദ്യോഗസ്ഥരുടേയും ജീവനക്കാരുടേയും പ്രവർത്തന സ്വഭാവത്തിലും രീതിയിലും മാറ്റം വരുത്താനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

LSI സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരുടെ തദ്ദേശസ്വയഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട ചുമതലകൾ ഉത്തരവാദിത്തത്തോടെ നിർവ്വഹിക്കുന്നുവെന്നുറപ്പു വരുത്താനുള്ള നടപടികൾ ഉണ്ടാകുന്നതാണ്.

## സുതാര്യതയും നഷ്ടോത്തരവാദിത്തവും സാമൂഹിക ഓഡിറ്റും

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനം വിപുലവും വൈവിധ്യപൂർണ്ണവുമാകുന്നതോടൊപ്പം സുതാര്യത കുറഞ്ഞുവരുന്ന പ്രവണത കാണുന്നു.

ഭരണ-വികസന-സേവന പ്രവർത്തനങ്ങളുടെ സുതാര്യത ഉറപ്പുവരുത്താൻ അക്കാദമിക സ്ഥാപനങ്ങളുടെ സഹകരണത്തോടെ സംവിധാനമുണ്ടാക്കുന്നതാണ്. ഇതിനായി സ്വതന്ത്രവും ശക്തവുമായ സോഷ്യൽ ഓഡിററ് സംവിധാനം സൃഷ്ടിക്കുന്നതാണ്.

ഓരോ വർഷവും പ്രാദേശിക ഭരണകൂടത്തിന്റെ പ്രവർത്തനങ്ങളെ സമഗ്രമായി വിലയിരുത്തി സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് തയ്യാറാക്കി ജനങ്ങളുടെ മുമ്പാകെ അവതരിപ്പിക്കുന്നതിനും ചർച്ച ചെയ്യുന്നതിനും അവസരമുണ്ടാക്കുന്നതാണ്.

പൊതു പണത്തിന്റെ വിനിയോഗം സംബന്ധിച്ച് ജനങ്ങൾക്ക് യഥാസമയം വിവരം ലഭ്യമാക്കുന്നതിനുള്ള ഓൺലൈൻ സംവിധാനം ഉണ്ടാക്കുന്നതാണ്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നൽകുന്ന സേവനങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്ന പൗരാവകാശ രേഖ എന്നതുപോലെ നടപ്പാക്കിയ വികസന പ്രവർത്തനങ്ങൾ, സേവനങ്ങൾ, ചെലവഴിച്ച തുക ഇവ അടങ്ങുന്ന ഒരു നഷ്ടോത്തരവാദിത്ത രേഖ (മരരീൗിമേയശഹശ്യേ രവമൃലേൃ) തയ്യാറാക്കി ജനങ്ങളുടെ മുമ്പാകെ അവതരിപ്പിക്കുന്നതാണ്.

## പഞ്ചവത്സരപദ്ധതിയും വാർഷിക പദ്ധതിയും

### (എ) വികസനരേഖ

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഓരോ വികസനമേഖലയുടേയും അവസ്ഥയും വികസന കാഴ്ചപ്പാടും വ്യക്തമാക്കുന്ന വികസനരേഖ തയ്യാറാക്കണം. ഭരണസമിതിയുടെ നേതൃത്വത്തിൽ ഉദ്യോഗസ്ഥരുടേയും സന്നദ്ധപ്രവർത്തകരുടേയും വിദഗ്ധരുടേയും സഹായത്തോടെയായിരിക്കണം ഇത് തയ്യാറാക്കേണ്ടത്.

### (ബി) വാർഷിക പദ്ധതിരേഖ

2017-2018 വർഷത്തെ പദ്ധതി രേഖ സർക്കാർ നിർദ്ദേശിക്കുന്ന ആസൂത്രണ നടപടിക്ക് വിധേയമായി തയ്യാറാക്കണം. ആ വർഷം നടപ്പാക്കുന്ന എല്ലാ പ്രവർത്തനങ്ങളുടേയും വിശദമായ പ്രോജക്ടുകൾ അടങ്ങിയതായിരിക്കും വാർഷിക പദ്ധതി.

### (സി) പഞ്ചവത്സര പദ്ധതി രേഖ

2017-22 പഞ്ചവത്സര പദ്ധതിക്കാലത്ത് വിവിധ വികസനമേഖലകളിൽ നടപ്പാക്കേണ്ട വികസന പ്രവർത്തനങ്ങൾ, വികസന രേഖ, വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശങ്ങൾ, വിവിധ വിഭാഗം ആളുകളുമായി നടത്തിയ കൂടിയോലോചനയിൽ ഉരുത്തിരിഞ്ഞു വന്ന നിർദ്ദേശങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ ഉൾപ്പെടുത്തണം. പഞ്ചവത്സര പദ്ധതി വികസന കാഴ്ചപ്പാട്, വികസനതന്ത്രം എന്നിവ അടിസ്ഥാനമാക്കി മുഴുവൻ പ്രവർത്തനങ്ങളും പട്ടികപ്പെടുത്തിയാണ് ഇത് തയ്യാറാക്കേണ്ടത്.

### (ഡി) പ്രോജക്ടുകളുടേയും പദ്ധതിയുടേയും പരിശോധന

സാങ്കേതിക ഉപദേശക സമിതി പ്രോജക്ടുകളുടേയും പദ്ധതിയുടേയും സാങ്കേതിക ഗുണമേന്മയും സാമ്പത്തികക്ഷമതയും സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമാണോയെന്നും ഉറപ്പാക്കുന്നതിന് ബ്ലോക്ക്-ജില്ല-സംസ്ഥാനതലങ്ങളിൽ ഉദ്യോഗസ്ഥരും വിദഗ്ധരും -സന്നദ്ധ പ്രവർത്തകരും അടങ്ങിയ സാങ്കേതിക ഉപദേശക സമിതികൾ രൂപീകരിക്കുന്നതാണ്.

## രണ്ടാം ജനകീയാസൂത്രണ ക്യാമ്പയിൻ

### റിസോഴ്സ് ഗ്രൂപ്പ്

ക്യാമ്പയിനിലെ വിവിധ വിഷയങ്ങളിലെ വിദഗ്ധരും ഉദ്യോഗസ്ഥരും സന്നദ്ധ പ്രവർത്തകരുമടങ്ങുന്ന റിസോഴ്സ് ഗ്രൂപ്പ് സംസ്ഥാന-ജില്ലാതലങ്ങളിൽ രൂപീകരിക്കുന്നതാണ്. ഇവരുടെ സഹായത്തോടെ ആയിരിക്കും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ട ക്യാമ്പയിനുമായി ബന്ധപ്പെട്ട പരിശീലനങ്ങൾ നൽകുക. ഈ മേഖലയിലെ നൂതന ആശയങ്ങൾ, പ്രവണതകൾ എന്നിവ ചർച്ച ചെയ്യുന്നതിന് വിദഗ്ധരുടെ ശില്പശാലകളും ചർച്ചകളും 'കില' സംഘടിപ്പിക്കുന്നതാണ്.

തദ്ദേശസ്വയംഭരണ വകുപ്പിന്റെ നേതൃത്വത്തിലായിരിക്കും ക്യാമ്പയിൻ സംഘടിപ്പിക്കുന്നത്. ക്യാമ്പയിനുമായി ബന്ധപ്പെട്ട പരിശീലനങ്ങൾ സംഘടിപ്പിക്കാനുള്ള ചുമതല 'കില'ക്കായിരിക്കും.

## അധികാരവികേന്ദ്രീകരണ ചർച്ച

സംസ്ഥാന-ജില്ലാ-പ്രാദേശിക തലങ്ങളിൽ അധികാരവികേന്ദ്രീകരണം-ജനാധിപത്യ ശാക്തീകരണം -പ്രാദേശിക വികസനം എന്നീ വിഷയങ്ങളിൽ വിദഗ്ദ്ധരും സാമൂഹ്യ നേതാക്കളും പൊതുസമൂഹവും പങ്കെടുക്കുന്ന ഉന്നത നിലവാരമുള്ള ചർച്ചകൾ സംഘടിപ്പിച്ച് പങ്കാളിത്ത ഭരണത്തിന്റെ പ്രത്യയശാസ്ത്രവും അന്തസത്തയും സമൂഹജീവിതത്തിന്റെ എല്ലാ മേഖലകളിലും എത്തിക്കുന്നതിന് പരിപാടികൾ ആവിഷ്ക്കരിക്കുന്നതാണ്.

*(ചർച്ചയ്ക്കുള്ള കരട് തയ്യാറാക്കിയത് കില,തൃശ്ശൂർ)*

**കേരളസർക്കാർ**
**സംഗ്രഹം**

# തദ്ദേശ സ്വയംഭരണവകുപ്പ്– സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളുടെ പ്രതിമാസ ഓണറേറിയം 1.07.2016 മുതൽ മുൻകാല പ്രാബല്യത്തോടെ വർദ്ധിപ്പിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയം ഭരണ (ഇ.എം)വകുപ്പ്

സ.ഉ(അച്ചടി) നം.30/2016/തസ്വഭവ — തിരുവനന്തപുരം, തീയ്യതി: 10.08.2016

പരാമർശം-സ.ഉ(അച്ചടി)നം-292/2013/തസ്വഭവ,തീയ്യതി,4/09/2013

## ഉത്തരവ്

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളുടെ പ്രതിമാസ ഓണറേറിയം പരാമർശ ഉത്തരവ് പ്രകാരം പുതുക്കി നിശ്ചയിച്ചിരുന്നു.പ്രസ്തുത നിരക്ക് വർദ്ധിപ്പിച്ചു നൽകണമെന്ന് ആവശ്യപ്പെട്ട് നിരവധി നിവേദനങ്ങൾ സർക്കാരിനു ലഭിക്കുകയുണ്ടായി.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളുടെ പ്രതിമാസ ഓണറേറിയം 1.7.2016 മുതൽ മുൻകാല പ്രാബ്യലത്തോടെ താഴെ പറയും പ്രകാരം ഇരട്ടിയാക്കി വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഓണറേറിയം**

| തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പേര് | നിലവിലുള്ള ഓണറേറിയം (രൂപ) | വർദ്ധിപ്പിച്ച നിരക്ക് (രൂപ) |
|---|---|---|
| 1 | 2 | 3 |
| ജില്ലാ പഞ്ചായത്ത് | | |
| പ്രസിഡന്റ് | 7900 | 15800 |
| വൈസ് പ്രസിഡന്റ് | 6600 | 13200 |
| സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | 4700 | 9400 |
| അംഗങ്ങൾ | 4400 | 8800 |
| ബ്ലോക്ക്പഞ്ചായത്ത് പ്രസിഡന്റ് | 7300 | 14600 |
| വൈസ് പ്രസിഡന്റ് | 6000 | 12000 |
| സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | 4400 | 8800 |
| അംഗങ്ങൾ | 3800 | 7600 |
| ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് | 6600 | 13200 |
| വൈസ് പ്രസിഡന്റ് | 5300 | 10600 |
| സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | 4100 | 8200 |
| അംഗങ്ങൾ | 3500 | 7000 |
| കോർപ്പറേഷൻ മേയർ | 7900 | 15800 |
| ഡെപ്യൂട്ടി മേയർ | 6600 | 13200 |
| സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | 4700 | 9400 |
| അംഗങ്ങൾ | 4100 | 8200 |
| മുനിസിപ്പാലിറ്റി ചെയർമാൻ | 7300 | 14600 |
| വൈസ് ചെയർമാൻ | 6000 | 12000 |
| സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | 4400 | 8800 |
| അംഗങ്ങൾ | 3800 | 7600 |

ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ അംഗങ്ങളുടെ ഓണറേറിയം വർദ്ധിപ്പിച്ച് നൽകുമ്പോൾ ഉണ്ടാകുന്ന അധിക സാമ്പത്തിക ബാദ്ധ്യത പ്രസ്തുത സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നും വഹിക്കേണ്ടതും ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് അംഗങ്ങളുടെ കാര്യത്തിൽ അധിക ബാദ്ധ്യത ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും വഹിക്കേണ്ടതുമാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
വിജയകുമാർ.റ്റി.പി
സ്പെഷ്യൽ സെക്രട്ടറി

# വാർഷിക പദ്ധതിക്ക് അംഗീകാരം ലഭിച്ച ആദ്യ പഞ്ചായത്തായി മുതുകുളം

സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ 2016-17 സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതിക്ക് അംഗീകാരം നേടുന്ന ആദ്യം ഗ്രാമ പഞ്ചായത്ത് എന്ന ബഹുമതി ആലപ്പുഴ ജില്ലയിലെ മുതുകുളം ഗ്രാമപഞ്ചായത്തിന്. 3.28 കോടി രൂപയാണ് അടങ്കലിന് നീക്കിവെച്ചത്. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ജി. വേണുഗോപാലിന്റെ അദ്ധ്യക്ഷതയിൽ 16/8/2016ന് കൂടിയ യോഗത്തിൽ കളക്ടർ ആർ.ഗിരിജ, ജില്ലാ പ്ളാനിംഗ് ഓഫീസർ കെ.എസ് ലതി എന്നിവർ പങ്കെടുത്തു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ബി.എസ്. സുജിത്ത്ലാലിനെ ഈ യോഗത്തിൽ ആസൂത്രണ സമിതി അനുമോദിച്ചു. കൂട്ടായ്മയുടെ പ്രവർത്തന മികവാണ് ഈ നേട്ടത്തിന്റെ പിന്നിലെന്ന് സുജിത്ത്ലാൽ അഭിപ്രായപ്പെട്ടു



**കവിതകൾ**

ജീവൻ കുമാർ.എം

## കാലമേ തിരിച്ചുതരിക

തരിക നീയെന്റെ പൂവെയിൽപ്പാടങ്ങൾ
തരിക നീയെന്റെ കുളിരിളം ചോലകൾ
തരിക നീയെന്റെ പൂങ്കുയിൽപ്പാട്ടുകൾ
തരിക നീയെന്റെ ഗ്രാമീണ ഗന്ധങ്ങൾ
വേണ്ട തോറ്റുപോമിന്നെന്റെ
വാശിക്കു മുൻപിൽ നീ
തോൽവികൾ നിന്റെ തോഴരാണെങ്കിലും
കരുതിവയ്ക്കാമൊരിത്തിരി പൈതൃകം.
ദയരഹിതമാം രാവുകൾ പകലുകൾ
തണലൊരൽപ്പവുമില്ലാതെ നാടുകൾ
അഴകിലൊത്ത നൃത്തം ചവിട്ടിയ
മണിമലയാളം മറന്നുവോ നമ്മളും
കാലമേ കലിപ്പൂട്ടിയ തേരിനി-
യിവിടെ നിർത്തിപ്പുറകോട്ട് നോക്കുക
അടരുമിന്നെന്റെ അശ്രുജലധിയിൽ
തുടരൂ നൗകയിലുൻമാദ യാത്രകൾ
പൂവണിയണം പുൽമേടുണരണം
ചേലണിയണം നമ്മുടെ നാടിനി
ചേർന്നുയർത്തണം വിശ്വവിതാനത്തിൽ
കേരളമെന്ന വിശ്രുത സുന്ദര ഭൂമിനെ

സലീം അഞ്ചൽ

## ഫോർ ലൈൻ

ഫോർ ലൈൻ നോട്ട് ബുക്ക്
കടയിൽ ബാക്കിയില്ലൊന്നും
ഇരട്ട വരയൻ പുസ്തകങ്ങൾ
പൊടിപിടിച്ച്....
നോക്ക്
ഇരട്ടവരയ്ക്കിടയിൽ നിന്ന്
ഇറ്റിറ്റ് വീഴുന്നു
രക്തക്കണ്ണീർ.

# പി. എസ്. എൽ. വി
## ബഹിരാകാശത്തെ ഭാരതരത്നം



**ബി. ജയകുമാർ**
പ്രോജക്റ്റ് ഡയറക്ടർ PSLV, VSSC

ഉപഗ്രഹങ്ങളെ ബഹിരാകാശത്ത് നിർദ്ദിഷ്ട ഭ്രമണപഥങ്ങളിലെത്തിക്കാനായി ISRO നിർമ്മിച്ച പ്രഥമ ഭാരതീയ വിക്ഷേപണ വാഹനമായ SLV3 യശ:ശരീരനായ ഡോ.എ.പി.ജെ.അബ്ദുൽ കലാമിന്റെ നേതൃത്വത്തിൽ സാക്ഷാൽകൃതമായി. 40 കിലോഗ്രാമായിരുന്നു SLV3യുടെ ഉപഗ്രഹവാഹകശേഷി. തുടർന്ന് ISRO വികസിപ്പിച്ച ASLVയ്ക്ക് 150 കിലോഗ്രാം വാഹക ശേഷി ഉണ്ടായിരുന്നു. കൂടുതൽ ഭാരിച്ച -അതായത് ആയിരം കിലോഗ്രാമോളം തൂക്കം വരുന്ന-ഭാരതീയ വിദൂര സംവേദന (Remote Sensing) ഉപഗ്രഹങ്ങളെ ഭൂമിയുടെ ഉത്തര-ദക്ഷിണ ധ്രുവങ്ങൾക്കു മീതേ കടന്നു പോകുന്ന ഭ്രമണപഥങ്ങളിലേക്ക് നമ്മുടെ മണ്ണിൽ നിന്നു തന്നെ വിക്ഷേപിക്കുക എന്ന പ്രാഥമിക ലക്ഷ്യത്തോടെ ISRO രൂപകൽപന ചെയ്ത വിക്ഷേപണ വാഹനമാണ് PSLV(Polar Satellite Launch Vehicle). SLVയും ASLVയും സമ്മാനിച്ച അനുഭവ സമ്പത്തും ഉൾകാഴ്ചയും പൂർണ്ണമായും ഉപയോഗപ്പെടുത്തിയാണ് PSLVയെ രൂപപ്പെടുത്തിയത്. യശ:ശരീരനായ ഡോ.എസ്.ശ്രീനിവാസനായിരുന്നു PSLVയുടെ മുഖ്യശിൽപി. 1993, 94, 96 എന്നീ വർഷങ്ങളിൽ നടന്ന മൂന്ന് പരീക്ഷണപ്പറക്കലുകൾക്ക് ശേഷം, വേണ്ട മാറ്റങ്ങളോടെ പൂർണ്ണമായും സേവനക്ഷമമായ ആദ്യ PSLV റോക്കറ്റ് (PSLVC1) 1997ൽ 1205 കിലോഗ്രാം ഭാരമുള്ള IRS1D എന്ന ഇന്ത്യൻ വിദൂര സംവേദന ഉപഗ്രഹത്തെ ഭ്രമണപഥത്തിലെത്തിച്ചു. ഇതോടെ ISROയുടെ എക്കാലത്തെയും അഭിമാനമായ PSLV



തുടർ പദ്ധതി (PSLV Continuation Project)യുടെ വിജയക്കുതിപ്പ് ആരംഭിച്ചു.

ആന്ധ്രാപ്രദേശിലെ ശ്രീഹരിക്കോട്ടയിൽ നിന്നാണ് PSLV വാഹനങ്ങളുടെ പുറപ്പാട്. വിക്ഷേപണത്തറയിൽ നിൽക്കുന്ന PSLV റോക്കറ്റിന് 44 മീറ്റർ- അതായത് ഒരു പതിനാലുനില കെട്ടിടത്തെക്കാൾ-പൊക്കവും മൂന്നു മീറ്ററോളം വണ്ണവുമുണ്ട്. ഒന്നിനു മീതേ ഒന്നായി അടുക്കിയ നാല് ഘട്ടങ്ങളിലാണ് PSLV യിലുള്ളത്. ഒന്നും മൂന്നും ഘട്ടങ്ങളിൽ ഖര ഇന്ധനമാണുപയോഗിക്കുന്നത്. രണ്ടും നാലും ഘട്ടങ്ങളിൽ ദ്രാവകരൂപത്തിലുള്ള ഇന്ധനം നിറച്ചിരിക്കുന്നു. നാലാംഘട്ടത്തിലാണ് ഉപഗ്രഹങ്ങളെ വഹിക്കാനുള്ള സംവിധാനങ്ങളും താപകവചവും ഇണക്കിയിരിക്കുന്നത്. ഈ ഘട്ടങ്ങളിലെല്ലാം പിൻകാലത്തു വരുത്തിയ പരിഷ്കാരങ്ങൾ PSLVയുടെ ഉപഗ്രഹവാഹക ശേഷി അൻപതു ശതമാനത്തോളം വർദ്ധിപ്പിക്കാൻ സഹായിച്ചു.

ധ്രുവീയ ഭ്രമണപഥങ്ങളിലേക്കു മാത്രമല്ല, കാലാവസ്ഥാ-വാർത്താവിനിമയ ഗോളാന്തര ഉപഗ്രഹങ്ങൾക്കു വേണ്ടതായ ഭൂസമവേഗ ഉപപരിപഥങ്ങളിലേക്കും (Sub:GeoSynchronous Transfer Orbits) ചരിവു കുറഞ്ഞ (Low Inclination) ഭ്രമണപഥങ്ങളിലേക്കും ഇതിനോടകം പല തവണ വിജയകരമായി കടന്നു ചെന്നിട്ടുള്ള ബഹുകാര്യസമർത്ഥമായ ഒരു വിക്ഷേപണ വാഹനമാണ് ഇന്നത്തെ PSLV. ഒന്നാംഘട്ടത്തിനു ചുറ്റും വിന്യസിച്ചിരിക്കുന്ന ആറ് തഘസ്ട്രാപ് ഓൺ റോക്കറ്റുകളെ സൂചിപ്പിച്ച് 'PSLVXL' എന്ന് പേരുവെച്ചിട്ടുള്ള വാഹനഘടനയാണ് ഭാരതത്തിന്റെ യശസ്സുയർത്തിയ ചന്ദ്രയാൻ, മംഗൾയാൻ ദൗത്യങ്ങൾ നിർവ്വഹിക്കാൻ നാം ഉപയോഗിച്ചത്.

600 കിലോമീറ്റർ ഉയരത്തിലുള്ള ധ്രുവീയ (Polar) ഭ്രമണപഥത്തിലേക്ക് 1700 കിലോഗ്രാം വരെ ഉപഗ്രഹഭാരം വഹിക്കാൻ PSLVXL വാഹനത്തിന് കഴിവുണ്ട്. 284കി.മീ കുറഞ്ഞ ഉയരവും 21000കി.മീ കൂടിയ ഉയരവുമുള്ള ഭൂസമവേഗ ഉപപരിപഥത്തിലേക്കാണെങ്കിൽ 1425 കിലോഗ്രാം ആണ് PSLVXL ഘടനയുടെ വാഹക ശേഷി.

1994 മുതൽ തുടർച്ചയായ 35 വിക്ഷേപണ വിജയങ്ങൾ കൈവരിച്ച PSLV നാളിതുവരെ ബഹിരാകാശത്തെത്തിച്ച ഉപഗ്രഹങ്ങളുടെ എണ്ണം 113 ആണ്. ഇതിൽ ഇന്ത്യൻ ഉപഗ്രഹങ്ങളും വാണിജ്യാടിസ്ഥാനത്തിൽ നാം വിക്ഷേപിച്ച വിദേശീയ ഉപഗ്രഹങ്ങളും ഉൾപ്പെടും. 1999 മുതൽ പല വലിപ്പത്തിലും തരത്തിലും പെട്ട 74 വിദേശീയ ഉപഗ്രഹങ്ങളെ വാണിജ്യാടിസ്ഥാനത്തിൽ നിർദ്ദിഷ്ട ഭ്രമണപഥങ്ങളിൽ കൃത്യമായി എത്തിച്ച PSLV ഇന്ന് അന്താരാഷ്ട്ര ബഹിരാകാശ വിക്ഷേപണ വിപണിയിൽ ഏറെ ശ്രദ്ധിക്കപ്പെടുന്ന ഒരു വാഹനമാണ്. ഈ 'താരപദവിക്ക്' മാറ്റു കൂട്ടുന്നതായിരുന്നു ഇക്കഴിഞ്ഞ ജൂൺ 22-ാം തീയതി നടന്ന PSLV ഇ34 വിക്ഷേപണം. നമ്മുടേതുൾപ്പെടെ 20 ഉപഗ്രഹങ്ങളെയാണ് ഈയൊരൊറ്റ വിക്ഷേപണത്തിലൂടെ നാം ലക്ഷ്യത്തിലെത്തിച്ചത്. ഇക്കാര്യത്തിൽ PSLV യുടെ മുൻകാല റെക്കോർഡ് 2008ൽ 10 ഉപഗ്രഹങ്ങളുമായി നിർവഹിച്ച C9 ദൗത്യമായിരുന്നു.

PSLVC34 ദൗത്യത്തിൽ ഉപഗ്രഹങ്ങളെ ഭദ്രമായി വഹിക്കാനും ഭ്രമണപഥത്തിൽ വേർപ്പെടുത്താനു

മുള്ള പുതിയ സംവിധാനങ്ങൾ തൃപ്തികരമായ പരീക്ഷണങ്ങൾക്കും വിലയിരുത്തലുകൾക്കും ശേഷം യഥാസമയം സജ്ജമാക്കാൻ സാധിച്ചത് ഈ മേഖലയിൽ നമുക്കുള്ള വൈദഗ്ധ്യത്തെ എടുത്തു കാട്ടുന്നു. ഇത്രയധികം ഉപഗ്രഹങ്ങളെ ഒരുമിച്ച് ബഹിരാകാശത്തു സ്വതന്ത്രമാക്കുമ്പോൾ അവ തമ്മിൽ സുരക്ഷിതമായ അകലം പാലിക്കത്തക്കവിധം ക്രമവും ദിശകളും മുൻകൂട്ടി നിശ്ചയിക്കുന്നതടക്കമുള്ള വെല്ലുവിളികളെയെല്ലാം സമർത്ഥമായി നേരിട്ടു കൊണ്ടായിരുന്നു നാം ഇ34 ദൗത്യം നിർവഹിച്ചത്.

ISROയുടെ 'കാർട്ടോസാറ്റ്; (728 കിലോഗ്രാം), ചെന്നൈ സത്യഭാമ യൂണിവേഴ്സിറ്റിയിലെ വിദ്യാർത്ഥികൾ തയ്യാറാക്കിയ 'സത്യഭാമസാറ്റ്; (1.6 കിലോഗ്രാം) പൂനെ എഞ്ചിനീയറിംഗ് കോളേജ് വിദ്യാർത്ഥികൾ നിർമ്മിച്ച 'സ്വയം' (1 കിലോഗ്രാം) എന്നിവയാണ് ഈ ദൗത്യത്തിലുൾപ്പെട്ട ഇന്ത്യൻ ഉപഗ്രഹങ്ങൾ. മറ്റ് പതിനേഴ് ഉപഗ്രഹങ്ങൾ അമേരിക്ക,കാനഡ,ഇന്തോനേഷ്യ, ജർമ്മനി എന്നീ രാജ്യങ്ങളിൽ നിന്നുള്ളവയായിരുന്നു.ഭൂമിയിൽ നിന്ന് 510 കിലോമീറ്റർ ഉയരത്തിലുള്ള ധ്രുവിയ ഭ്രമണ പഥത്തിലാണ് ഇവ സഞ്ചരിക്കുന്നത്.

ഈ ദൗത്യത്തിൽ മേൽപ്പറഞ്ഞ ഉപഗ്രഹങ്ങളെ വേർപ്പെടുത്തിയിട്ട് ഏതാണ്ട് 3000 സെക്കന്റുകൾക്ക് ശേഷം അതിപ്രധാനമായ ഒരു പരീക്ഷണം കൂടി നാം നടത്തുകയുണ്ടായി. ഒറ്റ ദൗത്യത്തിൽത്തന്നെ വ്യത്യസ്ത ഉപഗ്രഹങ്ങളെ വ്യത്യസ്ത ഭ്രമണപഥങ്ങളിലെത്തിക്കാനുള്ള പിഎസ്എൽവിയുടെ ശേഷി പരീക്ഷിച്ചുറപ്പാക്കുക എന്നതായിരുന്നു ലക്ഷ്യം.

ഇതിലേക്കായി ഭ്രമണപഥത്തിൽ ജ്വലനമവസാനിപ്പിച്ച് ഒഴുകിനീങ്ങുന്ന നാലാംഘട്ടത്തെ ഉണർത്തി രണ്ടു തവണ പുനപ്രവർത്തിക്കേണ്ടിയിരുന്നു.പ്രേരണ സംവിധാനത്തിന്റെയും (Propulsion system)നിയന്ത്രണ സംവിധാനത്തിന്റെയും (Control system)ക്ഷമത ഇക്കാര്യത്തിൽ പ്രധാനമാണ്. നാലു സെക്കന്റു വീതം നീണ്ട രണ്ട്




പുന:പ്രവർത്തന പരീക്ഷണങ്ങളും പുർണ്ണ വിജയമായിരുന്നു.

ഈ പരീക്ഷണഫലങ്ങൾക്ക് പിഎസ്എൽവിയുടെ അടുത്ത ദൗത്യമായ സി 35ൽ നിർണ്ണായകമായ പങ്കുവഹിക്കാനുണ്ട്. പിഎസ്എൽവി–സി35 ദൗത്യത്തിൽ ഐഎസ്ആർഒയുടെ സ്കാറ്റ്സാറ്റ് എന്ന ഉപഗ്രഹത്തെ 720 കിലോമീറ്റർ ഉയരത്തിലുള്ള അതായത് 50കിലോമീറ്റർ താഴെയുള്ള ഒരു പഥത്തിൽ കൊണ്ടെത്തിക്കേണ്ടതുണ്ട്.

ഇങ്ങനെ വെല്ലുവിളികൾ നിറഞ്ഞ ആവേശകരമായ അനവധി ദൗത്യങ്ങൾ പിഎസ്എൽവിയ്ക്ക് വരും കൊല്ലങ്ങളിൽ നിർവഹിക്കാനുണ്ട്. ഉദാഹരണത്തിന് സൂര്യനെ സംബന്ധിച്ച നിരീക്ഷണങ്ങൾക്കായി ഐഎസ്ആർഒ തയ്യാറാക്കുന്ന ആദിത്യ എന്ന ശാസ്ത്രപഠന ഉപഗ്രഹത്തെ അതിന്റെ സവിശേഷ ഭ്രമണപഥത്തിലെത്തിക്കാനുള്ള ചുമതലയും പിഎസ്എൽവിക്കാണ്.

സാങ്കേതിക വൈദഗ്ധ്യവും ആത്മവിശ്വാസവും അതിലുപരി അർപ്പണബോധവും കൈമുതലായുള്ള ഐഎസ്ആർഒ സംഘം എകോപിതവും സമയബന്ധിതവുമായ അതിന്റെ പ്രയത്നശൈലിയിലൂടെ ഈ പിഎസ്എൽവി വിക്ഷേപണങ്ങളെല്ലാം കൃത്യമായും ഭംഗിയായും നിർവഹിക്കുക തന്നെ ചെയ്യും.

# മധുരസ്മരണകളുമായി പൊന്നോണ നാളുകൾ

**റോയ് ചാക്കോ, ഇളമണ്ണൂർ**

മഹത്തായ ഒരു കാർഷിക സംസ്കൃതിയുടെ ഉദാത്ത ബിംബമായ ഓണക്കാലം പഴമയെ പുണർന്നുകൊണ്ട് എത്തുകയായി. മാവേലിമന്നനെ എതിരേൽക്കാൻ കാത്തിരിക്കുന്ന മലയാളികളുടെ മനസ്സിൽ പൂവിളി ഉണരുകയായി. ഐശ്വര്യത്തിന്റെയും സാഹോദര്യത്തിന്റെയും ആർപ്പുവിളികളുമായി വന്നണയുകയായി പൊന്നോണം. ഈ മഹനീയാഘോഷം നഷ്ടവസന്തത്തിന്റെ സുഖമുള്ള ഓർമ്മ പ്രദാനം ചെയ്യുന്നു. ഐതീഹ്യത്തിലധിഷ്ഠിതമായ, സമത്വസുന്ദര നാളുകളുടെ, പ്രതീകാത്മകതയുടെ ഈ മഹോത്സവം കേരളീയരുടെ പൗരാണിക ജീവിത രീതികളെ അനുസ്മരിക്കുകയും ചെയ്യുന്നു. ആധുനികതയുടെ ആർഭാടങ്ങളിലും ഒളിമങ്ങാത്ത അനുഷ്ഠാനമായി മലയാളക്കരയിൽ ഇന്നും പരിലസിക്കുന്നു, ഉൽസവച്ഛായയുമായി എത്തുന്ന ഓണനാളുകൾ. പഴമയെ പുണരുന്ന ഓണക്കാലത്തിലൂടെ നാമൊന്ന് കണ്ണോടിച്ചാൽ നാട്ടുപഴമയുടെ ഹരിതഭംഗി നമ്മുടെ നയനങ്ങൾക്ക് ആസ്വദിക്കുവാൻ സാധിക്കും. പച്ചപിടിച്ച നെൽപ്പാടങ്ങൾ പൊന്നണിയുകയും നെൽമണി കതിരുകൾ കൊയ്യുവാനായി കർഷകർ കോപ്പുകൂട്ടുന്നതും ഓണക്കാലത്തിന്റെ ദൃശ്യഭംഗിക്ക് മിഴിവേകുന്നു.

സമത്വസുന്ദരമായ നാളുകളുടെ പ്രതീകമായ ഓണം മതേതരത്വവും മാനുഷിക ഐക്യവും ഊട്ടിഉറപ്പിക്കുന്ന, കേരളത്തിന്റെ ദേശീയ ഉത്സവമാണ്. നാടുനീളെ ആഘോഷ-വിൽപന മേളകളുടെ കുരവയുമായി എത്തുന്ന ഓണക്കാലം സമ്പൽസമൃദ്ധിയുടെ നല്ല നാളുകളുടെ മധുരസ്മരണകളെ താലോലിക്കുവാൻ മലയാളികളെ സഹായിക്കുന്നു. പഞ്ഞകർക്കിടകത്തിലെ ഇടമുറിയാത്ത കറുത്തിരുണ്ട മഴയായിരുന്നു പഴയകാലത്ത്. കാലം മാറിയതനുസരിച്ച് കാലാവസ്ഥയ്ക്കും വ്യതിയാനമുണ്ടായി. അന്നത്തെ മഴയിൽ നിന്നും മലയാളക്കരയ്ക്ക് മോചനം നൽകുന്ന ചിങ്ങമാസം ആരംഭിക്കുന്നത് കർഷക ദിനത്തോട് കൂടിയാണ്. തുടർന്ന് സമൃദ്ധിയുടേയും ആഘോഷങ്ങളുടേയും ഓണനാളുകൾ വരവായി. കർക്കിടകത്തിന്റെ കറുത്ത മൂടുപടം വലിച്ചെറിഞ്ഞ്, ഓണപ്പൂക്കളുടെ നിറവും സൗരഭ്യവുമേന്തിയെത്തുന്ന പ്രശാന്ത സുന്ദരമായ പൊന്നോണ നാളുകളിൽ പഴയകാലത്ത് നാട്ടിലെല്ലായിടത്തും ഉത്സവ ലഹരിയായിരുന്നു. സാമൂഹ്യ പരിഷ്കർത്താക്കളായ അയ്യങ്കാളി, ശ്രീനാരായണഗുരു എന്നിവരുടെ ജയന്തി ഓണ നാളുകളിൽ കടന്നുവരുന്നത് നമ്മുടെ ദേശീയ ഉത്സവത്തിന്റെ സാമൂഹിക പ്രസക്തിക്ക് മാറ്റു കൂട്ടുന്നുണ്ട്. ഓണക്കൊയ്ത്തിന് ശേഷം കർഷകരുടെ ഭവനങ്ങളിൽ പത്തായങ്ങൾ നെൽമണികളാൽ നിറഞ്ഞിരുന്ന ഒരു കാലമുണ്ടായിരുന്നു. ചേന, ചേമ്പ്, കാച്ചിൽ, കിഴങ്ങ്, ഏത്തക്കുല, മരിച്ചീനി എന്നിവയെല്ലാം പങ്കു വയ്ക്കുന്നതിന്റെ ഒരു കാലം കൂടിയായിരുന്നു പഴയ ഓണക്കാലം.

പുന്നെല്ലിന്റെ മണവുമായാണ് പണ്ടൊക്കെ ഓണം കടന്നുവന്നിരുന്നത്. ചിങ്ങമാസത്തിൽ ഗ്രാമങ്ങളിലെ കാറ്റിന് കറ്റയുടേയും കച്ചിയുടേയും ഗന്ധമുണ്ടായിരുന്നു. കളത്തിലിട്ട് കറ്റമെതിക്കുന്ന കാഴ്ച ചിങ്ങത്തിന്റെ മുന്നോടിയായിരുന്നു. പുരയിടങ്ങളിലും പാതകളിലും കച്ചി ചിക്കി ഉണക്കുന്ന കർഷകരുടെ കാഴ്ച ഗ്രാമങ്ങളിൽ അന്ന് പതിവായിരുന്നു. പഴമക്കാരിൽ ഗൃഹാതുരത്വം സൃഷ്ടിക്കുന്ന ഓണനാളുകളുടെ ആഗമനം ജാലകം തുറക്കുന്നത് അത്തരം നാട്ടുപഴമകളുടെ ഹരിതഭംഗിയിലേക്കാണ്. ആ കാർഷിക സ്മരണകളിലേക്കാണ്.

ഓണാവധിക്ക് ബന്ധുക്കളുടേയും സുഹൃത്തുക്കളുടേയും വീടുകളിൽ വിരുന്നു പോവുക പഴയകാല ശീലമായിരുന്നു. വീടുകളിൽ ആരോരുമില്ലാതെ ഏകരായി കഴിയുന്ന വൃദ്ധരായ മാതാപിതാക്കളുടെ, ദൂരെയുള്ള മക്കളും, കൊച്ചുമക്കളും ഇന്ന് എത്തും നാളെയെത്തും എന്നുള്ള മോഹന പ്രതീക്ഷകൾക്ക് സാഫല്യം ലഭിക്കുന്ന സുന്ദര സുദിനങ്ങളാണ് ഓണത്തപ്പനെ വരവേൽക്കുന്ന പൊന്നോണ നാളുകൾ. മൂല്യങ്ങളുടെ ഉത്സവമായ ഓണത്തിന്റെ ഒരനുഭവമാണ് ഒത്തുചേരൽ. പഴയ കാലത്തെ ഓണാഘോഷങ്ങളും തയ്യാറെടുപ്പുകളും ഉണർവും ഉത്സാഹവും പഴമക്കാർക്ക് മധുരസ്മരണകളായി മാറികഴിഞ്ഞുവെങ്കിലും ഉറ്റവരുടെ ഒത്തുകൂടൽ ഒരു വലിയ ഓണസമ്മാനമായിത്തന്നെ ഇക്കൂട്ടർ വീക്ഷിക്കുന്നു. ഓണാഘോഷത്തിന്റെ പൗരാണിക പ്രൗഢിയും പരമ്പരാഗത ആചാരാനുഷ്ഠാനങ്ങളും കാലത്തിന്റെ മാറ്റങ്ങൾക്കനുസരിച്ച് മാറികൊണ്ടിരിക്കുകയാണെങ്കിലും ദശകങ്ങൾ എത്ര കഴിഞ്ഞാലും ഓണാവധിക്കാലത്തെ ഒത്തുക്കൂടൽ അത്ര പെട്ടെന്ന് കുറഞ്ഞ് വരുമെന്ന് തോന്നുന്നില്ല.

പോയകാലത്തെ പൊന്നോണത്തിന് ധാരാളം പഴയ നാട്ടുകഥകൾ പറയുവാനുണ്ട്. പഴമക്കാർ ഓണക്കാലം ആഘോഷിച്ചിരുന്ന രീതികൾ ഇന്നത്തെ തലമുറയ്ക്ക് കേട്ടുകേൾവിയായി, സാംസ്കാരിക ചരിത്ര ഭാഗവുമായി. തമ്പ്രാന് അവലും പുതിയ ചിര



ട്ടത്തവിയുമായി ഓണത്തിന് എത്തുന്ന അടിയാന്മാരും ഭാവി പറയാൻ വീടുകൾ തോറും കയറിയിറങ്ങുന്ന കാക്കാത്തിയുമെല്ലാം മുത്തശ്ശിമാരുടെ അനുഭവകഥകളായി മാത്രം ഇളം തലമുറക്കാർ ആസ്വദിച്ചുവരുന്നു.

പൊയ്പോയ നല്ലകാലത്തിന്റെ സുവർണ്ണസ്മൃതികൾ തുയിലുണർത്തുന്ന ഓണമേളകളിൽ പേരുകേട്ട പല പ്രാദേശിക ആഘോഷങ്ങളുമുണ്ട്. വള്ളംകളികൾ, പുലികളി, അത്തച്ചമയം, തൃക്കാക്കര ഉത്സവം എന്നിങ്ങനെപോകുന്നു അവയൊക്കെ. അത്തം മുതൽ 10 ദിവസം മുറ്റത്ത് പൂക്കളമൊരുക്കുന്ന അന്നത്തെ സുന്ദര കാഴ്ചകൾ ഇന്ന് അപൂർവ്വമായി. കടുവാകളി, നാടൻ പന്തുകളി, മരമടിമത്സരം തുടങ്ങിയ നാടൻ കലാമേളകൾ ഓണാഘോഷത്തിന്റെ സാംസ്കാരിക സമ്പന്നതയ്ക്ക് മിഴിവേകുന്നു.

പട്ടിണി എന്തെന്ന് അറിയാത്ത ഇന്നത്തെ ബഹുഭൂരിപക്ഷം തലമുറയ്ക്കും ഓണത്തിലെ വിഭവസമൃദ്ധമായ സദ്യയിൽ വലിയ പ്രസക്തി കണ്ടെത്തുവാൻ സാധിക്കില്ലായിരിക്കാം. എന്നാൽ പഞ്ഞമാസമായ, പട്ടിണി മാസമായ കർക്കിടകത്തിൽ പണ്ട് പല പുരകളിലും അടുപ്പിൽ നിന്ന് തീ പുകയാറില്ലായിരുന്നു. അങ്ങനെയുള്ള പതിനായിരക്കണക്കിന് കേരളീയർക്ക് സമൃദ്ധമായ സദ്യ നൽകുന്ന ഓണം സന്തോഷത്തിന്റെയും സമൃദ്ധിയുടെയും ഒരു ഉത്സവം തന്നെയായിരുന്നു.

ഉടുതുണിക്ക് മറുതുണിയില്ലാതിരുന്ന കൂരകളിലെ കുട്ടികൾക്ക് ഓണത്തിന് പുതിയ പുടവ കിട്ടുമെന്ന് ആശ്വാസം അവരെ വളരെയേറെ സന്തോഷരാക്കിയിരുന്നു. ഓണത്തിന് ലഭിക്കുന്ന കൂലി അഡ്വാൻസും ബോണസും മറ്റും മക്കൾക്ക് പുതിയ വസ്ത്രങ്ങൾ വാങ്ങിക്കൊടുക്കുവാൻ കൂലിപ്പണിക്കാരായ സാധുക്കളെയും സഹായിച്ചിരുന്നു. കുബേരന്റെ വീട്ടിലെ കുട്ടി പുതിയ ഉടുപ്പും സദ്യയുമൊന്നുമല്ലായിരുന്നു ഓണക്കാലത്തിന്റെ പ്രത്യേകതയായി കണ്ടിരുന്നത്. സ്കൂൾ പഠനത്തിൽ നിന്നും ട്യൂഷനിൽ നിന്നുമെല്ലാം പൂർണ്ണമായ ഒരു മോചനം. ഒരാഴ്ചത്തെ കളി, അയലത്തെ കുട്ടികളോടൊപ്പം. കൂടാതെ ബന്ധുവീടുകളിൽ നിന്നും സമപ്രായക്കാരെത്തും. എല്ലാവരും കൂടിച്ചേർന്ന് അവരുടെ അവധിക്കാലം ശരിക്കും ആസ്വദിച്ചിരുന്നു. ഉപ്പേരി കൊറിച്ചുകൊണ്ട് ഊഞ്ഞാലാടിയും പൂക്കൾ ശേഖരിച്ചും അത്തപ്പൂക്കളം ഒരുക്കിയും ഓണപ്പാട്ടുകൾ പാടി കളിച്ചും അവർ ഒരാഴ്ച ബഹുകേമമായും പൊടിപൊടിക്കുന്നു. ബന്ധനങ്ങളില്ലാത്ത, തല്ലും വഴക്കും ശിക്ഷയും ശാസനയുമില്ലാത്ത പത്തു ദിവസത്തെ വെക്കേഷൻ. ഓണപ്പരീക്ഷയെഴുതി ക്ഷീണിച്ച വിദ്യാർത്ഥികളുടെ ശരീരത്തിനും പഠനത്തിന്റെ പിരിമുറക്കത്തിലായിരുന്ന മനസ്സിനും കുളിർമയും പുതിയൊരു ഉന്മേഷവും നൽകി വീണ്ടും അവരെ സജ്ജരാക്കുന്നു, ഓണാവധി.

ഓണത്തിന് ഒരു ശത്രുവുണ്ട്. ഒരൊറ്റ ശത്രുവേയുള്ളൂ. മലയാളക്കരയുടെ പൊന്മകളായ മൺസൂൺ തന്നെയാണ് മലയാളികളുടെ ദേശീയ ഉത്സവമായ ഓണത്തിന്റെ പ്രധാന വൈരിയും. ഇടവത്തിൽ തുടങ്ങുന്ന മഴ ചിങ്ങത്തിൽ നിലച്ചില്ലെങ്കിൽ ഓണത്തിന്റെ ഉണർവും ഉത്സവലഹരിയും വെള്ളത്തിലായതു തന്നെ. പഴയകാലത്ത് പെയ്തിരുന്ന ഇടമുറിയാത്ത കനത്ത നീണ്ടനാളത്തെ മഴയിൽ പൊറുതിമുട്ടിക്കഴിഞ്ഞിരുന്ന മലയാളികൾ 'ഓണക്കാലത്തെ' പത്ത് ഉണക്കിനുവേണ്ടി പ്രത്യാശയോടെയാണ് കാത്തിരിക്കുന്നത്. അത്തം മുതൽ പത്തു ദിവസമെങ്കിലും മഴയില്ലാതെ നല്ല വെയിൽ ലഭിച്ചില്ലെങ്കിൽ മുറ്റത്തെ പൂക്കളം മാത്രമല്ല എല്ലാ ഓണക്കളികളും മേളങ്ങളും ക്ലബ്ബുകളുടെ യോഗങ്ങളും ചെളിവെള്ളത്തിൽ കലങ്ങിയതുതന്നെ. ചിങ്ങമാസത്തിൽ മുളച്ചുവരുന്ന ഗ്രാമീണ സാംസ്കാരിക സംഘടനകളുടെ കലാപരിപാടികളും കായിക വിനോദ മത്സരങ്ങൾ മാത്രമല്ല തലസ്ഥാന നഗരിയിൽ നടക്കുന്ന ജനപ്പകിട്ടാർന്ന വമ്പിച്ച സാംസ്കാരിക ഘോഷയാത്രയും മഴവെള്ളത്തിൽ കുതിർന്നതു തന്നെ.

ഇന്നത്തെ തലമുറ പഴയ ഓണാഘോഷങ്ങളും അന്തരീക്ഷവും പഴമക്കാരുടെ അനുഭവകഥകളിലൂടെ അറിയുന്നു. കാരണം ഓണാഘോഷത്തിനും ഒരുക്കത്തിനുമൊക്കെ വലിയ മാറ്റങ്ങൾ വന്നിരിക്കുന്നു. അതിന് സാമൂഹ്യപരമായ കാരണങ്ങളുമുണ്ട്. വീട്ടുസാധനങ്ങളുടേയും കരകൗശല സാധനങ്ങളുടെയും ഐ ആർ ഡി പി മേളകളുടേയും കേളിരംഗമായിത്തീരുന്ന വിശിഷ്ട ഓണചന്തകളും ആഘോഷലഹരിയിൽ ഷോപ്പിംഗ് നടത്തുന്ന ജനങ്ങളും, മാറി നിൽക്കുന്ന മൺസൂൺ മഴയും ഈ സംസ്ഥാന ഉത്സവത്തിന് മാറ്റുകൂട്ടുന്നു.

സാങ്കൽപ്പികമെങ്കിലും, സമത്വസുന്ദരമായൊരു ലോകത്തിൽ മാനവരെല്ലാം ഒന്നുപോലെ ജീവിച്ചിരുന്ന, അവരെ നല്ല രീതിയിൽ ഭരിച്ചിരുന്ന, മാവേലിയുടെ കഥ പറഞ്ഞുതരുന്ന ഓണം മലയാളികളെല്ലാം ഒത്തൊരുമയോടെ ആഘോഷിക്കുമ്പോൾ തീർച്ചയായും അതിന്റെ പ്രഭാവം വർദ്ധിക്കുകയാണ് ചെയ്യുന്നത്. മതേതരത്വവും മാനുഷിക ഐക്യവും ഐശ്വര്യവും അഭിവൃദ്ധിയും സമാധാനവുമുള്ള ഒരു ജീവിതത്തിന്റെ പ്രതികാത്മകതയാണ് ഓണം നമുക്ക് സമ്മാനിക്കുന്നത്. തർക്കവും യുദ്ധവും പിരിമുറുക്കവും പ്രശ്നങ്ങളുമില്ലാത്ത, കള്ളവും ചതിയുമില്ലാത്ത, ദാരിദ്ര്യ രഹിതമായ ജീവിതം പടുത്തുയർത്താൻ ഓണാഘോഷങ്ങളുടെ ആന്തരികാർത്ഥം മാനവരാശിയെ ഉദ്ബോധിപ്പിക്കുന്നു.





# മാണിക്കൽ ഗ്രാമപഞ്ചായത്ത്
## സമ്പൂർണ്ണ ഒ.ഡി.എഫ് പ്രഖ്യാപനം

സമ്പൂർണ്ണ മാലിന്യമുക്ത പ്രദേശം എന്ന ലക്ഷ്യത്തിന് വേണ്ടി കഴിഞ്ഞ വർഷങ്ങളിൽ നൂതനമായ നിരവധി പദ്ധതികളാവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനമാണ് തിരുവനന്തപുരം ജില്ലയിലെ മാണിക്കൽ ഗ്രാമപഞ്ചായത്ത്. വീടുകളിൽ സുരക്ഷിതമായ കക്കൂസുകളില്ലാത്തത് കൊണ്ട് മാത്രം നടക്കുന്ന തുറസ്സായ സ്ഥലങ്ങളിലെ മലമൂത്ര വിസർജ്ജനം ഒഴിവാക്കുന്നതിന് വേണ്ടി സ്വച്ഛ് ഭാരത് മിഷൻ ആവിഷ്കരിച്ച ഓപ്പൺ ഡെഫിക്കേഷൻ ഫ്രീ പദ്ധതിയുടെ ഭാഗമായി 327 കക്കൂസുകളാണ് മാണിക്കൽ ഗ്രാമപഞ്ചായത്ത് നിർമ്മിച്ചു നൽകിയത്.

തിരുവനന്തപുരം ജില്ലയിൽ ജലനിധി പദ്ധതി ആദ്യമായി നടപ്പിലാക്കിയ ഗ്രാമപഞ്ചായത്താണ് മാണിക്കൽ ഗ്രാമപഞ്ചായത്ത്. ഒ.ഡി.എഫിന്റെ ഭാഗമായി ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള സർവേ നടത്തിയത് ജലനിധി ഉദ്യോഗസ്ഥരും ജനപ്രതിനിധികളും ചേർന്നാണ്. രണ്ടുഘട്ടങ്ങളായി നടത്തിയ സർവേയിൽ നിന്നാണ് 327 ഗുണഭോക്താക്കളെ കണ്ടെത്തിയത്. പഞ്ചായത്ത് ഉദ്യോഗസ്ഥരും വി.ഇ.ഒ മാരും ഇതിന് വേണ്ട സഹായങ്ങൾ നൽകി.

ഒരു ഗുണഭോക്താവിന് 15400 രൂപ വച്ച് ആകെ 50,35,400 രൂപ ജലനിധി അനുവദിച്ചു. ഗുണഭോക്താക്കളുമായി നിരന്തരം ബന്ധപ്പെട്ട്, കക്കൂസ് നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കാൻ അവരെ പ്രേരിപ്പിച്ചു. ഉദ്ഘാടനച്ചടങ്ങുകളുടെ ചെലവ് ഭൂരിഭാഗവും യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യയുടെ പിരപ്പൻകോട് ശാഖയാണ് വഹിച്ചത്. 2016 ആഗസ്റ്റ് 11 ന് നെടുമങ്ങാട് എം.എൽ.എ സി.ദിവാകരന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ വച്ച് തദ്ദേശസ്വയംഭരണ വകുപ്പു മന്ത്രി കെ.ടി. ജലീൽ മാണിക്കൽ ഗ്രാമപഞ്ചായത്തിനെ സമ്പൂർണ്ണ ഒ.ഡി.എഫ് പഞ്ചായത്തായി പ്രഖ്യാപിച്ചു. വാമനപുരം എം.എൽ.എ ഡി.കെ. മുരളി, മാണിക്കൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എസ്. സുജാത, ജില്ലാപഞ്ചായത്ത് പ്രസിഡന്റ് വി.കെ. മധു, കോലിയക്കോട് കൃഷ്ണൻ നായർ, ജില്ലാപഞ്ചായത്ത് അംഗം വൈ.വി. ശോഭകുമാർ, പഞ്ചായത്ത് വൈസ് പ്രസിഡന്റ് കെ. ജയൻ, മറ്റ് ജനപ്രതിനിധികൾ, സെക്രട്ടറി എം.പി. പ്രമോദ്, പഞ്ചായത്ത്, ജലനിധി ഉദ്യോഗസ്ഥർ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

ഒ.ഡി.എഫ് പ്രചാരണത്തിന്റെ ഭാഗമായി പഞ്ചായത്തിന്റെ ഘടകസ്ഥാപനങ്ങളിൽ ശുചിത്വ ഓഡിറ്റിംഗ് നടത്തുകയും റാങ്കുകൾ നിശ്ചയിക്കുകയുമുണ്ടായി. ഇതിൽ ഒന്നാം സ്ഥാനം നേടിയത് തലയൽ ഗവ. എൽ.പി. സ്കൂളാണ്. കൊപ്പം ഗവ. എൽ.പി. സ്കൂൾ, വെള്ളാണിക്കൽ ഗവ.ആയുർവേദാശുപത്രി എന്നിവ യഥാക്രമം രണ്ടും മൂന്നും സ്ഥാനങ്ങളിലെത്തി. ഇവർക്കുള്ള പുരസ്കാര വിതരണവും മന്ത്രി കെ.ടി. ജലീൽ ചടങ്ങിൽ വച്ച് നിർവഹിച്ചു.



# നോർവീജിയൻ സംഘം മാണിക്കൽ ഗ്രാമപഞ്ചായത്ത് സന്ദർശിച്ചു

നോർവേയിലെ നോർവീജിയൻ യൂണിവേഴ്സിറ്റി ഓഫ് സയൻസിലെ ഇന്റർനാഷണൽ എൻവയോൺമെന്റ് ആൻഡ് ഡെവലപ്പ്മെന്റ് സ്റ്റഡീസ് വിദ്യാർത്ഥികൾ മാണിക്കൽ ഗ്രാമപഞ്ചായത്ത് സന്ദർശിച്ചു. പ്രൊഫ. ഓർലി ജോസാവിക്ക്,ഡോ ഹാൻസ് നിക്കോളായ് ആദം എന്നിവരുടെ നേതൃത്വത്തിൽ ഇന്ത്യ സന്ദർശിക്കുന്ന വിദ്യാർത്ഥികളാണ് പഠനത്തിന്റെ ഭാഗമായി മാണിക്കൽ ഗ്രാമപഞ്ചായത്ത് സന്ദർശിച്ചത്.പഞ്ചായത്ത് പ്രസിഡന്റ് എസ്.സുജാത,വൈസ് പ്രസിഡന്റ് കെ ജയൻ, സെക്രട്ടറി എം.പി.പ്രമോദ് എന്നിവർ പഞ്ചായത്തിന്റെ വിവിധ പ്രവർത്തനങ്ങളെക്കുറിച്ച് വിശദീകരിച്ചു.അംഗങ്ങളായ സദാശിവൻ നായർ,ശാന്തകുമാരി, ലേഖകുമാരി,ഗോപകുമാർ,അനില, ദേവകി,പള്ളിക്കൽ നസീർ,വിജയകുമാർ,സഹീറത്ത് ബീവി,മഹീന്ദ്രൻ, ശോഭന,ഓമന,സുധർമ്മണി,എന്നിവർ പങ്കെടുത്തു.

# ഇ – ഗവേണൻസ് – അവലോകന യോഗം

കേരളത്തിലെ ഗ്രാമപഞ്ചായത്തുകളിലെ ഇ-ഗവേണൻസ് ജനോപകാരപ്രദവും കാര്യക്ഷമവുമാക്കി മാറ്റുന്നതിനായി ഇൻഫർമേഷൻ കേരള മിഷൻ വികസിപ്പിച്ച സൂചിക, സാംഖ്യ, സകർമ്മ, സഞ്ചയ, സങ്കേതം എന്നീ സോഫ്റ്റ് വെയറുകൾ കൂടുതൽ ഉപകാരപ്രദമായ രീതിയിൽ അപാകതകൾ പരിഹരിച്ച് പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു. ഇതിനായി പഞ്ചായത്ത് വകുപ്പിലെ സോഫ്റ്റ് വെയർ സപ്പോർട്ട് സെല്ലിന്റെയും , ഇൻഫർമേഷൻ കേരള മിഷന്റെയും ഒരു സംയുക്ത യോഗം 11/8/2016ന് പഞ്ചായത്ത് ഡയറക്ടറേറ്റിൽ ചേർന്നു. യോഗത്തിൽ പഞ്ചായത്ത് അഡീഷണൽ ഡയറക്ടർ ഈപ്പൻ ഫ്രാൻസിസ്, ജോയിന്റ് ഡയറക്ടർ സി.എൻ ബാബു, ജോയിന്റ് ഡയറക്ടറുടെ ചുമതല വഹിക്കുന്ന ഡി.സി.ആർ സാബുകുട്ടൻ നായർ, ഐ.കെ.എം എക്സിക്യൂട്ടിവ് ഡയറക്ട്ർ സി.പി.സുരേഷ്കുമാർ, ഗ്രൂപ്പ് ഡയറക്ടർ അജിത് കുമാർ, സോഫ്റ്റ് വെയർ ടീം ലീഡർ ബഷീർ ,പ്രോഗ്രാം മാനേജർമാർ, സോഫ്റ്റ് വെയർ സപ്പോർട്ട് ടീം അംഗങ്ങൾ എന്നിവരും പങ്കെടുത്തു.



2016 നവംബർ 1ന് പ്രധാന സോഫ്റ്റ് വെയറുകളായ സാംഖ്യ, സൂചിക, സഞ്ചയ, സകർമ്മ, സങ്കേതം എന്നിവ പഞ്ചായത്തുകളിൽ പൂർണ്ണമായ രീതിയിൽ വ്യന്യസിക്കുമെന്നും ഇവ സമന്വയിപ്പിച്ച് ഓൺലൈൻ സംവിധാനത്തിലേക്ക് മാറ്റുക എന്നതാണ് ലക്ഷ്യമെന്നും ഐ.കെ.എം എക്സിക്യൂട്ടിവ് ഡയറക്ടർ അറിയിച്ചു. ഇതിന്റെ ഭാഗമായി ഓരോ സോഫ്റ്റ് വെയറുകൾക്കും ഡൊമൈൻ സപ്പോർട്ട് ടീമുകൾ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചു. സപ്പോർട്ട് ടീമുകളും ഐ.കെ.എം പ്രോജക്ട് മാനേജർമാരും ചേർന്ന് ദ്വിദിന ശില്പശാലയും നടത്തുകയുണ്ടായി. ഇതിലൂടെ നിലവിലുള്ള സോഫ്റ്റ് വെയർ പ്രശ്നങ്ങൾ പരിഹരിച്ച് ഇ-ഗവേണൻസ് സുതാര്യവും ഉപഭോക്തൃ സൗഹൃദവുമാക്കി മാറ്റുക എന്നതാണ് ലക്ഷ്യമാക്കുന്നത്.

# വാർത്തകളും വിശേഷങ്ങളും

## തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളുടെ പ്രതിമാസ ഓണറേറിയം ഇരട്ടിയാക്കി വർദ്ധിപ്പിച്ചു

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളുടെ പ്രതിമാസ ഓണറേറിയം 1.7.2016 മുതൽ മുൻകാല പ്രാബല്യത്തോടെ ഇരട്ടിയാക്കി വർദ്ധിപ്പിച്ചു

(സർക്കാർ ഉത്തരവ് നമ്പർ –30/2016/തസ്വഭവ–തീയ്യതി 10.8.2016)

## പന്ത്രണ്ടാം പഞ്ചവൽസര പദ്ധതി മാർഗ്ഗരേഖയും സബ്സിഡി മാർഗ്ഗരേഖയും കൂടുതൽ ഉൾപ്പെടുത്തലുകൾ നടത്തി ഭേദഗതി ചെയ്ത ഉത്തരവ്

പന്ത്രണ്ടാം പഞ്ചവൽസര പദ്ധതിയിലെ മാർഗ്ഗരേഖയും സബ്സിഡി മാർഗ്ഗരേഖയും കൂടുതൽ ഉൾപ്പെടുത്തലുകൾ അംഗീകരിച്ച് ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിച്ചു. പുതിയ ഹൗസിംഗ് പ്രോജക്ടുകൾ ഏറ്റെടുക്കൽ സംബന്ധിച്ചാണ് പുതിയ ഉൾപ്പെടുത്തൽ. എസ്സി വിഭാഗത്തിലുള്ള വിദ്യാർത്ഥികൾക്കുള്ള ലാപ്ടോപ്പ് വിതരണം,സൈക്കിൾ വിതരണം,നെൽകൃഷി ചെലവ് ,ആനുകൂല്യങ്ങൾക്കുള്ള വരുമാന പരിധി  ഇവയിലാണ് ഭേദഗതി ഉൾപ്പെടുത്തിയിട്ടുള്ളത്

(സർക്കാർ ഉത്തരവ് നമ്പർ 2464/16 തസ്വഭവ തീയ്യതി 17/8/2016)

## ഭിന്നശേഷിക്കാരായ വ്യക്തികളുടെ വിവരങ്ങൾ ഉൾക്കാള്ളുന്ന രജിസ്റ്റർ സൂക്ഷിക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ അംഗീകരിച്ചുകൊണ്ടുള്ള ഉത്തരവ്

ഭിന്നശേഷിക്കാരായ എല്ലാ വ്യക്തികളുടെയും വിവരങ്ങൾ ഉൾക്കൊള്ളുന്ന ഒരു രജിസ്റ്റർ എല്ലാ ഗ്രാമപഞ്ചായത്തുകളിലും നിർബന്ധമായി സൂക്ഷിക്കണമെന്ന കേന്ദ്രപഞ്ചായത്തിരാജ് മന്ത്രാലയത്തിന്റെ നിർദ്ദേശമനുസരിച്ച് ഇതു സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ചുകൊണ്ടുള്ള ഉത്തരവ് പുറത്തിറങ്ങി

(സർക്കാർ ഉത്തരവ് (സാധാ)നം–2465/16 തസ്വഭവ തീയ്യതി 17/8/2016)

## ജില്ലാ ആസൂത്രണ കമ്മിറ്റി അംഗങ്ങളുടെ എണ്ണവും സംവരണ സ്ഥാനങ്ങളും നിശ്ചയിച്ച് കൊണ്ടുള്ള ഉത്തരവ്

ജില്ലാ ആസൂത്രണ കമ്മിറ്റിയിലെ ജില്ലാ പഞ്ചായത്ത് അംഗങ്ങളുടെയും മുനിസിപ്പൽ കൗൺസിലർമാരുടെയും എണ്ണവും സംവരണസ്ഥാനങ്ങളുടെ എണ്ണവും പുതുക്കി നിശ്ചയിച്ച് ഉത്തരവായി

(സർക്കാർ ഉത്തരവ് നമ്പർ (സാധാ) –2444/16 തസ്വഭവ തിരുവനന്തപുരം തീയ്യതി 12/8/2016)

## സിനിമാ തിയേറ്ററുകളിൽ ഇ – ടിക്കറ്റിംഗ് സമ്പ്രദായം നടപ്പിലാക്കുന്നത് 30.11.2016 വരെ നീട്ടിവച്ചു

കേരളത്തിലെ സിനിമാ തിയറ്ററുകളിൽ കാര്യക്ഷമവും കുറ്റമറ്റതുമായ രീതിയിൽ ടിക്കറ്റ് വിതരണത്തിന് വേണ്ടി പുതിയ ഇലക്ട്രോണിക്സ് ഉപകരണങ്ങൾ സ്ഥാപിച്ച് ഇ–ടിക്കറ്റിംഗ് സമ്പ്രദായം ഏർപ്പെടുത്താനുള്ള തീരുമാനം നടപ്പിലാക്കുന്നത് 30.11.2016 വരെ നീട്ടിവച്ചു


(സർക്കാർ ഉത്തരവ് നമ്പർ (ആർടി)2524/2016എൽഎസ്ജിഡി തീയ്യതി 26/8/2016

## പഞ്ചായത്ത് രാജ് മാസികയിൽ പ്രസിദ്ധീകരിക്കാനുള്ള സൃഷ്ടികൾ അയക്കുന്നത് സംബന്ധിച്ച്

ഗ്രാമപഞ്ചായത്തിലെ ശ്രദ്ധേയമായ പ്രവർത്തനങ്ങളും പദ്ധതികളും സംബന്ധിച്ച വിവരവും ചിത്രങ്ങളും Prmdp2015@gmail.com എന്ന ഇ–മെയിൽ വിലാസത്തിൽ അയച്ച് തന്നാൽ ആയത് പരിശോധിച്ച് പ്രസിദ്ധീകരിക്കുന്നതാണ്.

**തദ്ദേശസ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ, ഗസറ്റ് വിജ്ഞാപനങ്ങൾ എന്നിവയുടെ പൂർണ്ണ രൂപം www.lsgkerala.gov.in വെബ്സൈറ്റിൽ ലഭ്യമാണ്.**

Edited and Published by V. Ratheesan IAS, Director of Panchayats, Govt. of Kerala, Thiruvananthapuram - 695 033
and Printed for GLM at Orange Printers Pvt. Ltd., Thiruvananthapuram





# പഞ്ചായത്ത്‌രാജ്

## പരസ്യ നിരക്ക്

| | തുക രൂപയിൽ |
|---|---|
| കവർ (അവസാനപുറം) കളർ | 12000/ |
| കവർ (ഉൾവശം) കളർ | 10000/ |
| കവർ (ഉൾവശം) ബ്ലാക്ക് & വൈറ്റ് | 8000/ |
| മറ്റു പേജുകൾ (കളർ) | 8000/ |
| മറ്റു പേജുകൾ (ബ്ലാക്ക് & വൈറ്റ്) | 6000/ |
| അര പേജ് (കളർ) | 5000/ |
| അര പേജ് (ബ്ലാക്ക് & വൈറ്റ്) | 3000/ |

**PANCHAYATRAJ** (Monthly) **September 2016**
Annual Subscription ₹120/-, Published on 20th **September 2016**
Posted at Trivandrum RMS on 25th & 26th of every month

RNI. No.: 7959/64
Postal Reg. No. KL/TV(N) 391/**2015-17**
Licensed to Post without Prepayment No. KL/TV(N) WPP-85/**2015-17**




Printed & Published by V. Ratheesan IAS, Director, Dept. of Panchayats on behalf of Govt. of Kerala and
Printed at Orange Printers Pvt. Ltd (for GLM), Pulimood, Thiruvananthapuram, Kerala - 695 001 and Published at Directorate of Panchayats,
Museum P.O., Thiruvananthapuram - 695 033, Kerala. Editor: C.A. Latha IAS